**JEEVA MOZHIKAL** RNI/KERBIL/-2003/21404
November 2010 www.jeevamozhikal.org

Regn No: KL/KTM/608/2009-11
WPP No: KL/CR/KTM/WPP-42/2009-11
Licensed to post without Prepayment

## കഷ്ടതയിലും പാടുവാൻ...

**ബ്രിട്ട**ന്റെ വക ഒരു യാത്രാക്കപ്പൽ-സ്റ്റെല്ല-അർദ്ധരാത്രിയിൽ കടലിലെ ഒരു പാറക്കെട്ടിൽ ഇടിച്ചു തകർന്നു. കിട്ടിയ ലൈഫ് ബോട്ടുകളിൽ കയറി രക്ഷപ്പെടാൻ യാത്രക്കാർ തത്രപ്പെട്ടു.

ഇതിനിടെ ഒരു ലൈഫ്ബോട്ടിൽ കയറിപ്പറ്റിയതു 12 സ്ത്രീകൾ മാത്രമായിരുന്നു. രാത്രി. തിരമാലകളിൽ ചാഞ്ചാടി ലൈഫ്ബോട്ട് നടുക്കടലിൽ അങ്ങോട്ടുമിങ്ങോട്ടും ഒഴുകി നീങ്ങിയപ്പോൾ ഭയപ്പെട്ട സ്ത്രീകൾ നിലവിളിക്കാൻ തുടങ്ങി. രക്ഷപ്പെടാൻ എങ്ങനെ കഴിയും?

എന്നാൽ ബോട്ടിൽ മാർഗരറ്റ് വില്യംസ് എന്നൊരു ദൈവഭക്തയുണ്ടായിരുന്നു. യുവതിയായ അവൾ അവരെ ധൈര്യപ്പെടുത്തി: "കരഞ്ഞതുകൊണ്ട് എന്താ പ്രയോജനം? എന്നാൽപിന്നെ നമുക്കു പാട്ടുപാടി ദൈവത്തോട് അപേക്ഷിക്കാം. ദൈവം നമ്മെ വിടുവിക്കും" മിസ് വില്യംസ് തന്നെ പാട്ട് ആരംഭിച്ചു. 69-ാം സങ്കീർത്തനത്തിലെ പ്രാരംഭവാക്യങ്ങളെ ആസ്പദമാക്കിയുള്ള പാട്ട്. സ്ത്രീകൾ എല്ലാവരും ചേർന്ന് ഉച്ചത്തിൽ അത് ആവർത്തിച്ചു പാടിക്കൊണ്ടിരുന്നു.

ഇതിനകം മുങ്ങുന്ന സ്റ്റെല്ല കപ്പലിൽനിന്നു ലഭിച്ച എസ്. ഒ.എസ്. സന്ദേശം അനുസരിച്ച് രക്ഷാബോട്ട് ആളുകളെ രക്ഷിക്കാനായി കരയിൽ നിന്ന് കടലിലേക്ക് വന്നു. എന്നാൽ ഇരുട്ടും കനത്ത മൂടൽമഞ്ഞും മൂലം രക്ഷാപ്രവർത്തകർക്ക് ഒന്നും കാണാൻ കഴിഞ്ഞില്ല. നിരാശരായി അവർ കടലിൽ നിന്നു മടങ്ങിപ്പോകാൻ തുടങ്ങി. അപ്പോഴാണ് ഉച്ചത്തിലുള്ള പാട്ടു കേട്ടത്. ആ ദിശയിലേക്ക് രക്ഷാബോട്ട് ഓടിച്ചുചെന്നപ്പോൾ ആ ലൈഫ്ബോട്ട് കണ്ടെത്തി. പന്ത്രണ്ടു സ്ത്രീകളെയും രക്ഷിച്ചു. "നിങ്ങളുടെ പാട്ടാണു നിങ്ങളെ രക്ഷിച്ചത്": രക്ഷാപ്രവർത്തകർ പറഞ്ഞു.

"അതെ, ഞങ്ങളുടെ പ്രത്യാശയുടെ പ്രാർത്ഥനാഗാനം ശ്രവിച്ച് ദൈവം ഞങ്ങളെ രക്ഷിച്ചു."മാർഗരറ്റ് വില്യംസിന്റെ മറുപടി അങ്ങനെയായിരുന്നു.

'കഷ്ടതയിലും പാടുവാൻ' നമുക്കു കഴിയുമോ?

"രാത്രിയിൽ ഞാൻ എന്റെ സംഗീതം ഓർക്കുന്നു" (സങ്കീർ. 77:6)

ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു; കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു. അതുകൊണ്ട് ഭൂമി മാറിപ്പോയാലും, പർവ്വതങ്ങൾ കുലുങ്ങി സമുദ്രമദ്ധ്യേ വീണാലും....നാം ഭയപ്പെടുകയില്ല (സങ്കീ. 46:1-3)

Printed , Published and owned by T. IPe Published from Jeevamozhikal, Near Thuthooty Jn., Kumaranallor P.O, Kottayam and Printed at Alois Graphics, Kottayam. Editor-Geoji. T. Samuel.

മൗലികസത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 8 – ലക്കം 11 നവംബർ 2010 Rs. 7.00



വിശ്വസിക്കുക മാത്രം മതിയോ? – ഡേവിഡ് വിൽക്കേഴ്സൺ
കീഴടങ്ങലിലൂടെ വിജയം – സ്റ്റാൻലി ജോൺസ്
ബൈബിളിലൂടെ – സാക്പുന്നൻ

# എഡിറ്റോറിയൽ

# കേവലവിശ്വാസത്തിനപ്പുറം



"ഇന്നു നാം വിശുദ്ധന്മാരെ വാർത്തെടുക്കുന്നില്ല എന്നതാണു സത്യം. ആദിമനൂറ്റാണ്ടിലെ വിശുദ്ധന്മാരോടു വിദൂരസാദൃശ്യം പോലും ഇല്ലാത്ത കേവല വിശ്വാസികളെയാണു നാം ഇന്നു സൃഷ്ടിക്കുന്നത്. നമ്മുടെ കാലഘട്ടത്തിലെ ശരാശരിക്കാരായ ബൈബിൾ ക്രിസ്ത്യാനികൾ, യഥാർത്ഥ വിശുദ്ധന്മാരുടെ പരിഹാസ്യമായ അനുകരണം മാത്രമാണ്... വാസ്തവത്തിൽ നാം മെച്ചപ്പെട്ട ക്രിസ്ത്യാനികളെ വാർത്തെടുക്കേണ്ടിയിരിക്കുന്നു. പുതിയനിയമ വിശുദ്ധന്മാരുടെ നിലവാരത്തിലെത്തണമെന്നു നാം നമ്മുടെ 'കേവല മാനസാന്തര'ക്കാരോടു നിർബന്ധം പിടിക്കേണ്ടിയിരിക്കുന്നു. അതിലൊട്ടും കുറയരുത്. ഹൃദയനിർമ്മലത, എരിയുന്ന സ്നേഹം, ലോകത്തിൽ നിന്നുള്ള വേർപാട്, ക്രിസ്തുവിനോടുള്ള കലർപ്പില്ലാത്ത ഭക്തി എന്നിവയിലേക്ക് അവരെ നടത്തണം. ഇങ്ങനെ മാത്രമേ തിരുവചനത്തിന്റെയും നിത്യതയുടെ മൂല്യങ്ങളുടെയും അടിസ്ഥാനത്തിൽ അത് എവിടെയായിരിക്കണമോ അവിടേക്ക് ഇന്നത്തെ താണനിലവാരത്തിലുള്ള ആത്മീയതയെ നമക്കു കൈപിടിച്ച് ഉയർത്താൻ കഴിയൂ":

'നമുക്കുമെച്ചപ്പെട്ട ക്രിസ്ത്യാനികൾ ഉണ്ടാകേണ്ടിയിരിക്കുന്നു' എന്ന എ.ഡബ്ല്യു. ടോസറുടെ ലേഖനം ഇങ്ങനെയാണ് അവസാനിക്കുന്നത്.

ആദിമനൂറ്റാണ്ടിലെ 'വിശുദ്ധ'ന്മാരും ഇന്നത്തെ 'വിശ്വാസി'കളും തമ്മിലുള്ള വ്യത്യാസം എവിടെയാണ്? ഇതിലേക്ക് വെളിച്ചം വീശുന്ന ഒരു വചനം നാം പ്രവൃത്തികളുടെ പുസ്തകത്തിൽ കാണുന്നു:'ആദ്യം അന്ത്യോക്യയിൽ വെച്ചു ശിഷ്യന്മാർക്കു ക്രിസ്ത്യാനികൾ എന്നു പേർ ഉണ്ടായി' (11:26). അർത്ഥം വ്യക്തം: ആദിമനൂറ്റാണ്ടിൽ ക്രിസ്ത്യാനികളൊക്കെയും 'ശിഷ്യന്മാർ' ആയിരുന്നു. ഇന്നോ? ഇന്നവരിൽ ഭൂരിപക്ഷവും 'വിശ്വാസികൾ' മാത്രമാണ്. ഇന്നത്തെ ശരാശരിക്കാരായ ബൈബിൾ ക്രിസ്ത്യാനികളെ ശിഷ്യത്വത്തിലേക്കു നയിച്ചാൽ മാത്രമേ താണനിലവാരത്തിലുള്ള ആത്മീയതയെ കൈപിടിച്ച് ഉയർത്താൻ കഴിയൂ എന്നതാണു സത്യം.

'സകലജാതികളെയും ശിഷ്യരാക്കിക്കൊള്ളണം' എന്ന അന്ത്യകല്പന നൽകിയ യേശു തന്റെ പരസ്യശുശ്രൂഷയുടെ വിവിധ സന്ദർഭങ്ങളിൽ ശിഷ്യത്വജീവിതത്തിന്റെ ആവശ്യകതയിലേക്കു വിരൽ ചൂണ്ടിയിട്ടുണ്ട്. ലൂക്കോസിന്റെ സുവിശേഷം 14 ന്റെ 25 മുതൽ 35 വരെയുള്ള വാക്യങ്ങളിൽ ശിഷ്യത്വത്തിന്റെ പടവുകൾ യേശു വ്യക്തതയോടെ ചിത്രീകരിക്കുന്നതു നമുക്കു കാണാൻ കഴിയും. അവിടെ മൂന്നു പടികളെങ്കിലും തെളിമയോടെ വരച്ചു കാട്ടിയിട്ടുണ്ട്.

അതിൽ ഒന്നാമത്തേതു സ്വാഭാവികബന്ധങ്ങളോടുള്ള വേർപിരിയലാണ്. 'എന്റെ അടുക്കൽ വരികയും അപ്പനേയും അമ്മയേയും ഭാര്യയേയും മക്കളേയും ....പകയ്ക്കാതിരിക്കുന്നവന് എന്റെ ശിഷ്യനായിരിക്കാൻ കഴിയുകയില്ല' എന്ന് യേശു പറയുമ്പോൾ അത് ദൈവത്തെ പൂർണ്ണഹൃദയത്തോടും ആത്മാവോടും മനസ്സോടും സ്നേഹിക്കന്നതിനു തടസ്സമായ, മാനുഷികമായ പറ്റുമാനങ്ങളോടുള്ള വിടപറയലാണ്. സ്വന്തജീവിതത്തിൽ പ്രാവർത്തികമാക്കാത്ത ഒന്നും യേശു ഉപദേശിച്ചിട്ടില്ല. തന്റെ അമ്മയോടും സഹോദരങ്ങളോടുമുള്ള ബന്ധത്തിൽ യേശു ഈ നിലയിൽ കർശനമായ നിലപാടെടുത്ത ഒട്ടേറെ സന്ദർഭങ്ങൾ നമുക്ക് ഓർക്കുവാനുണ്ട്. (മർക്കോ. 3:31–35; യോഹ.2:4; 7:3–10). എന്നാൽ മാനുഷികബന്ധങ്ങളോട് ഈ നിലയിലുള്ള വേർപിരിയൽ മാനുഷികമായ കടമകൾ നിർവ്വഹിക്കുന്നതിൽനിന്ന് ശിഷ്യനെ തടയുന്നില്ല. (യേശുവും ആ നിലയിൽ തന്റെ കടമകൾ സ്നേഹപൂർവ്വം നിറവേറ്റിയല്ലോ–യോഹ. 19:26,27). മാത്രമല്ല ഇപ്പോഴാണു സ്വാർത്ഥതയുടെ സ്പർശമില്ലാതെ അവന് തന്റെ പ്രിയപ്പെട്ടവരെ സ്നേഹിക്കുവാൻ കഴിയുന്നത് എന്നതാണു വാസ്തവം.

ശിതൃത്വത്തിന്റെ അടുത്ത പടി, തന്റെ കൈവശം ഉള്ള കാര്യങ്ങളോടുള്ള ഹൃദയപരമായ അടുപ്പത്തിൽ നിന്നുള്ള വേർപിരിയലാണ്; 'ആരെങ്കിലും തനിക്കുള്ളത് ഒക്കെയും വിട്ടുപിരിയുന്നില്ല എങ്കിൽ അവന് തന്റെ ശിഷ്യനായിരിക്കാൻ കഴികയില്ല' (ലൂക്കോ. 14:33). നമ്മുടെ കൈവശം ഉള്ളവ, നമുക്കു ലഭിച്ച അനുഗ്രഹങ്ങൾ, അവ ദൈവം തന്നെ തന്നതാണ്. പക്ഷേ കുറച്ചു കഴിയുമ്പോൾ അവ നമുക്കു ദൈവത്തെക്കാൾ പ്രിയങ്കരമായി മാറിയിട്ടുണ്ടോ? വെറുതെയിരിക്കുമ്പോൾ നാം ഹൃദയം കൊണ്ട് അവയെ ആണോ താലോലിക്കുന്നത്? ഒരു ശിഷ്യൻ അതിനോടും വേർപിരിഞ്ഞേമതിയാകൂ. അബ്രഹാമിന് യിസ്ഹാക്കിനെ നൽകിയതു മറ്റാരുമല്ല. ദൈവം തന്നെയാണ്. പക്വെഷ പിന്നീട് 'നീ സ്നേഹിക്കുന്ന നിന്റെ ഏകജാതനായ മകനെ' ബലികഴിക്കാൻ 'വിശ്വാസികളുടെ പിതാവി'നോടു ദൈവം ആവശ്യപ്പെട്ടെങ്കിൽ ശിഷ്യത്വത്തിന്റെ വഴിയിൽ ഇന്നത്തെ വിശ്വാസിയോടും അവിടുന്ന് അത് ആവശ്യപ്പെടുന്നെങ്കിൽ അതിലെന്തത്ഭുതം? ഇന്നു ലോകത്തിലായിരിക്കുമ്പോൾ നാം വാങ്ങുകയും വിൽക്കുകയും പലതും കൈകാര്യം ചെയ്യുകയും വേണ്ടതുണ്ട്. പക്ഷേ അവയിൽ എല്ലാം ഇടപെടുമ്പോഴും ഒരു യഥാർത്ഥശിഷ്യന് അവയിൽ നിന്ന് ആന്തരികമായ ഒരു വേർപിരിയലുണ്ടാകും; ഉണ്ടാകണം (1 കൊരിന്ത്യ 7:29–31).

ശിഷ്യത്വത്തിന്റെ അടുത്ത വ്യവസ്ഥ 'സ്വന്തജീവനെ പകയ്ക്കുക' എന്നതാണ് (ലൂക്കോ. 14:26). സ്വന്തജീവൻ എന്നാൽ എന്താണ്? അത് നമ്മെക്കുറിച്ചു തന്നെ നമുക്കുള്ള മതിപ്പും അന്യരുടെ നമ്മോടുള്ള പെരുമാറ്റം സംബന്ധിച്ച നമ്മുടെ അവകാശവാദവും സ്വാർത്ഥഭരിതമായ നമ്മുടെ സ്വന്ത ഇഷ്ടവും എല്ലാം കൂടിക്കുഴഞ്ഞ സങ്കീർണ്ണമായ മാനസികാവസ്ഥയിൽ നിന്ന് രൂപപ്പെടുന്ന നമ്മുടെ സ്വാഭാവിക വ്യക്തിത്വമാണെന്നു പറയാം. ഊതിവീർപ്പിക്കപ്പെട്ട ഈ 'ഈഗോ'യെ പകയ്ക്കുന്നതാണു പലരെ സംബന്ധിച്ചും ശിഷ്യത്വവഴിയിലെ ഏറ്റവും പ്രയാസമുള്ള പടി. ഈ സ്വന്ത ജീവനെ എങ്ങനെ കൈകാര്യം ചെയ്യാൻ കഴിയും? അതിന്റെ തൊട്ടു താഴത്തെ വചനം ശ്രദ്ധിക്കുക: 'തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്റെ പിന്നാലെ വരാത്തവനും എന്റെ ശിഷ്യനായിരിപ്പാൻ കഴിയുകയില്ല" (14:27). ക്രൂശാണ് സ്വന്തജീവനെ കൈകാര്യം ചെയ്യുന്നത്. ആട്ടെ, ക്രൂശ് എന്നാൽ എന്താണ്? ക്രൂശ് നമുക്ക് വരുന്ന രോഗങ്ങളോ അത്യാഹിതങ്ങളോ അല്ല. അത് അങ്ങനെയാണെങ്കിൽ ക്രിസ്ത്യാനികളല്ലാത്തവർക്കും ക്രൂശ് ഉണ്ടെന്നു സമ്മതിക്കേണ്ടിവരും. അതുപോലെ 'ക്രൂശ്' എടുത്ത് അനുഗമിക്കണം' എന്നതു സൂചിപ്പിക്കുന്നത് അതു നാം ബോധപൂർവം ചെയ്യേണ്ട കാര്യമാണ് എന്നതാണ്. വേണ്ടെങ്കിൽ നമുക്കത് എടുക്കാതെയിരിക്കാം. അതുപോലെ 'തന്റെ ക്രൂശ്' എന്ന പ്രയോഗം ഓരോരുത്തരും അവരവരുടെ ക്രൂശാണ് എടുക്കേണ്ടതെന്നു സൂചിപ്പിക്കുന്നു. മാത്രമല്ല അതു ദിനംതോറും ചെയ്യേണ്ട കാര്യവുമാണ് (ലൂക്കോ. 9:23).



*ശേഷം പേജ് 27 ൽ*

സന്ദേശം

# വിശ്വസിക്കുക മാത്രം മതിയോ?

ഡേവിഡ് വിൽക്കേഴ്സൺ

അനുതാപത്തിന് അഥവാ മാനസാന്തരത്തിന് എന്താണു സംഭവിച്ചത്?

സത്യത്തിൽ ആ പദംതന്നെ ഇന്നു സഭകളിൽ കേൾക്കാനില്ല. തങ്ങളുടെ തെറ്റുകൾകൊണ്ട് ക്രിസ്തുവിനെ വേദനിപ്പിച്ചതിനെ ഓർത്തു കരയുവാൻ, അനുതപിക്കാൻ, ഇടയന്മാർ സഭാജനങ്ങളെ ആഹ്വാനം ചെയ്യുന്നതുപോലും ഇന്നു പഴങ്കഥയായി മാറിയിരിക്കുന്നു.

പകരം പ്രസംഗപീഠങ്ങളിൽ എന്താണു കേൾക്കുന്നത്? വിശ്വസിക്കുക മാത്രം ചെയ്യുക ക്രിസ്തുവിനെ സ്വീകരിക്കുക. എന്നാൽ നിങ്ങൾ രക്ഷിക്കപ്പെടും." ഉവ്വ്, ഈ സന്ദേശത്തിന് ആധാരമായി ഉദ്ധരിക്കുന്ന തിരുവെഴുത്ത് എപ്പോഴുംഅപ്പോ. പ്രവൃത്തി. 16:30-31 ആണ്.

ഈ ഭാഗം നമുക്കറിയാം. അപ്പോസ്തലനായ പൗലൊസ് കാരാഗൃഹത്തിൽ ആയിരിക്കുമ്പോൾ പെട്ടെന്നു ഭൂമി കുലുങ്ങി, കാരാഗൃഹത്തിന്റെ അടിസ്ഥാനങ്ങൾ ഇളകി. വാതിലുകൾ മലർക്കെ തുറന്നു. തടവുകാരെല്ലാം ഈ തക്കത്തിന് ഓടി രക്ഷപ്പെട്ടിരിക്കും എന്നു കാരാഗൃഹപ്രമാണി കരുതിപ്പോയി. അങ്ങനെ എങ്കിൽ താൻ വധശി



പ േ ക്ഷ

ക്ഷയ്ക്കു വിധിക്കപ്പെടുമെന്നത് ഉറപ്പാണ്. കൊടുംനൈരാശ്യത്തോടെ കാരാഗൃഹപ്രമാണി ആത്മഹത്യയ്ക്കായി വാളൂരി. അപ്പോൾ പൗലോസും ശീലാസും, ഒരാൾ പോലും തടവുചാടിയിട്ടില്ലെന്ന് ഉറപ്പിച്ചു പറഞ്ഞ് ഒരുവിധത്തിൽ അയാളെ ആത്മഹത്യയിൽ നിന്ന് പിന്തിരിപ്പിച്ചു.

ഉടനെ കാരാഗൃഹപ്രമാണി അപ്പോസ്തലന്മാരുടെ കാല്ക്കൽ വീണു കേഴുകയാണ് ‘യജമാനന്മാരേ രക്ഷ പ്രാപിപ്പാൻ എന്തു ചെയ്യണം? അവർ അപ്പോൾ നൽകിയ മറുപടിയാണിത് “കർത്താവായ” യേശുക്രിസ്തുവിൽ വിശ്വസിക്ക, എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും” (പ്രവൃ .16.30,31).

ഈ ഭാഗം വായിക്കുമ്പോൾ ഒരു കാര്യം ശ്രദ്ധിക്കണേ. കാരാഗൃഹപ്രമാണി ഒരു കയ്യിൽ വാളുമായി ആത്മഹത്യയ്ക്കു തുനിയുകയായിരുന്നു. ആകെ തകർന്നു വിറച്ചുകൊണ്ട് അപ്പോസ്തലന്മാരുടെ കാൽക്കൽ വീണു നിലവിളിക്കുന്ന അയാൾ യഥാർത്ഥമായ അനുതാപത്തിലും ഹൃദയത്തകർച്ചയിലും ഇതിനകം വന്നുകഴിഞ്ഞിരുന്നു. നിർവ്യാജമായ വിശ്വാസത്തോടെ യേശുവിനെ സ്വീകരിക്കുവാൻ അയാളുടെ ഹൃദയം സത്യമായും ഒരുക്കപ്പെട്ടു കഴിഞ്ഞിരുന്നു. അതുകൊണ്ടാണ് ‘വിശ്വസിക്കമാത്രം ചെയ്ക’ എന്ന് അപ്പോസ്തലന്മാർ പറഞ്ഞത്.

മർക്കൊസിന്റെ സുവിശേഷത്തിൽ ‘വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും’ എന്ന് യേശു പ്രസ്താവിച്ചിട്ടുണ്ട് എന്നതു ശരിയാണ് (മർക്കോ. 16:16). എന്നാൽ അതിനു തൊട്ടു മുൻപുള്ള വാക്യത്തിൽതന്നെ ‘ഭൂലോകം എങ്ങും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിക്കേണം ’ എന്ന് യേശു പറഞ്ഞ കാര്യം ശ്രദ്ധിക്കുക. എന്താണ് അവിടുന്ന് അർത്ഥമാക്കിയത്? ആളുകൾക്ക് തന്നിൽ വിശ്വസിക്കുവാൻ അവസരം ഒരുക്കിക്കൊണ്ട് ആദ്യമേ അവരോടു സുവിശേഷം പ്രസംഗിക്കേണ്ടതുണ്ട് എന്ന് അവിടുന്നു വ്യക്തമാക്കുന്നുണ്ടായിരുന്നു.

യേശു പരാമർശിക്കുന്ന ഈ സുവിശേഷം എന്താണ്? താൻതന്നെ പ്രസംഗിച്ച മാനസാന്തരത്തിന്റെ സുവിശേഷമാണിത്.

മരുഭൂമിയിൽ പരീക്ഷകളെ നേരിട്ട ശേഷം പരസ്യശുശ്രൂഷയ്ക്കു തുനിഞ്ഞ യേശു ആദ്യം നൽകിയ സന്ദേശം എന്തായിരുന്നു? ‘അന്നുമുതൽ യേശു സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ എന്ന് പ്രസംഗിച്ചു തുടങ്ങി’ എന്നാണ് തിരുവെഴുത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് (മത്താ. 4:17).

വിശ്വസിക്കാൻ ആളുകളോട് ആഹ്വാനം ചെയ്യുന്നതിനുമുമ്പേ യേശു മാനസാന്തരപ്പെട്ടവനാണ് അവരോട് ആവശ്യപ്പെട്ടതെന്നു ചുരുക്കം. മർക്കോസ് എഴുതുന്നു “...യേശു ഗലീലയിൽ ചെന്നു ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചു. കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു. മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിപ്പിൻ എന്നു പറഞ്ഞു.” (മർക്കോ. 1:14–15). യേശുവിന്റെ പ്രസംഗം ആദ്യം പശ്ചാത്തപിക്കുക, എന്നിട്ട് വിശ്വസിക്കുക എന്നതായിരുന്നു.

മറ്റൊരിടത്ത് യേശു തന്റെ ശുശ്രൂഷയെക്കുറിച്ച് ‘ഞാൻ നീതിമാന്മാരെ അല്ല പാപികളെ അത്രേ വിളിപ്പാൻ വന്നത്’ എന്നു പറയുന്നു (മത്താ. 9:13) ‘അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചു





പോകും’ എന്ന് അവിടുന്ന് ഗലീലക്കാരോടു പറഞ്ഞതും ഓർക്കുക (ലൂക്കോ. 13:3).

ചുരുക്കത്തിൽ യേശുവിന്റെ സുവിശേഷം മുഴുവൻ മാനസാന്തരത്തെക്കുറിച്ചായിരുന്നു.

യേശുവിന്റെ വരവിന് മുന്നോടിയായി വന്ന യോഹന്നാൻ സ്നാപകനും മാനസാന്തരത്തെക്കുറിച്ചാണ് പ്രസംഗിച്ചത്. ആ സന്ദേശം വളരെ ലളിതവും ഋജുവുമായിരുന്നു. “ ആ കാലത്ത് യോഹന്നാൻ സ്നാപകൻ വന്നു. യഹൂദ്യമരുഭൂമിയിൽ പ്രസംഗിച്ചു. സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ എന്നു പറഞ്ഞു.” (മത്താ. 3:1–2).

പ്രസംഗം കേൾപ്പാൻ വന്നവരോട് യോഹന്നാൻ സ്നാപകനു പറയാനുണ്ടായിരുന്നത് ഇതായിരുന്നു. “മിശിഹാ വേഗം നിങ്ങളുടെ മധ്യത്തിൽ വെളിപ്പെടും. അവനെ എതിരേൽപ്പാൻ ഒരുങ്ങിക്കൊള്ളുക. അവൻ വരുന്നു എന്ന വാർത്ത നിങ്ങൾക്ക് ആവേശം നൽകുന്നുണ്ടാവും. എന്നാൽ അവനെ സ്വീകരിക്കാൻ നിങ്ങളുടെ ഹൃദയങ്ങൾ സജ്ജമായിട്ടില്ല എന്നതാണു നേര്. കാരണം നിങ്ങൾ ഇപ്പോഴും പാപത്തെ താലോലിക്കുന്നവരാണ്.

“പുറമേ നിങ്ങൾ വിശുദ്ധരും നല്ലവരുമായി കാണപ്പെടുന്നു. എന്നാൽ അകമേ മരിച്ചവരുടെ അസ്ഥികൾ നിറഞ്ഞിരിക്കുകയാണ്. നിങ്ങൾ സർപ്പസന്തതികളാണ്. ദൈവഭയം ലവലേശമില്ല. നിങ്ങൾ പാപങ്ങളെ ഗൗരവമായി കാണുന്നില്ല. രക്ഷകനെ വിശ്വസിച്ച് തന്നെ അനുഗമിക്കുന്നതിനു മുമ്പേ നിങ്ങളുടെ പാപങ്ങളെക്കുറിച്ച് അനുതപിക്കുക. പാപങ്ങളെ വിട്ടുതിരിയുക .ജീവിതം വ്യത്യസ്തമാകട്ടെ.”

പെന്തക്കോസ്തുനാളിൽ പത്രൊസ് പ്രസംഗിച്ച സുവിശേഷത്തിന്റെ സാരാംശവും മറ്റൊന്നല്ലായിരുന്നു. അപ്പോസ്തലന്റെ പ്രസംഗം കേട്ടപ്പോൾ “അവർ ഹൃദയത്തിൽ കുത്തുകൊണ്ട് പത്രോസിനോടും ശേഷം അപ്പോസ്തലന്മാരോടും: സഹോദരന്മാരായ പുരുഷന്മാരേ, ഞങ്ങൾ എന്തുചെയ്യേണ്ടു എന്നു ചോദിച്ചു. പത്രൊസ് അവരോട്: നിങ്ങൾ മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽപിൻ. എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും” (പ്രവൃ 2:37–38).

“വെറുതേ വിശ്വസിക്കുക മാത്രം ചെയ്തു രക്ഷിക്കപ്പെടുക” എന്നതായിരുന്നില്ല പത്രൊസിന്റെ പ്രസംഗം എന്നതു ശ്രദ്ധിക്കുക. കേവലം ഒരു തീരുമാനം എടുക്കുക, യേശുവിന് അനുകൂലമായി ഒരു വോട്ടു രേഖപ്പെടുത്തുക–ഇതായിരുന്നോ പത്രൊസ് ആവശ്യപ്പെട്ടത്? അല്ല. മറിച്ച് ആദ്യം അനുതപിക്കണം. പിന്നെ വിശ്വസിച്ച് ക്രിസ്തുവിനോടുള്ള അനുസരണ

**“വെറുതേ വിശ്വസിക്കുക മാത്രം ചെയ്തു രക്ഷിക്കപ്പെടുക” എന്നതായിരുന്നില്ല പത്രൊസിന്റെ പ്രസംഗം എന്നതു ശ്രദ്ധിക്കുക. കേവലം ഒരു തീരുമാനം എടുക്കുക, യേശുവിന് അനുകൂലമായി ഒരു വോട്ടു രേഖപ്പെടുത്തുക- ഇതായിരുന്നോ പത്രൊസ് ആവശ്യപ്പെട്ടത്? അല്ല. മറിച്ച് ആദ്യം അനുതപിക്കണം. പിന്നെ വിശ്വസിച്ച് ക്രിസ്തുവിനോടുള്ള അനുസരണത്തിൽ സ്നാനം ഏൽക്കണം.**

ത്തിൽ സ്നാനം ഏൽക്കണം.

അഥേനയിലുള്ളവരോട് അരയോപഗക്കുന്നിൽ നിന്നുകൊണ്ട് അപ്പോസ്തലനായ പൗലൊസ് പ്രഘോഷിച്ച സുവിശേഷം എന്തായിരുന്നു?...... 'ദൈവം ഇപ്പോൾ എല്ലായിടത്തുമുള്ള എല്ലാവരും മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കുവാൻ കൽപിക്കുന്നു. "എന്നാണ് പൗലൊസ് വ്യക്തമായി പ്രസംഗിച്ചത്? (പ്രവൃ 17:30).

സത്യത്തിൽ അവിടെ ഉണ്ടായിരുന്ന ഗ്രീക്കുകാരായ ബുദ്ധിജീവികൾക്ക് 'വിശ്വസിക്കുന്ന'തിന് ഒരു പ്രയാസവുമില്ലായിരുന്നു. അവർ ഒരു ദൈവത്തെ വിശ്വസിക്കുന്നു. പക്ഷേ എല്ലാം വിശ്വസിക്കുമ്പോഴും അവർ പാപത്തിൽ തുടരുകയായിരുന്നു!

പക്ഷേ പൗലോസിന് അവരുടെ വെറും വിശ്വാസം മാത്രം പോരായിരുന്നു. അദ്ദേഹം പറഞ്ഞു "നിങ്ങളുടെ ദൈവങ്ങളുടെ പട്ടികയിൽ യേശുവിനെക്കൂടി ഉൾപ്പെടുത്തിയിട്ടു കാര്യമില്ല. നിങ്ങളെ പാപങ്ങളിൽനിന്നു വീണ്ടെടുക്കാനാണ് അവിടുന്ന് വന്നത്. തന്റെ പിൻഗാമികളെല്ലാം പശ്ചാത്തപിച്ച് ശുദ്ധീകരണം പ്രാപിക്കണമെന്നും അവിടുന്നു കല്പിക്കുന്നു."

മാനസാന്തരത്തിന്റെ ഈ സുവിശേഷം പൗലൊസ് പിന്നീട് അഗ്രിപ്പാ രാജാവിനോടും പങ്കുവയ്ക്കുന്നു ''അതുകൊണ്ട് അഗ്രിപ്പാരാജാവേ, ഞാൻ സ്വർഗ്ഗീയ ദർശനത്തിന് അനുസരണക്കേടു കാണിക്കാതെ ആദ്യം ദമസ്കൊസിലും യെരുശലേമിലും യഹൂദ്യാദേശത്തെങ്ങും ഉള്ളവരോടും മാനസാന്തരപ്പെട്ടു ദൈവത്തിങ്കലേക്കു തിരിഞ്ഞു മാനസാന്തരത്തിനു യോഗ്യമായ പ്രവൃത്തികൾ ചെയ്യണം എന്നു പ്രസംഗിച്ചു" (പ്രവൃ. 26:19.20).

പൗലൊസ് പറയുന്നതിന്റെ സാരം താൻ ചെല്ലുന്നിടത്തൊക്കെയും അനു

**മാനസാന്തരം എന്നാൽ എന്താണ്? നേരെ തിരിഞ്ഞ് എതിർ ദിശയിലേക്ക് പോകുന്നതാണ് മാനസാന്തരം. ആ പദം കുറേക്കൂടി ആഴമായ കാര്യങ്ങൾ ഉൾക്കൊണ്ടിരിക്കുന്നു. ഗ്രീക്കിൽ പുതിയനിയമത്തിലെ മാനസാന്തരത്തിന്റെ അർത്ഥം ദൈവത്തിനെതിരേ ചെയ്ത പാപത്തെക്കുറിച്ച് ദുഃഖവും സ്വയനിന്ദയും തോന്നുക, തകരുക, ഖേദിക്കുക, ദിശ മാറ്റാൻ ആഗ്രഹിക്കുക എന്നിങ്ങനെയാണ്. ഇവിടുത്തെ ശ്രദ്ധേയമായപദം ആഗ്രഹിക്കുക എന്നതാണ്. യഥാർത്ഥ അനുതാപത്തിൽ മാറ്റത്തിനുള്ള ഒരു ആഗ്രഹം ഉൾക്കൊണ്ടിരിക്കുന്നു.**

താപത്തെക്കുറിച്ചും യഥാർത്ഥ അനുതാപം തുടർന്നുള്ള പ്രവൃത്തികളിലൂടെ വെളിപ്പെടും എന്നതിനെക്കുറിച്ചും പ്രസംഗിച്ചു എന്നാണ്.

മുകളിൽ ഉദ്ധരിച്ചിരിക്കുന്ന തിരുത്തെഴുത്തുകളിൽനിന്നെല്ലാം ഒരു വസ്തുത വ്യക്തമാണ്. അപ്പോസ്തോലിക സഭ ലജ്ജ കൂടാതെ പ്രഘോഷിപ്പിച്ചത് യോഹന്നാൻ സ്നാപകനും യേശുവും പ്രസംഗിച്ച, നിങ്ങളുടെ പാപത്തിന്റെ മോചനത്തിനായി അനുതപിച്ച് വിശ്വസിച്ച് മാനസാന്തരപ്പെടുവിൻ, എന്ന സന്ദേശമാണ്.

മാനസാന്തരം എന്നാൽ എന്താണ്? നേരെ തിരിഞ്ഞ് എതിർ ദിശയിലേക്ക് പോകുന്നതാണ് മാനസാന്തരം. ആ പദം കുറേക്കൂടി ആഴമായ കാര്യങ്ങൾ ഉൾക്കൊണ്ടിരിക്കുന്നു.

ഗ്രീക്കിൽ പുതിയനിയമത്തിലെ മാനസാന്തരത്തിന്റെ അർത്ഥം ദൈവത്തിനെതിരേ ചെയ്ത പാപത്തെക്കുറിച്ച് ദുഃഖവും സ്വയനിന്ദയും തോന്നുക, തകരുക, ഖേദിക്കുക, ദിശ മാറ്റാൻ





ആഗ്രഹിക്കുക എന്നിങ്ങനെയാണ്. ഇവിടുത്തെ ശ്രദ്ധേയമായപദം ആഗ്രഹിക്കുക എന്നതാണ്. യഥാർത്ഥ അനുതാപത്തിൽ മാറ്റത്തിനുള്ള ഒരു ആഗ്രഹം ഉൾക്കൊണ്ടിരിക്കുന്നു.

കേവല ദുഃഖം അനുതാപമാകുന്നില്ല. അതേസമയം യഥാർത്ഥദുഃഖം അനുതാപത്തിലേക്ക് നയിക്കും. ദൈവിക ദുഃഖം മാനസാന്തരത്തെ രക്ഷയിലേക്ക് പ്രവർത്തിച്ചെടുക്കുന്നു. അത് സങ്കടകരമല്ല. ലൗകിക ഖേദമാകട്ടെ മരണകാരണമാകുന്നു.(2 കൊരി. 7:10 പരാവർത്തനം).

പിന്നത്തേതിൽ സങ്കടകരമല്ലാത്ത ഒരു ദുഃഖം -യഥാർത്ഥമായ ഈ ദുഃഖം അനുതപിക്കുന്ന മനുഷ്യന്റെ ജീവിതത്തോട് എന്നും പറ്റിച്ചേർന്നുനിൽക്കും. ഇത്തരം ദൈവികദുഃഖം സൃഷ്ടിക്കുന്ന അനുതാപത്തിൽ സ്വാഭാവികമായും പാപത്തോടുള്ള ഒരു വെറുപ്പ് ഉൾക്കൊണ്ടിരിക്കുന്നു. മാത്രമല്ല.,അതിൽ ദൈവത്തോടുള്ള ഭയവും തെറ്റിയതെല്ലാം യഥാസ്ഥാനപ്പെടുത്തണമെന്നുള്ള ആഗ്രഹവും ഉൾച്ചേർന്നിരിക്കുന്നു.

ഈ പശ്ചാത്തലത്തിൽ നിന്നു നോക്കുമ്പോൾ പൗലോസ് വിശ്വാസികളോട് മാനസാന്തരത്തെക്കുറിച്ച് പ്രസംഗിക്കുന്നതിൽ നമുക്ക് അത്ഭുതമൊന്നും തോന്നുകയില്ല. കൊരിന്തിലെ ക്രിസ്ത്യാനികൾക്ക് പശ്ചാത്താപത്തെക്കുറിച്ച് വളരെ ശക്തമായ സന്ദേശമാണ് അപ്പോസ്തലൻ നൽകുന്നത്. ലോകത്തിലെ ഏറ്റവും ശക്തരായ ഉപദേഷ്ടാക്കന്മാരുടെ പ്രസംഗം കേട്ടവരായിരുന്നു കൊരിന്തിലെ വിശ്വാസികൾ. എന്നിട്ടും അവർക്കിടയിൽ പാപമുണ്ടായിരുന്നു.

പൗലോസ് ആദ്യം അവരോടു സാക്ഷിക്കുന്നുത് "അപ്പോസ്തലന്റെ ലക്ഷണങ്ങൾ പൂർണസഹിഷ്ണുത

**പിന്നത്തേതിൽ സങ്കടകരമല്ലാത്ത ഒരു ദുഃഖം -യഥാർത്ഥമായ ഈ ദുഃഖം അനുതപിക്കുന്ന മനുഷ്യന്റെ ജീവിതത്തോട് എന്നും പറ്റിച്ചേർന്നുനിൽക്കും. ഇത്തരം ദൈവികദുഃഖം സൃഷ്ടിക്കുന്ന അനുതാപത്തിൽ സ്വാഭാവികമായും പാപത്തോടുള്ള ഒരു വെറുപ്പ് ഉൾക്കൊണ്ടിരിക്കുന്നു. മാത്രമല്ല., അതിൽ ദൈവത്തോടുള്ള ഭയവും തെറ്റിയതെല്ലാം യഥാസ്ഥാനപ്പെടുത്തണമെന്നുള്ള ആഗ്രഹവും ഉൾച്ചേർന്നിരിക്കുന്നു.**

യിലും അടയാളങ്ങളാലും അത്ഭുതങ്ങളായും വീര്യപ്രവൃത്തികളാലും നിങ്ങളുടെ ഇടയിൽ വെളിപ്പെട്ടുവന്നുവല്ലോ" എന്നാണ് (2 കൊരി. 12:12) തുടർന്ന് പൗലോസ് അവരോട് തുറന്നു പറയുന്നു" ഞാൻ വരുമ്പോൾ ഞാൻ ഇച്ഛിക്കുന്ന വിധത്തിൽ നിങ്ങളെ കാണുവാൻ ഇടവരികയില്ലായെന്ന് ഞാൻ ഞാൻ ഭയപ്പെടുന്നു." (വാക്യം 20)

പൗലോസിന്റെ ഭയമെന്താണ് "ഞാൻ വീണ്ടും വരുമ്പോൾ എന്റെ ദൈവം എന്നെ നിങ്ങളുടെ ഇടയിൽ താഴ്ത്തുവാനും പാപം ചെയ്തിട്ട് തങ്ങൾ പ്രവർത്തിച്ച അശുദ്ധി, ദുർന്നടപ്പ്, ദുഷ്ക്കർമ്മം എന്നിവയെക്കുറിച്ച് മാനസാന്തരപ്പെടാത്ത പലരേയും ചൊല്ലി ഖേദിപ്പാനും സംഗതി വരുമോയെന്നും ഞാൻ ഭയപ്പെടുന്നു" (21-ാം വാക്യം).

ആർദ്രഹൃദയനായ ആ ഇടയൻ കൊരിന്തിലെ ഒത്തുതീർപ്പുകാരായ വിശുദ്ധന്മാരോട് സ്നേഹമുള്ളവനായിരുന്നു. അവൻ അവരോട് പറയുന്നതിതാണ് "ഞാൻ നിങ്ങളെ സന്ദർശിക്കാൻ

വരുമ്പോൾ ലജ്ജയാൽ കുനിഞ്ഞ ശിരസ്സും നനഞ്ഞ കണ്ണുകളും ഇടറിയ കണ്ഠവുമാണ് എനിക്കുള്ളത്. എന്നാൽ നിങ്ങൾ അശുദ്ധി, ദുർന്നടപ്പ്, ദുഷ്ക്കാമം എന്നിവയിൽ തുടരുന്നവരായി അവിടെ വരുമ്പോഴും കാണാനിടയായാൽ ഞാൻ പാടേ തകർന്നുപോകും. കാരണം സുവിശേഷം ഇപ്പോഴും നിങ്ങളുടെ ഹൃദയത്തിൽ അതിന്റെ പ്രവൃത്തി ചെയ്തിട്ടില്ല. പാപങ്ങളെ ചൊല്ലി നിങ്ങൾ ഇപ്പോഴും പശ്ചാത്തപിച്ചിട്ടില്ല. അനുതപിപ്പാൻ ഞാൻ നിങ്ങളെ ആവുന്നത്ര ഉച്ചത്തിൽ ആഹ്വാനം ചെയ്യുന്നു".

പൗലൊസിന്റെ ഈ വാക്കുകൾ സ്വന്തം ശുശ്രൂഷയെ അവലോകനം ചെയ്യാൻ എന്നെ പ്രേരിപ്പിക്കുന്നു. ഞാൻ സ്വയം ഖേദിക്കാറുണ്ട്-യേശു പ്രസംഗിച്ച സുവിശേഷത്തെ അനുതാപത്തിന്റെ സുവിശേഷത്തെ ഞാൻ വെട്ടി ചെറുതാക്കിയിരിക്കയാണോ? ക്രിസ്തുവിനെ അനുഗമിക്കുന്നതിന് നൽകേണ്ട വലിയ വിലയെ ഞാൻ ലഘൂകരിച്ചിരുന്നോ? വിശ്വസിക്കുക മാത്രം ചെയ്ത് രക്ഷിക്കപ്പെടുക' എന്നു പറഞ്ഞ് ഞാൻ യേശു സ്ഥാപിച്ച നിലവാരത്തെ താഴ്ത്തുകയാണോ?

ഇന്ന് സഭയെ നോക്കുമ്പോൾ ഞാൻ പലപ്പോഴും അത്ഭുതപ്പെടാറുണ്ട്. യഥാർത്ഥ അനുതാപത്തിനുള്ള തെളിവായി ബൈബിളിൽ പറയുന്ന 'ദൈവികദുഃഖം' ഉണ്ടായിരിക്കണമെന്ന് നാം എത്രപേർ നിർബന്ധം പിടിക്കാറുണ്ട്? അതോ ആളുകളെ നാം ഒരു വ്യാജമായ സമാധാനത്തിലേക്ക് നയിക്കുകയാണോ ചെയ്യുന്നത്? "യേശുവേ ഞാൻ വിശ്വസിക്കുന്നു" എന്നു പറഞ്ഞാൽ മാത്രം മതിയെന്നാണോ നാം ആളുകളോട് തെറ്റായി ഉപദേശിക്കുന്നത്?

പാപത്തിനെതിരെയുള്ള വ്യക്തമായ ബോധ്യങ്ങളിൽ നാം വെള്ളം ചേർത്തിട്ടുണ്ടോ? യഥാർത്ഥമായി അനുതപിച്ചിട്ടില്ലാത്ത, തങ്ങളുടെ അതിക്രമങ്ങളെക്കുറിച്ച് ദുഃഖിച്ചിട്ടില്ലാത്ത, തങ്ങളുടെ പാപങ്ങളുടെ കഠോരത കണ്ടിട്ടില്ലാത്ത, ആളുകൾക്കെല്ലാം നമ്മൾ ചാടിക്കയറി രക്ഷ വാഗ്ദാനം ചെയ്തുപോയോ? അവരിൽ പലരും സത്യത്തിൽ വിശ്വാസത്തെ അന്വേഷിച്ചത് അതിനുപിന്നിൽ തങ്ങളുടെ മോഹങ്ങളെ സമർത്ഥമായി ഒളിപ്പിച്ചുവയ്ക്കാം എന്നുള്ളതുകൊണ്ടല്ലേ? വിവിധ പ്രവർത്തനങ്ങളിലൂടെ യേശുവിലേക്കു വന്ന ആളുകളുടെ എണ്ണം വളരെ പെരുപ്പിച്ച് പറയുന്നത് നാം കേൾക്കാറുണ്ട്. സ്കൂളുകളിൽ, ജയിലുകളിൽ, ആദിവാസിക്കൂട്ടങ്ങളിൽ ഒക്കെ നടന്ന ശുശ്രൂഷകളുടെ ഫലമായി ധാരാളം പേർ മുന്നോട്ടുവരുന്നു എന്നാണ് ക്രിസ്തീയപ്രവർത്തനങ്ങളുടെ റിപ്പോർട്ടുകൾ." എന്റെ പ്രസംഗം കഴിഞ്ഞപ്പോൾ അവിടെ ഉണ്ടായിരുന്നവരെല്ലാം തങ്ങളുടെ ഹൃദയം കർത്താവിനുവേണ്ടി കൊടുത്തു. അവരെല്ലാവരും രക്ഷയ്ക്കായി മുന്നോട്ടുവന്നു." എന്നിങ്ങനെ പോകുന്നു അവകാശവാദങ്ങൾ.

സത്യത്തിൽ എല്ലാവരും രക്ഷയിലേക്കു വന്നുവോ? അവരെല്ലാവരും ഒരു പ്രാർത്ഥന ഏറ്റുചൊല്ലി എന്നതാണ് സംഭവിച്ചത്. തങ്ങളോട് പ്രാർത്ഥിക്കാൻ പറഞ്ഞത് അവർ പ്രാർത്ഥിച്ചു. അത്രമാത്രം. പറഞ്ഞത് ഗ്രഹിച്ചവർ നന്നേ ചുരുക്കം. അതുകൊണ്ടെന്തു സംഭവിക്കുന്നു? അവരിൽ മിക്കവരും തങ്ങളുടെ ജാതീയ വഴികളിലേക്ക് മടങ്ങിപ്പോകുന്നു.

അങ്ങനെയുള്ളവർ ഒരിക്കലും പരിശുദ്ധാത്മാവിന്റെ ആഴമേറിയ ഒരു പ്രവർത്തനം അനുഭവിക്കാറില്ല. അതിന്റെ ഫലമായി അവർ ഒരിക്കലും

**(ശേഷം പേജ് 28 ൽ)**





**വിശുദ്ധരുടെ കാലൊച്ച**

# ആൻഡ്രൂ മുറേ: അനുസരണത്തിന്റെ പ്രവാചകൻ

**മ**റ്റേതൊരു രാജ്യത്തെക്കാളും ന്യൂസിലാൻഡിലാണു കിവി, പെൻഗ്വിൻ തുടങ്ങിയ പറക്കാൻ കഴിയാത്ത പക്ഷികളുള്ളത്. ഒരിക്കൽ പറക്കാൻ കഴിയുന്ന വലിയ ചിറകുകൾ ഉണ്ടായിരുന്ന ഇത്തരം പക്ഷികൾ കാലാന്തരത്തിൽ അവയെ അവഗണിച്ചതിനാൽ പറക്കാനുള്ള ശേഷി നഷ്ടപ്പെട്ടതാണെന്ന് ജന്തുശാസ്ത്രജ്ഞന്മാർ വിലയിരുത്തുന്നു. സമൃദ്ധമായ ഭക്ഷണവും ശത്രുക്കളുടെ അഭാവവും പറക്കുവാനുള്ള ആവശ്യം ഇല്ലാതെയാക്കി. പറക്കാനുള്ള ആവശ്യം ഇല്ലാതെ വന്നപ്പോൾ പറക്കാനുള്ള ശേഷിയും ക്രമേണ നഷ്ടമായി.



ആത്മീയ ജീവിതത്തിലെ പ്രധാനപ്പെട്ട സിദ്ധികളെ സംബന്ധിച്ചും ഈ പ്രമാണം സത്യമാണ്. ധ്യാനജീവിതത്തെ നാം അവഗണിച്ചാൽ ധ്യാനിക്കുവാൻ നാം കഴിവില്ലാത്തവരായിത്തീരും. മനസ്സലിവ് അവഗണിച്ചാൽ നാം കരുണയില്ലാത്തവരായി മാറും. ഒറ്റവാക്കിൽ പറഞ്ഞാൽ ആത്മീയമായ ആരോഗ്യത്തിന് അനുസരണം അത്യന്താപേക്ഷിതമത്രേ. തിരുവെഴുത്തുകൾ കല്പിക്കുന്ന കാര്യങ്ങളിലും ആത്മാവ് പ്രേരിപ്പിക്കുന്ന വിഷയങ്ങളിലും ക്രിസ്ത്യാനി അനുസരണത്തിലൂടെ പ്രതികരിച്ചേ മതിയാകൂ. അല്ലെങ്കിൽ അവഗണന പ്രതികരണശേഷിതന്നെ നഷ്ടമാക്കും. ദക്ഷിണാഫ്രിക്കയുടെ മിഷനറി വീരനായിരുന്ന ആൻഡ്രൂ മുറേ ഈ സത്യം വ്യക്തമായി കണ്ടിരുന്നു.

സ്കോട്ലണ്ടിലും ഹോളണ്ടിലും വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം മുറേ ദക്ഷിണാഫ്രിക്കയിൽ വിവിധ നിലകളിൽ ക്രിസ്തീയവേല ചെയ്തു. കോപ്പ് കോളനിയിലെ ഡച്ച് റിഫോംഡ് സഭയുടെ അദ്ധ്യക്ഷനായി ആറുപ്രാവശ്യം അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. 1860-ാം ആണ്ടുമുതൽ ചില വർഷങ്ങൾ സ്വന്തം സഭയിൽ തന്നെ വേദശാസ്ത്രപരമായ നൂതന പ്രവണതകൾക്കെതിരേയുള്ള പോരാട്ടം നയിക്കേണ്ടിവന്നു അദ്ദേഹത്തിന്. 1895-ൽ ഇംഗ്ലണ്ടിലെ കെസ്വിക് സമ്മേളനത്തിൽ മുഖ്യപ്രസംഗകനായിരുന്ന

മുറേ, മസ്സാച്ചുസെറ്റിലെ ഡി.എൽ. മൂഡിയുടെ പ്രസിദ്ധമായ നോർത്ത്ഫീൽഡ് മഹാസമ്മേളനത്തിലും ദൈവവചനം സംസാരിച്ചു.

ദക്ഷിണാഫ്രിക്കയ്ക്ക് പുറത്തുള്ള ക്രിസ്ത്യാനികൾ ആൻഡ്രൂ മുറേ എന്ന വ്യക്തിയെ കണ്ടുമുട്ടുന്നത് മിക്കപ്പോഴും തന്റെ പ്രസിദ്ധീകരിക്കപ്പെട്ട 250ൽ അധികം ഗ്രന്ഥങ്ങളിൽ ഏതെങ്കിലും ഒന്നിൽ കൂടെയാവും. "ക്രിസ്തുവിനോടൊപ്പം പ്രാർത്ഥനാ കളരിയിൽ "എന്ന പ്രസിദ്ധമായ ഗ്രന്ഥത്തിൽ മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്ക് വേണ്ടിയുള്ള നമ്മുടെ അഭ്യസനത്തെപ്പറ്റി ചില ചിന്തകൾ അദ്ദേഹം വായനക്കാരുമായ പങ്കുവെയ്ക്കുന്നു. ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ പ്രസ്തുത ഗ്രന്ഥം ഇംഗ്ലീഷ് ഭാഷ സംസാരിക്കുന്ന ആയിരക്കണക്കിന് ക്രിസ്തീയ ഭവനങ്ങളിലും വേദപഠനശാലകളിലും പ്രചരിക്കുകയുണ്ടായി. ഇതോടൊപ്പം ചേർക്കുന്ന ഉദ്ധരണിയിൽ ആൻഡ്രൂമുറേ തിരുവെഴുത്തുകളുടെ ശക്തമായ പിൻബലത്തോടെ വ്യക്തിഗതമായ ഒരു 'ജനാധിപത്യ വിശ്വാസത്തെ' വെല്ലുവിളിക്കുകയാണ്. വ്യക്തിപരമായി എനിക്ക് എന്തുനേട്ടം എന്ന മനോഭാവം അപകടകരമാണെന്ന് ശക്തമായ ഭാഷയിൽ അദ്ദേഹം നമ്മെ ബോധ്യപ്പെടുത്തുന്നു:

**പിതാവിന്റെ ഭവനം**

സുവിശേഷവിഹിത സഭകൾ നേരിടുന്ന വലിയ ഒരു അപകടം ഉണ്ട്. പ്രാർത്ഥനയുടെയും വിശ്വാസത്തിന്റെയും ഫലമായി വ്യക്തികൾക്ക് ഏകപക്ഷീയമായി ലഭ്യമാകുന്ന അനുഭവങ്ങളിലും അനുഗ്രഹങ്ങളിലും ഉള്ള ഊന്നൽ അപകടകരമാണ്. ദൈവവചനം ശക്തമായി പ്രഖ്യാപിക്കുന്ന ഒരു മറുവശം കൂടി ഉണ്ട്. അനുഗ്രഹത്തിനുള്ള ഏകമാർഗ്ഗം. അനുസരണമാണ്. നമ്മെ നിർമ്മിക്കുകയും വീണ്ടെടുക്കുകയും ചെയ്ത മഹാദൈവത്തോടുള്ള നമ്മുടെ ബന്ധത്തെപ്പറ്റി ചിന്തിക്കുമ്പോൾ ആദ്യം നമ്മുടെ മനസ്സിൽ കടന്നുവരേണ്ട വികാരം സമ്പൂർണ്ണമായ വിധേയത്വത്തിന്റേതാകണം. അവിടുത്തെ പരമാധികാരത്തിനും, മഹത്വത്തിനും. ഇഷ്ടത്തിനും, പ്രമോദത്തിനും കീഴടങ്ങുക എന്ന ചിന്ത ആയിരിക്കണം ജീവിതത്തിൽ നിറഞ്ഞുനിൽക്കേണ്ടത്.

ദൈവത്തിന്റെ പ്രസാദം എങ്ങനെ ലഭിക്കുകയും അനുഭവിക്കുകയും ചെയ്യാം എന്നുള്ളതല്ല പ്രസക്തമായ പ്രശ്നം; കാരണം ഈ ചിന്തയിൽ മുഴച്ചുനിൽക്കുന്നത് സ്വയം തന്നെയാവാം. ദൈവ പിതാവിന് ന്യായമായും അവകാശപ്പെട്ട മഹത്വവും സന്തോഷവും തന്നെ ആയിരിക്കണം ക്രിസ്ത്യാനിയുടെ ഏകലക്ഷ്യം. സമ്പൂർണ്ണവും ധന്യവുമായ അവിടുത്തെ ഇഷ്ടത്തിന് കീഴടങ്ങുന്നതാണ്-അതിലൂടെ കൈവരുന്ന അനുസരണത്തിന്റെയും ശുശ്രൂഷയുടെയും ഒരു ജീവിതമാണ് - സ്വർഗ്ഗത്തിന്റെ സൗന്ദര്യം എന്നതാണ് സത്യം. ശുശ്രൂഷയും അനുസരണവും ആയിരുന്നു ഭൂമിയിൽ ജീവിച്ചനാളെല്ലാം ദൈവപുത്രന്റെ ചിന്തകളിൽ നിറഞ്ഞുനിന്നിരുന്നത്. അവിടുത്തെ ശിഷ്യരായ നമ്മെ സംബന്ധിച്ചിടത്തോളം വിശ്രമത്തെക്കാളും, വെളിച്ചത്തെക്കാളും, സന്തോഷത്തെക്കാളും, ശക്തിയെക്കാളും വിലമതിക്കേണ്ടത് ശുശ്രൂഷയും അനുസരണവും തന്നെ ആയിരിക്കേണം. അതായിരിക്കണം നമ്മുടെ ആഗ്രഹങ്ങളുടെയും ലക്ഷ്യങ്ങളുടെയും പ്രധാന വിഷയം.

ഒരുവൻ എന്നെ സ്നേഹിക്കുന്നെങ്കിൽ എന്റെ കല്പനകളെ പ്രമാണിക്കും; ഞാനും പിതാവും വന്ന് അവനോടൊപ്പം വസിക്കും. പരിശുദ്ധാത്മാവിന്റെ അധിവാസത്തിനും പുത്രനെക്കുറിച്ചുള്ള ആത്മാവിന്റെ വെളിപ്പെടുത്ത





ലിനും, പിതാവിന് വസിക്കേണ്ടതിനായി നമ്മെ വാസസ്ഥലമാക്കി ഒരുക്കുന്നതിനും ഇതിനെക്കാൾ വ്യക്തമായ വചനം സാദ്ധ്യമാണോ? അനുസരിക്കുന്നവരുടെ അവകാശമാണ് ത്രിയേക ദൈവത്തിന്റെ അധിവാസം. അനുസരണവും വിശ്വാസവും, ദൈവത്തിനും ദൈവഹിതത്തിനും നാം കീഴടങ്ങുക എന്ന ഒറ്റ കാര്യത്തിന്റെ രണ്ട് വശങ്ങൾ മാത്രമാണ്. അനുസരിക്കാനായി വിശ്വാസത്തിൽ നാം ശക്തിപ്പെടുമ്പോൾ തന്നെ അനുസരണത്തിന്റെ പ്രവൃത്തിയാൽ വിശ്വാസം പരിപൂർണ്ണമാക്കപ്പെടുകയാണ്.

ബധിരരും മൂകരും ആയവരെപ്പറ്റി പഠിച്ചിട്ടുള്ളവർ നമ്മോടു പറയുന്ന കാര്യം ഇതാണ്. സംസാരശേഷി കേൾക്കാനുള്ള കഴിവിനെ ആശ്രയിച്ചാണിരിക്കുന്നത്. കുട്ടികളിൽ ശ്രവണ നഷ്ടം സംസാരശേഷി നഷ്ടപ്പെടാൻ കാരണമാകുന്നു. വിശാലമായ ഒരു അർത്ഥതലം കൂടി ഇതിനുണ്ട്. നാം കേൾക്കുന്നതിന് അനുസരിച്ചാണ് സംസാരിക്കുന്നത്.

ചില ആഗ്രഹങ്ങൾ വാക്കുകളിലൂടെ പ്രകടിപ്പിക്കയും ചില വാഗ്ദാനങ്ങൾ അവകാശം പറയുകയും ചെയ്യുന്നതാണല്ലോ ഒരു വിധത്തിൽ പ്രാർത്ഥന.

അത്തരം ഒരു പ്രാർത്ഥന മനുഷ്യന് തന്റെ ജ്ഞാനത്താൽ അഭ്യസിക്കാവുന്നതേയുള്ളു. എന്നാൽ ആത്മാവിൽ പ്രാർത്ഥിക്കുവാൻ, ദൈവത്തെ സ്പർശിക്കുന്ന വാക്കുകൾ ഉച്ചരിക്കുവാൻ, അദൃശ്യലോകത്തിന്റെ ശക്തികളെ സ്വാധീനിക്കുവാൻ-അത്തരത്തിലുള്ള പ്രാർത്ഥന, പൂർണ്ണമായും നാം ദൈവശബ്ദം കേൾക്കുന്നതിനെ ആശ്രയിച്ചാണിരിക്കുന്നത്. ഇങ്ങനെ ദൈവശബ്ദം കേൾക്കുന്നത് ദൈവവചനം ശ്രദ്ധാപൂർവ്വം പഠിക്കുന്നതിനും അപ്പുറമുള്ള കാര്യമാണ്. ദൈവവചനത്തിന്റെ പഠനവും പരിജ്ഞാനവും ജീവനുള്ള ദൈവത്തോട് യഥാർത്ഥ കൂട്ടായ്മ ഇല്ലാതെ സാദ്ധ്യമാണ്. എന്നാൽ ദൈവത്തിൽ നിന്നു ജീവശക്തിയായി വചനം നമ്മിലേക്ക് ഒഴുകി എത്തുന്ന വിധത്തിലുള്ള ഒരു ദൈവവചന പാരായണം പിതാവിന്റെ സാന്നിദ്ധ്യത്തിൽ സാദ്ധ്യമാണുതാനും. അതു നമുക്ക് പിതാവിന്റെ ശബ്ദം തന്നെയാണ്. അവിടുത്തെ അടുത്തറിയുന്ന വ്യക്തിപരമായ കൂട്ടായ്മയുടെ സമയമാണ്. അതു ദൈവത്തിന്റെ ജീവനുള്ള ശബ്ദം നമ്മുടെ ഹൃദയങ്ങളിലേക്ക് പ്രവേശിച്ച് അനുഗ്രഹവും ശക്തിയും പ്രദാനം ചെയ്ത് ജീവനുള്ള വിശ്വാസം നമ്മിൽ ഉളവാക്കുന്നു.ഈ ജീവനുള്ള വിശ്വാസമാകട്ടെ, വീണ്ടും ദൈവഹൃദയത്തിലേക്ക് പ്രവേശിക്കുന്നതുമാണ്.

ഈ വിധം ദൈവശബ്ദം കേൾക്കുന്നതിലൂടെയാണ് അനുസരണവും വിശ്വാസവും സാദ്ധ്യമാകുന്നത്. നാം ചെയ്യണമെന്ന് ദൈവം പറഞ്ഞിട്ടുള്ള കാര്യങ്ങൾ അറിയുക എന്നതല്ല പ്രധാനകാര്യം, അനുസരിക്കാനുള്ള കാര്യങ്ങൾ ദൈവം തന്നെ നമ്മോട് പറയുന്നു എന്നതാണ് ശ്രദ്ധേയമായ കാര്യം. ന്യായപ്രമാണമോ, ദൈവികമായ ഗ്രന്ഥമോ, ശരിയായ കാര്യത്തെപ്പറ്റിയുള്ള അറിവോ അല്ല അനുസരണം സാദ്ധ്യമാക്കിത്തീർക്കുന്നത്, മറിച്ച് ദൈവത്തിന്റെ നേരിട്ടുള്ള സ്വാധീനവും അവിടുത്തെ ജീവനുള്ള കൂട്ടായ്മയുമാണ് നമ്മെ അനുസരിക്കാൻ സഹായിക്കുന്നത്. ദൈവത്തിന്റെ സമ്പൂർണമായ സാന്നിദ്ധ്യത്തിൽ മാത്രമേ അനുസരണക്കേടും അവിശ്വാസവും അസാദ്ധ്യമായിത്തീരുകയുള്ളു.

(കടപ്പാട് All the Saints adore Thee- Bruce Shelly )

**സമ്പാദകൻ: മാത്യു ജോർജ്**

വചനം

അന്യഭാഷാഭാഷണം: ചില സത്യങ്ങൾ - II

# അന്യഭാഷ:വിവാദം സാത്താന്യതന്ത്രം

സാക് പുന്നൻ

**അ**പ്പോസ്തല പ്രവൃത്തികളിൽ അന്യഭാഷയുണ്ടായ എല്ലാ സന്ദർഭങ്ങളിലും താഴെപ്പറയുന്ന കാര്യങ്ങൾ സഭവിച്ചിട്ടുള്ളതു നാം ശ്രദ്ധിക്കണം.

1. എല്ലാ പ്രാവശ്യവും അന്യഭാഷാഭാഷണം സ്വാഭാവികമായി പൊടുന്നനെ ഉണ്ടായിട്ടുള്ളതാണ്.

2. എല്ലാ തവണയും ഒരപവാദവും ഇല്ലാതെ എല്ലാവരും അന്യഭാഷകളിൽ സംസാരിച്ചു.

3. ഒരു പ്രാവശ്യംപോലും എങ്ങനെ അന്യഭാഷ പറയണമെന്നത് സംബന്ധിച്ച ഒരഭ്യസനമോ നിർബന്ധമോ നിർദ്ദേശമോ നൽകപ്പെട്ടിട്ടില്ല.

എന്നാൽ ഇന്നു പല സ്ഥലങ്ങളിലും മുകളിൽ പറയുന്ന ഒരു കാര്യം പോലും കണ്ടെത്താൻ കഴിയാറില്ല. അഭ്യസനം ലഭിച്ചിട്ടുണ്ടെങ്കിൽ മാത്രമേ അതു യാഥാർത്ഥ്യമായത് ആണെന്ന് നമുക്ക് തീർച്ചപ്പെടുത്താനാവൂ.

ഞാൻ കേട്ടിട്ടുള്ള അന്യഭാഷാഭാഷണങ്ങളിൽ ചെറിയ ശതമാനം മാത്രമേ നിർവ്യാജമെന്ന് എന്റെ ആത്മാവ് സാക്ഷ്യപ്പെടുത്തിയിട്ടുള്ളു. ഭൂരിപക്ഷവും ആ വരത്തെ അനുകരിക്കാനുള്ള ശ്രമമായിട്ടാണ് എനിക്ക് ബോധ്യപ്പെട്ടിട്ടുള്ളത്. തങ്ങളായിരിക്കുന്ന, ഗ്രൂപ്പിൽ ഒരംഗീകാരം കിട്ടുന്നതിനോ മറ്റുള്ളവരിൽ മതിപ്പുളവാക്കുന്നതിനോ വേണ്ടിയുള്ള അനുകരണം. മറ്റൊരു ചെറിയ ശതമാനം അന്യഭാഷാഭാഷണം സാത്താന്യമായതുപോലെയാണ്. പല നാടുകളിലുമുള്ള പല ആളുകളുടെയും ജീവിതത്തിൽ കണ്ടിട്ടുള്ള ഫലങ്ങളുടെ അടിസ്ഥാനത്തിലാണ് എന്റെ ഈ നിരീക്ഷണം. പല സഭകളിലും അന്യഭാഷകളിൽ സംസാരിക്കുന്നതും പാടുന്നതും ഒരു പ്രദർശനപരതയുടെ തലത്തിലെത്തി നിൽക്കുന്നു. കൊച്ചു കുട്ടികളുടെ സ്വഭാവമാണല്ലോ പ്രദർശനപരത.

ഈ കാലത്ത് സാമ്പത്തികനേട്ടത്തിനുവേണ്ടി വിശ്വാസികളെ ചൂഷണം ചെയ്യുന്ന ഭൂരിപക്ഷം പ്രസംഗകരും പാസ്റ്റർമാരും തങ്ങൾ അന്യഭാഷ പറയുന്നവരാണെന്ന് അവകാശപ്പെടുന്നവരാണ്. ഇരുതപതാം നൂറ്റാണ്ടിൽ ഉണ്ടായിട്ടുള്ള അന്ധാരാധനാസമൂഹങ്ങൾ ഭൂരിപക്ഷവും ഉരുത്തിരിഞ്ഞിട്ടുള്ളതും അന്യഭാഷകൾ സംസാരിക്കുന്ന ആളുകളുടെ ഇടയിൽനിന്നുമാണ്.

അതുകൊണ്ട് എല്ലാവിധ വിശ്വാസികളോടുമുള്ള എന്റെ ഉപദേശം ഇതാണ്. അന്യഭാഷാഭാഷണത്തിനും രോഗശാന്തിക്കും മുഖ്യസ്ഥാനം കൊടുക്കുന്ന സഭകളെ ഒഴിവാക്കുക. കാരണം അവയിൽ ഏറെയും അപകടകരമായ തീവ്രവാദം പുലർത്തുന്നതും പലപ്പോഴും ആത്മികരല്ലാത്ത നേതാക്കളാൽ നയിക്കപ്പെടുന്നവയുമാണ്. പകരം വിശുദ്ധിക്കും ശിഷ്യത്വത്തിനും പ്രാഥമികമായി ഊന്നൽ നൽകുന്നതും





നിർവ്യാജമായ ഭാഷാവരത്തെ അംഗീകരിക്കുന്നതും നിങ്ങളുടെ പണം ആഗ്രഹിക്കുകയോ നിങ്ങളുടെ ജീവിതത്തെ നിയന്ത്രിക്കുകയോ ചെയ്യാൻ തുനിയാത്തതുമായ ഒരു സഭയിൽ കൂട്ടായ്മ അന്വേഷിക്കുക.

ദൈവഹിതവും ദൈവവചനവും ശരിയായി മനസ്സിലാക്കണമെങ്കിൽ നാം നമ്മുടെ മനസ്സിനെ (ആത്മാവിനാൽ പുതുക്കപ്പെട്ട മനസ്സിനെ റോമർ 12:2) ഉപയോഗിക്കണമെന്ന കാര്യവും ഞാനിവിടെ ഊന്നിപ്പറയാൻ ആഗ്രഹിക്കുന്നു. പല വിശ്വാസികളും തങ്ങളുടെ മനസ്സിനെ നിന്ദാപൂർവ്വം വീക്ഷിക്കുകയും അവഗണിക്കുകയും ചെയ്യാറുണ്ട്. ഭാര്യയെപ്പോലെ ആയിരിക്കണം മനസ്സ്. അവളായിരിക്കരുത് കുടുംബത്തിന്റെ തല. അതേസമയം അവളെ ഇല്ലായ്മ ചെയ്യുകയുമരുത്. യേശുവാണ് നമ്മുടെ തലയും ഭർത്താവും. നമ്മുടെ മനസ്സ് ഹൃദയത്തിലൂടെ അവിടുത്തേക്കു കീഴ്പ്പെട്ടിരിക്കണം.

'അന്യഭാഷ'യെക്കുറിച്ചുള്ള സദുപദേശങ്ങളെ ഇങ്ങനെ സംക്ഷേപിക്കാം:

"ദൈവം നിങ്ങൾക്കു ഭാഷാവരം നൽകുന്നുവെങ്കിൽ അത് ഏറ്റുവാങ്ങുക. ഉപയോഗിക്കുക. നിങ്ങളുടെ ഹൃദയത്തിൽനിന്നുവരുന്ന ഉച്ചാരണങ്ങൾകൊണ്ട് ദൈവത്തോടും സംസാരിക്കുക നിങ്ങൾ ദൈവവുമായി തനിച്ചാകുമ്പോൾ എവിടെയാണെങ്കിലും സംസാരിക്കുക. പ്രത്യേകിച്ചും ഹൃദയം നിരുത്സാഹപ്പെട്ട് സമ്മർദ്ദത്തിലായിരിക്കുമ്പോൾ. അല്ലെങ്കിൽ സന്തോഷംകൊണ്ട് നിറഞ്ഞുകവിയുമ്പോൾ. നിങ്ങൾക്ക് ഈ വരം ലഭിച്ചിട്ടില്ലെങ്കിൽ അതേപ്പറ്റി വേവലാതിപ്പെടാതിരിക്കുക. പക്ഷേ എല്ലാ സമയത്തും, അതു പ്രാപിക്കത്തക്കവണ്ണം തുറന്ന മനസ്സോടെ ദൈവമുമ്പാകെ ആയിരിക്കുക. ഒരിക്കലും അതിനെ എതിർക്കരുത്. അതു കിട്ടാൻവേണ്ടി വലിയ മനക്ഷോഭവും ആവശ്യമില്ല. നിങ്ങൾക്കതു വേണ്ടതാണെങ്കിൽ ദൈവം അതു തരും. നിങ്ങൾ അതേച്ചൊല്ലി വേവലാതിപ്പെടേണ്ട. അതേസമയം ക്രിസ്തീയഗോളത്തിൽ നിങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുന്നതെല്ലാം പരിശുദ്ധാത്മപ്രേരിതമാണെന്നു വിശ്വസിക്കേണ്ട. എല്ലാറ്റിനെയും ശോധന ചെയ്യുക. ദൈവം നിങ്ങൾക്കു തന്നിട്ടുള്ള വിവേചനം ഉപയോഗിക്കുക. നിങ്ങൾക്കു ഭാഷാവരമില്ലെങ്കിൽ അതുള്ളവരെക്കാൾ നിങ്ങൾ താഴെയാണെന്നു കരുതാതിരിക്കുക. നിങ്ങൾക്ക് അന്യഭാഷയുടെ വരം ഉണ്ടെങ്കിൽ അതില്ലാത്തവരെക്കാൾ നിങ്ങൾ മീതേയാണെന്നും കൂടുതൽ ആത്മികനാണെന്നും ചിന്തിക്കരുത്. (പൗലോസും കൊരിന്തിലെ ക്രിസ്ത്യാനികളും ഒരുപോലെ അന്യഭാഷകളിൽ സംസാരിക്കുന്നവരായിരിന്നു. എന്നാൽ പൗലോസ് ഒരു ആത്മികനായിരുന്നു. കൊരിന്ത്യരാകട്ടെ വെറും ജഡികരും!!)"

> **ലോകത്തിലെ മഹാന്മാരായ ക്രിസ്ത്യാനികൾ എല്ലാവരും തന്നെ യേശുവിനെ എല്ലാറ്റിലും ഉപരിയായി സ്നേഹിച്ചവരാണ്- അവർ അന്യഭാഷ പറഞ്ഞവരാണെങ്കിലും അല്ലെങ്കിലും. അവരെല്ലാം കർത്താവിനെ മുഴുഹൃദയത്തോടെ സ്നേഹിച്ചവരായിരുന്നു. അവരെല്ലാം ക്രൂശിന്റെ പാതയിൽ നടക്കുന്നവരായിരുന്നു. ഈ സത്യങ്ങളിൽ കേന്ദ്രീകൃതമായിരുന്നു അവരുടെ ജീവിതം.**

**ഏറ്റവും അത്യന്താപേക്ഷിതമായത്**

എല്ലാറ്റിലുംവച്ച് ഏവർക്കും അത്യന്താപേക്ഷിതമായത് പരിശുദ്ധാത്മാവിന്റെ ശക്തിയാൽ പൊതിയപ്പെടുക എന്നതാണ്. പരിശുദ്ധാത്മസ്നാനത്തിന്റെ അടയാളം അന്യഭാഷയിൽ സംസാരിക്കുക എന്നതല്ല മറിച്ച് അതിശക്തിയാണ് (അപ്പോ. പ്രവൃ. 1:8)

പരിശുദ്ധാത്മാവ് വിശ്വാസത്താലാണ് ലഭിക്കുന്നത്. (യോഹ. 7:37-39) നമ്മുടെ നന്മയല്ല ദൈവത്തിന്റെ നന്മ മാത്രം നമ്മുടെ പാപക്ഷമയ്ക്ക് അടിസ്ഥാനം ആയിരിക്കുന്നതുപോലെയാണ് ഇതും. പ്രാർത്ഥനയാലോ ഉപവാസത്താലോ നമ്മുടെ എന്തെങ്കിലും പ്രവൃത്തിയാലോ നമുക്ക് ആത്മാവിന്റെ ദാനം ലഭിക്കുകയില്ല. പരിശുദ്ധാത്മാവുതന്നെ ദാനമാണ്. (അപ്പോ. പ്രവൃ. 2:38)

നാം ചോദിക്കുന്നു. വിശ്വാസത്താൽ നമുക്കുടനെ അതു ലഭിക്കുന്നു. ഭൂമിയിലെ പിതാക്കന്മാർ വിശന്നുവരുന്ന മകനു ഭക്ഷണം കൊടുക്കുന്നതിനു തയ്യാറാകുന്നതിനെക്കാൾ തന്നോടു യാചിക്കുന്നവർക്കു പരിശുദ്ധാത്മാവിനെ നൽകാൻ സ്വർഗ്ഗസ്ഥനായപിതാവ് എത്രയോ കൂടുതൽ സന്നദ്ധനാണെന്ന അവിടുത്തെ വാഗ്ദാനം വിശ്വസിച്ചു തുടർന്നു മുന്നോട്ടുപോകുക (ലൂക്കോ. 11:13) ആത്മാവു പ്രാപിച്ചു എന്ന കാര്യത്തിൽ നമുക്ക് ഉറപ്പില്ലെങ്കിൽ ഒരു ഉറപ്പ് നൽകുവാൻ ദൈവത്തോട് നമുക്ക് ആവശ്യപ്പെടാം. അത്തരം ഒരു ഉറപ്പ് അവിടുന്ന് നമുക്ക് നിഷേധിക്കുകയില്ല.

പക്ഷേ പരിശുദ്ധാത്മാവിനാൽ നാം തുടർച്ചയായി നിറയേണ്ടതുണ്ട്. (കാരണം നാം ചോർച്ചയുള്ള പാത്രങ്ങളാണ്-എഫേ. 5:18) നിരന്തരം നമുക്കു ക്ഷമ ആവശ്യമുണ്ട്. (കാരണം നാം പാപം ചെയ്യുന്നു- മിക്കപ്പോഴും അറിയാതെ തന്നെ. (മത്തായി 6:12) എന്നതുപോലെ തന്നെയാണ് ഇതും.

അന്യഭാഷകളിൽ സംസാരിക്കുന്നതിനെക്കാൾ എത്രയോ മടങ്ങ് പ്രധാനമാണ് ക്രിസ്തുവിനോടുള്ള ഹൃദയത്തിലെ ഭക്തി. തന്റെ ശുശ്രൂഷയ്ക്കു നിയോഗിക്കുന്നതിനു മുമ്പ് പത്രോസിനോടുള്ള ചോദ്യം "മറ്റെല്ലാറ്റിനെത്താളും ഉപരിയായി നീ എന്നെ സ്നേഹിക്കുന്നുവോ?" എന്നായിരുന്നല്ലോ. അപ്പോൾ ക്രിസ്തുവിനോടുള്ള പരിപൂർണമായ ഭക്തിയിൽനിന്നു ആളുകളുടെ ശ്രദ്ധയെ തെറ്റിക്കാനുള്ള സാത്താന്റെ ഒരു തന്ത്രമായി വേണം അന്യഭാഷയെച്ചൊല്ലിയുള്ള തലനാരിഴ കീറിയുള്ള ഇന്നത്തെ വിവാദങ്ങളെ കണക്കാക്കാൻ.

ലോകത്തിലെ മഹാന്മാരായ ക്രിസ്ത്യാനികൾ എല്ലാവരുംതന്നെ യേശുവിനെ എല്ലാറ്റിലും ഉപരിയായി സ്നേഹിച്ചവരാണ്-അവർ അന്യഭാഷ പറഞ്ഞവരാണെങ്കിലും അല്ലെങ്കിലും. പത്രോസ്, യാക്കോബ്, യോഹന്നാൻ, പൗലോസ് തുടങ്ങിയവർ അന്യഭാഷകളിൽ സംസാരിച്ചിരുന്നു. ജോൺ വെസ്ലി, ചാൾസ് ഫിന്നി, ഡി.എൽ. മൂഡി, എ.ബി. സിംസൺ, വില്യം ബൂക്ക്, സി.ടി സ്റ്റഡ്, വാച്ച്മാൻ നീ തുടങ്ങിയ മറ്റു ചിലർ, നമുക്കറിയാവുന്നിടത്തോളം, അന്യഭാഷകളിൽ സംസാരിച്ചിരുന്നവരല്ല. പക്ഷേ അവരെല്ലാം ആത്മസ്നാനം പ്രാപിച്ചവരായിരുന്നു. അവരെല്ലാം കർത്താവിനെ മുഴുഹൃദയത്തോടെ സ്നേഹിച്ചവരായിരുന്നു. അവരെല്ലാം ക്രൂശിന്റെ പാതയിൽ നടക്കുന്നവരായിരുന്നു. ഈ സത്യങ്ങളിൽ കേന്ദ്രീകൃതമായിരുന്നു അവരുടെ ജീവിതം. ബാക്കിയെല്ലാം അവർക്ക് അപ്രധാനമായിരുന്നു.

ഇവരുടെ മാതൃക പിൻപറ്റിയാൽ നാം ഒരിക്കലും തെറ്റിപ്പോകുകയില്ല.

കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ. *(അവസാനിച്ചു)*





**ചിന്തയ്ക്ക്**

# കീഴടങ്ങലിലൂടെ വിജയം

**സ്റ്റാൻലി ജോൺസ്**

ജീവിതത്തിൽ ഉടനീളം നാം എല്ലാവരും ഒന്നിനല്ലെങ്കിൽ മറ്റൊന്നിനു കീഴടങ്ങുന്നവരാണ്. രണ്ടു സെല്ലുകൾ, ഒരു ബീജവും അണ്ഡവും, അന്യോന്യം കീഴടങ്ങിയ നിമിഷത്തിൽ രൂപപ്പെട്ട നാം ഒടുവിൽ നമ്മുടെ ശരീരം ഒരു കല്ലറയ്ക്കു കീഴടങ്ങുന്നതുവരെ ജീവിതത്തിൽ മുഴുവൻ ഒന്നിനല്ലെങ്കിൽ മറ്റൊന്നിനു കീഴടങ്ങുന്നവരാണ്.

നിലനിൽക്കണമെന്നുണ്ടെങ്കിൽ നാം കീഴടങ്ങിയേ മതിയാകൂ. അത്യന്താപേക്ഷിതമായ ചില കാര്യങ്ങൾക്കു കീഴടങ്ങാതെ നമുക്ക് അതിജീവനം സാധ്യമല്ല. കുഞ്ഞ് അമ്മയുടെ മാർവ്വിലെ അമ്മിഞ്ഞപ്പാലിനും, ഉറക്കം, വിസർജ്ജനം തുടങ്ങിയവയ്ക്കും കീഴ്‌വഴങ്ങിക്കൊണ്ട് സാഹചര്യങ്ങളോടു സഹകരിക്കാൻ പഠിക്കുന്നു. ഇവയൊക്കെ അതിജീവനത്തിന് ഒഴിച്ചുകൂടാൻ സാധ്യമല്ലാത്ത അത്യന്താപേക്ഷിതമായ കീഴടങ്ങലുകളാണ്. എന്നാൽ മറ്റുചില കീഴടങ്ങലുകൾ തിരഞ്ഞെടുക്കാവുന്നവയാണ്. പരിണതഫലങ്ങൾ പലപ്പോഴും നമ്മുടെ ഇഷ്ടത്തിനൊത്തു തിരഞ്ഞെടുക്കുവാൻ കഴിയുന്നവയല്ല.

ചിലർ ശരിയായ വ്യക്തിക്കും ശരിയായ കാര്യങ്ങൾക്കും കീഴടങ്ങുന്നു. അവർക്ക് അതിന് ശരിയായ ഫലവും ലഭിക്കുന്നു. നല്ല ഫലം കൊണ്ടുവരുന്ന നല്ല തിരഞ്ഞെടുപ്പാണവ.

എന്നാൽ മറ്റു ചിലർ തെറ്റായ വ്യക്തിക്കോ വ്യക്തികൾക്കോ കാര്യങ്ങൾക്കോ കീഴടങ്ങുന്നതു തിരഞ്ഞെടുക്കുന്നു. അവർക്ക് അതിന്റെ പരിണത ഫലങ്ങളാണു ലഭിക്കുന്നത്.

ചുരുക്കം: നാം എല്ലാവരും കീഴടങ്ങുന്നവരാണ്. നിലനില്പിനുവേണ്ടിയുള്ള കീഴടങ്ങലുകൾ നമുക്ക് ഒഴിച്ചുകൂടാൻ പാടില്ലാത്തവയാണ്. എന്നാൽ തിരഞ്ഞെടുപ്പിനു സ്വാതന്ത്ര്യമുള്ളവയാണ് ചില കീഴടങ്ങലുകൾ. എന്നാൽ അപ്പോൾ നാം ശരിയായതിനു കീഴടങ്ങുന്നതു തിരഞ്ഞെടുക്കണം. ശരിയായതിനു കീഴടങ്ങുന്നതു തിരഞ്ഞെടുത്താൽ ഫലവും നന്നായിരിക്കും. മറിച്ചാണെങ്കിൽ ഫലവും ആ നിലയിലായിരിക്കും.

ഒരു ഡോക്ടറും ഭാര്യയും ഒരിക്കൽ ഈ പ്രശ്നത്തെ അഭിമുഖീകരിച്ചു. എന്തിനാണ് അവർ കീഴടങ്ങേണ്ടത്? ഭാര്യ ഭയവും കയ്പും പകയും ഉള്ളവളായിരുന്നു. കാരണം അവളുടെ ഭർത്താവിനു മറ്റൊരു സ്ത്രീയുമായി ബന്ധമുണ്ട്. ഭർത്താവാകട്ടെ, തന്നെത്തന്നെ ന്യായീകരിക്കുന്നവനും ഇഷ്ടമുള്ളതു ചെയ്യാൻ തനിക്കു സ്വാതന്ത്ര്യമുണ്ടെന്ന നിലപാടിനെ മുറുകെപ്പിടിക്കുന്നവനും ആയിരുന്നു. രണ്ടുപേരും റോമൻ കത്തോലിക്കാ വിശ്വാസത്തി

**ചിലർ ശരിയായ വ്യക്തിക്കും ശരിയായ കാര്യങ്ങൾക്കും കീഴടങ്ങുന്നു. അവർക്ക് അതിന് ശരിയായ ഫലവും ലഭിക്കുന്നു. നല്ല ഫലം കൊണ്ടുവരുന്ന നല്ല തിരഞ്ഞെടുപ്പാണവ. എന്നാൽ മറ്റു ചിലർ തെറ്റായ വ്യക്തിക്കോ വ്യക്തികൾക്കോ കാര്യങ്ങൾക്കോ കീഴടങ്ങുന്നതു തിരഞ്ഞെടുക്കുന്നു. അവർക്ക് അതിന്റെ പരിണത ഫലങ്ങളാണു ലഭിക്കുന്നത്.**

ലുള്ളവരായിരുന്നു. പക്ഷേ ആ ഭാര്യയുടെ ആവശ്യം, സഭാവിഭാഗങ്ങളുടെ വേലിക്കെട്ടുകൾക്ക് അപ്പുറത്തു സഹായം തേടാൻ അവളെ പ്രേരിപ്പിച്ചു. ഞങ്ങളുടെ ഒരു ആശ്രമത്തിൽ എത്തിയ അവൾക്കു ഞങ്ങൾ പ്രൊട്ടസ്റ്റന്റ് വേദശാസ്ത്രമല്ല ചൂണ്ടിക്കാണിച്ചു കൊടുത്തത്; മറിച്ചു ക്രിസ്തുവിനെയാണ്. സ്വയകീഴടങ്ങലിലൂടെ അവൾ ക്രിസ്തുവിനെ കണ്ടെത്തി. അവളുടെ കയ്പും പകയും ഭയങ്ങളും അകന്നുപോയി. അവൾക്കു വിജയം ലഭ്യമായി. കീഴടങ്ങലിലൂടെയുള്ള വിജയം. തുടർന്നും അവൾ കത്തോലിക്കാ മതവിഭാഗത്തിൽ തന്നെ നിലയുറപ്പിക്കാൻ തീരുമാനിച്ചു. ഞങ്ങൾ അതു സമ്മതിച്ചു. ക്രിസ്തുവിലാണു ഞങ്ങളുടെ കൂട്ടായ്മ. ഏതെങ്കിലും വിഭാഗത്തിലല്ലല്ലോ.

എന്നാൽ അവളുടെ ഭർത്താവിനു ലഭിച്ചത് ഏതുതരം വിജയമാണ്.ഞങ്ങളുടെ കൂട്ടത്തിലെ ഒരു സ്നേഹിതൻ അദ്ദേഹത്തെ സന്ദർശിക്കാൻ ചെന്നു. ഒരു കയ്യിൽ വിസ്കിക്കുപ്പിയും മറുകൈയിൽ ഉറക്കത്തിനുള്ള മരുന്നുകളുമായി വീട്ടിൽ അസ്വസ്ഥനായി അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടിരിക്കുന്ന നിലയിലാണ് അദ്ദേഹത്തെ കണ്ടത്. ഇവിടെയിതാ വളരെ ബുദ്ധിമാനായ ഒരാൾ. ഒരു ഡോക്ടർ. എന്നാൽ വ്യക്തി സ്വാതന്ത്ര്യമെന്നു താൻ കരുതിയ ഒരു കാര്യത്തിന് അയാൾ കീഴടങ്ങി. ചെന്നവസാനിച്ചതോ ലഹരിപദാർത്ഥങ്ങളുടെയും ഉറക്കമരുന്നുകളുടെയും അടിമയായി-ലഹരിപദാർത്ഥങ്ങൾ ഉത്തേജനത്തിനും ഉറക്കമരുന്ന് മയക്കത്തിനും. അദ്ദേഹം തന്റെ സ്വാതന്ത്ര്യം തന്നെത്തന്നെ കുരുക്കിൽപ്പെടുത്താനാണ് ഉപയോഗിച്ചത്! എന്നാൽ അയാളുടെ ഭാര്യയോ? എന്തെല്ലാം പരിമിതികളുണ്ടെങ്കിലും അവൾക്ക് സമാധാനവും വിജയവും ലഭിക്കുന്ന സ്വാതന്ത്ര്യം ലഭ്യമായി. തന്റെ തന്നെ തോന്നലുകൾക്ക് ഒരാൾ കീഴടങ്ങി. അവൻ ഒടുവിൽ ഒരു 'ഇര'യായിത്തീർന്നു. ഇതേസമയം മറ്റൊരുവൾ ക്രിസ്തുവിനു കീഴടങ്ങി. അവൾ ജയാളിയായിത്തീർന്നു.

വാഷിങ്ടണിലെ, സമൂഹത്തിലെ ഉന്നത വ്യക്തികൾ പങ്കെടുത്ത ഒരു പുതുവത്സര മദ്യപാർട്ടിയിൽ പങ്കെടുത്തശേഷം വന്ന ഒരു പട്ടാള ഓഫീസർ തന്റെ അമ്മയോട് ഇങ്ങനെ പറഞ്ഞു: "അമ്മേ, ഞങ്ങൾ പട്ടാള ഓഫീസർമാർ ഞങ്ങളെത്തന്നെ കബളിപ്പിക്കുകയാണെന്ന നിഗമനത്തിൽ ഞാനെത്തിച്ചേർന്നു. ഞങ്ങളുടെ കുടിപാർട്ടിയിൽ ഞങ്ങൾക്കു നല്ല സമയമാണെന്നു ഞങ്ങൾ ഞങ്ങളെത്തന്നെ വിശ്വസിപ്പിക്കുകയാണ്. സത്യത്തിൽ നിങ്ങൾ ക്രിസ്ത്യാനികളാണു സന്തോഷമുള്ള ആളുകൾ. ഞങ്ങൾക്കു മദ്യപാർട്ടിയിൽ നിന്നു സന്തോഷം കിട്ടുന്നുവെന്നു ഞങ്ങൾ ഞങ്ങളെ വിശ്വസിപ്പിക്കാനാണു ശ്രമിക്കുന്നത്. ഇതു യാഥാർത്ഥ്യമല്ല. നിങ്ങളുടേതാണ് യഥാർത്ഥം."





ഈ പട്ടാള ഓഫീസർ പിന്നീട് എന്റെ ഒരു പറ്റം പുസ്തകങ്ങൾ വാങ്ങി. അവ ഒരു കെട്ടാക്കി തന്റെ വണ്ടിയിൽ വച്ചുകൊണ്ടു വീട്ടിലേക്കു വണ്ടി ഓടിച്ചുപോയി. വഴിയിൽ മറ്റൊരു കാർ അദ്ദേഹത്തിന്റെ കാറിനെ സമീപിച്ചു നിർത്തി. ആ കാറിന്റെ ഡ്രൈവർ ഒരു കെട്ടു പുസ്തകങ്ങളുമായാണ് വന്നത്. അതു പട്ടാള ഓഫീസറെ ഏൽപിച്ചുകൊണ്ട് "ഈ കെട്ട് താങ്കളുടെ കാറിൽനിന്ന് വഴിയിൽ വീണുപോയതാണ്. അതു ഞാൻ കണ്ടപ്പോൾ എടുത്തുകൊണ്ടു പുറകെ ഓടിച്ചുകൊണ്ടുവന്നതാണ്" എന്നു പറഞ്ഞു. ഇതു ദൈവികമായ സ്നേഹത്തിന്റെ ഒരു പിൻവിളിയാണെന്നു പട്ടാള ഓഫീസർക്കു തോന്നി. 'സ്വർഗത്തിന്റെ വേട്ടപ്പട്ടി' തന്റെ പിന്നാലെ തന്നെ തേടി വന്നു!- ഈ ബോധ്യത്തോടെ അദ്ദേഹം പുസ്തകങ്ങളിലൊന്ന് എടുത്തു വായിച്ചു. ക്രിസ്തുവിനു കീഴടങ്ങി. പൂർണമായും രക്ഷയുടെ സന്തോഷത്തിലേക്ക് അദ്ദേഹം വന്നു. ഒരു കാലത്ത് അകലെ നിന്നു തിരിച്ചറിഞ്ഞ ആ സന്തോഷം കീഴടങ്ങലിലൂടെയാണ് അദ്ദേഹം സ്വായത്തമാക്കിയത്. കീഴടങ്ങലിലൂടെ അദ്ദേഹം വിജയം കണ്ടെത്തി.

ഒരു ഓഫിസ് ജീവനക്കാരിയായ വനിത അസന്തുഷ്ടിക്കും പരാതിക്കും പേരുകേട്ടവളായിരുന്നു. അവളുടെ ആ മനോഭാവം ഓഫീസിൽ മുഴുവൻ ഗ്ലാനി പരത്തുമായിരുന്നു. ഒരു ദിവസം അവളുടെ മേലധികാരി-അദ്ദേഹം ആയിടെ കീഴടങ്ങലിലൂടെ പുതുജീവിതത്തിലേക്കു വന്നതായിരുന്നു.-പതിവനുസരിച്ചുള്ള 'സുപ്രഭാതം' എന്ന വാക്കിന് പകരം ഇങ്ങനെ സ്വാഗതം ചെയ്തു. 'നിങ്ങൾ ആ സദ്വാർത്ത കേട്ടോ?' 'ങേ, എന്താണത്?' അവൾ ചോദിച്ചു. "ദൈവം നിന്നെ സ്നേഹിക്കുന്നുവെന്ന്"-അദ്ദേഹത്തിന്റെ മറുപടി. അവൾ ഉടനെ തനിയെ ഒരു ഒഴിഞ്ഞ സ്ഥലത്തേക്കു പോയി. തന്റെ വാക്കിലെയും മനോഭാവത്തിലെയും കയ്പും അതിനും ആഴത്തിൽ പകയുള്ള സ്വയവും അവൾ ക്രിസ്തുവിനു മുന്നിൽ കീഴടക്കി കൊടുത്തു. അവൾ പൂർണമായും പരിവർത്തനം പ്രാപിച്ചു. ഇപ്പോൾ അവളെക്കുറിച്ചു മേലധികാരി ഇങ്ങനെ പറയുന്നു: "അവളിലുണ്ടായ സ്നേഹത്തിന്റെയും നന്മയുടെതുമായ തീപ്പൊരി ഇപ്പോൾ ഓഫിസിൽ ഒരു പുതിയ വെളിച്ചമായി. അത് ഓഫിസിന്റെ മുഴുവൻ അന്തരീക്ഷത്തെയും വ്യത്യാസപ്പെടുത്തി." കീഴടങ്ങലിലൂടെ ലഭ്യമായ വിജയം!

ഒരു മനുഷ്യനും അദ്ദേഹത്തിന്റെ ഭാര്യയും തമ്മിൽ അഭിപ്രായവ്യത്യാസം. ഇരുവരും അവരവരുടെ അവകാശങ്ങൾക്കുവേണ്ടി നിലകൊണ്ടു. രാവിലെ കിടന്നുറങ്ങാൻ തനിക്ക് അവകാശമുണ്ടെന്നും പ്രഭാതഭക്ഷണം ഉണ്ടാക്കാനുള്ള ചുമതല ഭർത്താവിനാണെന്നുമായിരുന്നു ഭാര്യയുടെ അഭിപ്രായം. അവൾ തന്റെ അഭിപ്രായത്തിൽ ഉറച്ചുനിന്നു; അല്ലെങ്കിൽ ആ അഭിപ്രായത്തിന്റെ മേൽ കിടന്നു എന്നു പറയാം. അങ്ങനെയിരിക്കെ അവൾ ഞങ്ങളുടെ ഒരാശ്രമത്തിൽ വന്നു ക്രിസ്തുവിനു മുമ്പിൽ സമർപ്പിതയായി മാനസാന്തരപ്പെട്ടു. "ഞാൻ തിരിച്ചു വീട്ടിൽ ചെല്ലുമ്പോൾ എന്തു ചെയ്യണം?" അവൾ ചോദിച്ചു. വീട്ടിൽ ചെല്ലുമ്പോൾ " ഞാനാണ് എല്ലാ കുഴപ്പത്തിന്റെയും ഉത്തരവാദി" എന്നു ഭർത്താവിനോടു സമ്മതിക്കണം എന്നു ഞങ്ങൾ പറഞ്ഞുകൊടുത്തു."ഓ, അതു മാത്രം കഴിയുകയില്ല. കാരണം അതാണ് ഞങ്ങൾ തമ്മിലുള്ള എല്ലാ പ്രശ്നത്തിന്റെയും കാതൽ. ഞാൻ പറയും അദ്ദേഹമാണ് കുഴപ്പത്തിനെല്ലാം ഉത്തരവാദിയെന്ന്. അദ്ദേഹം പറയും ഞാനാണു ത്തരവാദിയെന്ന്."

**ഇപ്പോൾ അന്യോന്യം പോരടിക്കുന്നതിനു പകരം ആ ദമ്പതികൾ ഒന്നാണ്. അവർ ഇന്ന് ഒരു ടീമായി പുറത്തുപോയി ദൈവത്തിനു മുമ്പിൽ കീഴടങ്ങുന്നതെങ്ങനെയാണെന്നു സാക്ഷിച്ച് വളരെപ്പേരെ ഈ പാതയിലേക്കു കൊണ്ടുവരുന്നു. അവർ ഇരുവരും കീഴടങ്ങലിലൂടെ വിജയം കണ്ടെത്തി. ജീവിതത്തിന്റെ പ്രതിസന്ധിയിൽ ഒരിക്കലായി എന്നേക്കുമുള്ള കീഴടങ്ങലാകട്ടെ, പ്രശ്നങ്ങൾ വരുമ്പോൾ ദിനംതോറുമുള്ള കീഴടങ്ങലാകട്ടെ, പോംവഴി ഒന്നേയുള്ളു-കീഴടങ്ങലിലൂടെ വിജയം.**

"ആട്ടെ, പോയി പ്രാർത്ഥിച്ചാട്ടെ" ഞങ്ങൾ അവളെ യാത്രയാക്കി.

അവൾ വീട്ടിൽ ചെന്നു. രാവിലെ എഴുന്നേറ്റു പ്രഭാതഭക്ഷണം തയ്യാറാക്കി. അതുതന്നെ ഭർത്താവിനെ ആശ്ചര്യപ്പെടുത്തിയെങ്കിലും അയാൾ ഒന്നും മനസ്സിലാകാത്തതുപോലെ അഭിനയിച്ചു. അദ്ദേഹം ചോദിച്ചു: "ആട്ടെ, പൊങ്ങച്ചക്കാരി മിസ്സേ, നീ ആശ്രമത്തിൽപോയി എന്തു പഠിച്ചു?"

"ഞാനാണ് എല്ലാ കുഴപ്പത്തിനും ഉത്തരവാദിയെന്നു ഞാൻ പഠിച്ചു." തുടർന്ന് അവൾ സ്വന്തം കസേരയിൽ നിന്നെഴുന്നേറ്റ് അദ്ദേഹം ഇരുന്ന കസേരയുടെ അടുത്തുചെന്നു തറയിൽ മുട്ടുകുത്തി കൈകൂപ്പി ഇങ്ങനെ അപേക്ഷിച്ചു: "എന്നോടു ക്ഷമിക്കുക. ഞാനാണ് എല്ലാ കുഴപ്പങ്ങൾക്കും ഉത്തരവാദി". തുടർന്ന് സംഭവിച്ചത് അവൾ ഇങ്ങനെ വിവരിച്ചു: "അദ്ദേഹം മേശയൊക്കെ തകിടം മറിച്ച് എഴുന്നേറ്റ് എന്റെ അടുക്കൽ വന്നു മുട്ടുകുത്തി എന്റെ കൂപ്പിയ കരങ്ങളിൽ മുറുകെപ്പിടിച്ച് ഇങ്ങനെ പറഞ്ഞു: "കുഴപ്പത്തിന് ഉത്തരവാദി സത്യത്തിൽ നീയല്ല ഞാനാണ്" . അവിടെ അവർ തമ്മിൽ കണ്ടുമുട്ടി–ദൈവത്തേയും. ഇരുവരും ദൈവത്തിനു മുമ്പിൽ കീഴടങ്ങി; അന്യോന്യവും. അവർ സ്വതന്ത്രരായി. ഇപ്പോൾ അന്യോന്യം പോരടിക്കുന്നതിനു പകരം ആ ദമ്പതികൾ ഒന്നാണ്. അവർ ഇന്ന് ഒരു ടീമായി പുറത്തുപോയി ദൈവത്തിനു മുമ്പിൽ കീഴടങ്ങുന്നതെങ്ങനെയാണെന്നു സാക്ഷിച്ച് വളരെപ്പേരെ ഈ പാതയിലേക്കു കൊണ്ടുവരുന്നു. അവർ ഇരുവരും കീഴടങ്ങലിലൂടെ വിജയം കണ്ടെത്തി.

ജീവിതത്തിന്റെ പ്രതിസന്ധിയിൽ ഒരിക്കലായി എന്നേക്കുമുള്ള കീഴടങ്ങലാകട്ടെ, പ്രശ്നങ്ങൾ വരുമ്പോൾ ദിനംതോറുമുള്ള കീഴടങ്ങലാകട്ടെ, പോംവഴി ഒന്നേയുള്ളു–കീഴടങ്ങലിലൂടെ വിജയം.

**'Now, you can pay your subscription, online!'.**

**Jeevamozhikal - Direct Fund transfer Details**

Account Name: JEEVAMOZHIKAL
Account No. : 67074193088
Bank & Branch: SBT, Kumaranalloor, Kottayam
Bank IFSC CODE : SBTR0000677

**Note:**
Immediately after the fund transfer, kindly email to jeevamozhikal@gmail.com with the **transaction details, your address, phone number and the subscription reference number**.





**ഇത്തിരിവെട്ടം**

# ലോകത്തിന് വലുത്, ദൈവത്തിന് വെറുപ്പ്

"മനുഷ്യരുടെ ഇടയിൽ ഉന്നതമായതു ദൈവത്തിന്റെ മുമ്പാകെ അറപ്പത്രേ." (ലൂക്കോ. 16:15). ലോകം വലുതെന്നു കണക്കാക്കുന്ന സംഗതികൾക്ക് ദൈവത്തിന്റെ നോട്ടത്തിൽ യാതൊരു വിലയും ഇല്ലെന്നു മാത്രമല്ല, അവ വാസ്തവത്തിൽ ദൈവത്തിന് അറപ്പായതിനാൽ അവ നമുക്കും അറപ്പ് ആയിരിക്കണം. പണം എന്നത് ഭൂവാസികൾ എല്ലാവരും വിലമതിക്കുന്ന ഒരു കാര്യമാണ്. എന്നാൽ പണത്തെ സ്നേഹിക്കുകയും ധനികർ ആകുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നവർ ഉടനടിയോ അല്ലെങ്കിൽ പിന്നീടോ താഴെപ്പറയുന്ന എട്ടു ഭവിഷ്യത്തുകൾ സഹിക്കേണ്ടിവരും എന്നു ദൈവം പറയുന്നു. (1 തിമൊ. 6:9,10)

**ധനികർ ആകുവാൻ ആഗ്രഹിക്കുന്നവർ ഉടനടിയോ അല്ലെങ്കിൽ പിന്നീടോ അനുഭവിക്കേണ്ടിവരുന്ന എട്ടു ഭവിഷ്യത്തുകൾ**

1. അവർ പരീക്ഷയിൽ വീഴും
2. അവർ ഒരു കെണിയിൽ അകപ്പെടും.
3. അവർ ബുദ്ധിഹീനമായ മോഹങ്ങൾക്ക് ഇരയായിത്തീരും.
4. അവർ ദോഷകരമായ മോഹങ്ങളിൽ കുടുങ്ങും.
5. അവർ നാശത്തിലേക്ക് കൂപ്പുകുത്തും.
6. അവർ സംഹാരത്തിൽ മുങ്ങിപ്പോകും.
7. അവർ വിശ്വാസം വിട്ടകന്ന് ഉഴന്നു നടക്കും.
8. അവർ ബഹുദുഃഖങ്ങൾക്ക് അധീനരായിത്തീരും.

ഓരോ സ്ഥലങ്ങളിലുമുള്ള വിശ്വാസികൾക്ക് ഇക്കാര്യങ്ങൾ വന്നു ഭവിക്കുന്നത് വീണ്ടും വീണ്ടും കണ്ടിട്ടുണ്ട്.

ഈ നാളുകളിൽ കർത്താവിൽ നിന്നുള്ള ഒരു പ്രവചനശബ്ദം നമ്മുടെ ദേശത്ത് വളരെ ദുർല്ലഭമായിരിക്കുന്നതിന്റെ പ്രധാന കാരണങ്ങളിൽ ഒന്ന് മിക്ക പ്രസംഗകരും പണസ്നേഹികളാണ് എന്നതാണ്. പണസംബന്ധമായ കാര്യങ്ങളിൽ അവിശ്വസ്തരായ വ്യക്തികൾക്ക് യഥാർത്ഥമായ ധനം (പ്രവചനശബ്ദം എന്നത് അവയിൽ ഒന്നാണ്) ദൈവം നൽകുകയില്ല എന്ന് യേശു പറഞ്ഞു. (ലൂക്കോ 16:11).

അതുകൊണ്ടാണ് സഭായോഗങ്ങളിൽ നമുക്ക് വിരസമായ അനേകം പ്രസംഗങ്ങളും, സാക്ഷ്യങ്ങളും കേൾക്കേണ്ടിവരുന്നത്.

*സമാഹൃതം   മൊഴിമാറ്റം–സുജ*

തിരുവെഴുത്തുകളെ പരിശോധിക്കുക



# ബൈബിളിലൂടെ...

## മത്തായി എഴുതിയ സുവിശേഷം

(തുടർച്ച)

### അധ്യായം 24

**അ**തുപോലെ തന്നെ നാം പഠിപ്പിക്കുന്ന ചില പ്രമാണങ്ങളെ അനുസരിക്കാൻ കഴിയുന്ന ക്രിസ്ത്യാനിക്ക് പുറംപൂച്ചു മാത്രമുള്ള മതാനുസാരികളെ ഉണ്ടാക്കുക വളരെ എളുപ്പമാണ്. ഏതോ മിഷനറിമാർ തങ്ങളുടെ ക്രിസ്തീയദർശനത്തിൽ രൂപാന്തരം വരുത്തിയ ചില ക്രിസ്ത്യാനികളെ ഏതാനും വർഷങ്ങൾക്കുമുമ്പ് ഒരു ഗ്രാമത്തിൽ വച്ചു കാണുവാനിടയായി. അവരുടെ ജീവിതത്തിൽ യാതൊരു വിശുദ്ധിയും ഉണ്ടായിരുന്നില്ല. ആകെയുള്ള മാറ്റം തങ്ങളുടെ പഴയ ദേവസ്തുതികളെ വിട്ട് ക്രിസ്തുവിനെ സ്തുതിക്കുന്ന പാട്ടുകൾ പാടുന്നതു മാത്രമായിരുന്നു. ചിലർ തങ്ങളുടെ പേരുകളിലും മാറ്റം വരുത്തുവാൻ തയ്യാറായിരുന്നു. അങ്ങനെ ആ മിഷനറിമാർ അവരെ ഇരട്ടി നരകയോഗ്യർ ആക്കിത്തീർത്തു.

യേശു പരീശന്മാരെ അണലികളേ (23:33) എന്നു സംബോധന ചെയ്യുകയും ആ മാർഗ്ഗത്തെ തള്ളിപ്പറയുകയും ചെയ്തു. താൻ തള്ളിപ്പറഞ്ഞവരുടെ പാപങ്ങൾക്കു വേണ്ടിക്കൂടി താൻ മരിക്കാനിരുന്നതിനാൽ യേശുവിന് അതു ചെയ്‌വാൻ അർഹതയുണ്ടായിരുന്നു. "കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻ കീഴിൽ ചേർക്കുമ്പോലെ അവരെ ചേർക്കുവാൻ അവിടുന്ന് വർഷങ്ങളായി ആഗ്രഹിച്ചിരുന്നു." (23:37) മറ്റുള്ളവരുടെ പാപങ്ങൾക്കുവേണ്ടി ആവശ്യമെങ്കിൽ ജീവൻ വയ്ക്കുവാനും നാം തയ്യാറെങ്കിൽ നമുക്ക് അവരുടെ പാപത്തെയും തള്ളിപ്പറയുവാൻ കഴിയും. അപ്രകാരം ജീവൻ നൽകുന്ന സ്നേഹം നമ്മിലില്ലെങ്കിൽ അന്യരുടെ പാപത്തെ നാം തള്ളിപ്പറയുമ്പോൾ നാം വെറും കപടഭക്തിക്കാരായ, സ്വമേധാപ്രവാചക ശുശ്രൂഷ ചെയ്യുന്ന വ്യക്തികളായിത്തീരും.

24-ാം അദ്ധ്യായത്തിൽ യേശു തന്റെ മടങ്ങിവരവിനെക്കുറിച്ചുള്ള സൂചനകൾ നൽകുന്നു. അന്ത്യനാളുകളുടെ പ്രാഥമിക അടയാളം വഞ്ചനയായിരിക്കുമെന്നു യേശു ആവർത്തിച്ചു പറയുന്നു (വാ. 4, 11, 24) തുടർന്നു താൻ ശപിച്ച .... (യിസ്രായേൽ) വൃക്ഷത്തെക്കുറിച്ച് യേശു പറയുന്നു. യാതൊരു ഫലവുമില്ലാത്ത (ആത്മീയത) ഇല മാത്രമുള്ള (മതഭക്തി) യിസ്രായേൽ (മർക്കോ. 11:13-21) അതിന്റെ ഇല (ആത്മീയത കൂടാതെയുള്ള മതഭക്തി) വീണ്ടും തളിർക്കുമെന്ന് യേശു മുന്നറിയിപ്പു നൽകുന്നു. (മത്താ. 24:32, 33) യേശുവിന്റെ ക്രൂശീകരണം കഴിഞ്ഞ് ഏകദേശം നാല്പതു വർഷമായപ്പോൾ യിസ്രായേൽ രാഷ്ട്രം ചിതറിക്കപ്പെട്ടു. അതിനുശേഷം 1967-ലാണ് അവർക്കു മടങ്ങിവന്ന് ഒരു രാഷ്ട്രരൂപീകരണം സാദ്ധ്യമായത്. അതുകൊണ്ടുതന്നെ കർത്താവിന്റെ വരവു സമീപമായി എന്നകാര്യം ഏതാണ്ട് ഉറപ്പായി. മഹാപീഡനകാലത്തിനുശേഷം താൻ തന്റെ മക്കളെക്കൂട്ടിച്ചേർക്കുവാൻ വരുമെന്നും യേശു പഠിപ്പിച്ചു. (വാ. 29) താൻ








മിന്നൽ പ്രകാശിക്കുമ്പോലെ പ്രകാശത്തോടെ വരുന്നതിനാൽ ഏവരും തന്നെ കാണുമെന്നും യേശു പറഞ്ഞു. (വാ. 27) കർത്താവു രഹസ്യത്തിൽ വരുമെന്നു പഠിപ്പിക്കുന്നവരെ വിശ്വസിക്കരുതെന്നും യേശു പറഞ്ഞു. (വാക്യം 26) താൻ ദൂതന്മാരുമായി മഹാകാഹളധ്വനിയോടെ മേഘത്തിൽ വന്നു ലോകത്തിലെമ്പാടുമുള്ള തന്റെ മക്കളെ കൂട്ടിച്ചേർക്കുമെന്ന് യേശു പറഞ്ഞു. 1 തെസ്സ. 4:16, 17-ൽ പൗലോസ് വിശദീകരിക്കുന്നതുപോലെതന്നെയാണ് യേശുവും വിശുദ്ധന്മാരുടെ ചേർക്കലിനെക്കുറിച്ചു പഠിപ്പിക്കുന്നത്. മഹാപീഡനത്തിനു ശേഷമായിരിക്കും ഈ കൂടിച്ചേർക്കൽ എന്ന് യേശു വ്യക്തമായി പഠിപ്പിച്ചിരിക്കുന്നു (വാ. 29) നമ്മുടെ കർത്താവു പഠിപ്പിച്ചതിനു വിരുദ്ധമായി മനുഷ്യരുടെ ഉപദേശങ്ങൾ ഇക്കാര്യത്തിൽ നമുക്കു സ്വീകാര്യമല്ല.

### അദ്ധ്യായം -25

25-ാം അദ്ധ്യായത്തിൽ തന്റെ വരവിനു വേണ്ടിയുള്ള ഒരുക്കം മൂന്ന് ഉപമകളിലൂടെ യേശു പഠിപ്പിക്കുന്നു. തന്റെ വരവിനുവേണ്ടി ഒരുങ്ങുന്ന കാലഘട്ടം മനസ്സിലാക്കിയോ പ്രാവചനിക വിവരപ്പട്ടിക പഠിച്ചു ഹൃദിസ്ഥമാക്കിയോ അല്ല ആത്മീയമായ ഉണർവ്വിലൂടെ മാത്രമാണത്. നമ്മുടെ മനസ്സിനേക്കാൾ ഇക്കാര്യത്തിൽ പ്രാധാന്യം നമ്മുടെ ഹൃദയത്തിനാണ്. ഒന്നാമത്തെ ഉപമയിൽ ഹൃദയശുദ്ധിക്കാണ് പ്രാധാന്യം. പത്തു കന്യകമാരും പുറമേ ശുദ്ധിയുള്ളവരാണ്. എന്നാൽ അഞ്ചുപേർ ക്രിസ്തുവിനോടു പരിശുദ്ധാത്മാവിലുള്ള സ്നേഹത്താൽ തങ്ങളുടെ ഹൃദയത്തെ നിർമ്മലീകരിച്ചവരാണ് (വാക്യം 7-11).

നാം ചെയ്യുന്ന എല്ലാ പ്രവൃത്തികളുടെയും ഉദ്ദേശ്യം ക്രിസ്തുവിനോടുള്ള സ്നേഹമല്ലെങ്കിൽ പുറമേ നാം എത്ര വിശുദ്ധരെങ്കിലും നാം ബുദ്ധിയില്ലാത്തവരാണ്. ആദ്യസ്നേഹം വെടിഞ്ഞ് എഫെസോസിലെ സഭയും ഇപ്രകാരം മൂഢകന്യകയായിത്തീർന്നു. (വെളി. 2:4) ദൈവം നൽകിയ താല

**ദൈവം നമുക്കു വ്യത്യസ്തങ്ങളായ വരങ്ങളും കഴിവുകളും നൽകിയിരിക്കുന്നു. നമുക്കു നൽകിയിരിക്കുന്നതിനനുസൃതമായ ഫലം നാം പുറപ്പെടുവിക്കണമെന്നും അവിടുന്നാഗ്രഹിക്കുന്നു. അതിലധികം അവിടുന്നു പ്രതീക്ഷിക്കുന്നില്ല. അതുകൊണ്ടാണ് രണ്ടു താലന്തു നേടിയവനും അഞ്ചു താലന്തു നേട്ടമുണ്ടാക്കിയവന്റെ അതേ പ്രശംസയും പ്രതിഫലവും വാഗ്ദാനം ചെയ്യപ്പെടുന്നത്.**

ന്തുകൾ തന്റെ രാജ്യത്തിനുവേണ്ടി വ്യാപാരം ചെയ്യുന്നതിലെ വിശ്വസ്തതയാണ് രണ്ടാം ഉപമയുടെ പ്രമേയം (വാക്യം 14-30). ദൈവം നമുക്കു വ്യത്യസ്തങ്ങളായ വരങ്ങളും കഴിവുകളും നൽകിയിരിക്കുന്നു. നമുക്കു നൽകിയിരിക്കുന്നതിനനുസൃതമായ ഫലം നാം പുറപ്പെടുവിക്കണമെന്നും അവിടുന്നാഗ്രഹിക്കുന്നു. അതിലധികം അവിടുന്നു പ്രതീക്ഷിക്കുന്നില്ല. അതുകൊണ്ടാണ് രണ്ടു താലന്തു നേടിയവനും അഞ്ചു താലന്തു നേട്ടമുണ്ടാക്കിയവന്റെ അതേ പ്രശംസയും പ്രതിഫലവും വാഗ്ദാനം ചെയ്യപ്പെടുന്നത് (വാ. 21, 23) മൂന്നാമത്തെ ഉപമയിൽ (ചെമ്മരിയാടുകളുടെയും കോലാടുകളുടെയും) ആവശ്യത്തിലിരിക്കുന്ന സഹവിശ്വാസികളോടു നാം എങ്ങനെ പ്രതികരിക്കുന്നു എന്നതിനെ ആശ്രയിച്ചാണു നമുക്കു പ്രതിഫലം ദൈവം നൽകുന്നതെന്നു പറയുന്നു (വാ. 31-36) നമ്മുടെ വിശ്വാസം ജീവനുള്ളതാണെന്നു തെളിയിക്കുന്നത് ഇതാണ് (യാക്കോ. 2:4-17

**അധ്യായം 27**

27:3-ൽ മാനസാന്തരം എങ്ങനെ പൊള്ളയും അയഥാർത്ഥവുമായിത്തീരാം എന്നു പറയുന്നു. യൂദയ്ക്കും ഒരു തരത്തിലുള്ള മാനസാന്തരം ഉണ്ടായിരുന്നു (തന്റെ പാപത്തെക്കുറിച്ച് ദുഃഖം) കർത്താവിന്റെ അടുത്ത് അതു ഏറ്റു പറയുന്നതിനു പകരം അവൻ ഇന്നു പലരും ചെയ്യുന്നതുപോലെ പുരോഹിതന്മാരുടെ അടുത്തേക്കാണ് പോയത്. അങ്ങനെ അവൻ നരകവിധിയ്ക്കു യോഗ്യനായി. കർത്താവിനു മാത്രമേ നമ്മുടെ പാപത്തിനു പരിഹാരം നൽകാൻ കഴിയൂ. മറ്റാർക്കുമതു കഴിയില്ല.

**അധ്യായം 28**

28-ാം അധ്യായത്തിന്റെ ആദ്യ വാക്യങ്ങളിൽ യേശുവിന്റെ പുനരുത്ഥാനത്തെക്കുറിച്ചു നാം വായിക്കുന്നു. പുനരുത്ഥാനമില്ലായിരുന്നുവെങ്കിൽ തന്റെ മരണം വ്യർത്ഥമാകുമായിരുന്നു. ദൈവപുത്രനം തന്റെ അവകാശവാദത്തിനു തെളിവുണ്ടാക്കുകയായിരുന്നില്ല. നമ്മുടെ പാപങ്ങൾക്കു വേണ്ടിയുള്ള യേശുവിന്റെ മരണം, അവിടുത്തെ പുനരുത്ഥാനം- ഈ രണ്ട് ഇളകാത്ത അടിസ്ഥാനങ്ങളിന്മേലാണ് ക്രിസ്തീയ വിശ്വാസം ഉറപ്പിക്കപ്പെട്ടിരിക്കുന്നത്. മറ്റു മതങ്ങളിൽ നിന്നും അതിനെ വ്യത്യസ്തമാക്കുന്നതും ഈ രണ്ടു സത്യങ്ങളാണ്. ദൂതന്മാർ കല്ല് ഉരുട്ടി മാറ്റുമ്മുമ്പേതന്നെ ക്രിസ്തു കല്ലറ വിട്ടിരുന്നു എന്ന വസ്തുത ശ്രദ്ധിക്കുക (വാ.2) ദൂതൻ കല്ലുരുട്ടി മാറ്റിയതു കർത്താവിനു പുറത്തു കടക്കാനായിരുന്നില്ല, അവന്റെ ശിഷ്യർക്ക് അവൻ ഉയിർത്തെഴുന്നേറ്റുപോയി എന്ന വസ്തുത കണ്ടു ബോധ്യപ്പെടാനായിരുന്നു,

28:18-20 വാക്യങ്ങളിൽ യേശു തന്റെ ശിഷ്യന്മാർക്കു നൽകുന്ന മഹാനിയോഗം കാണാം. അതു അവിടുത്തെ ശിഷ്യരായ നമുക്കും ഉള്ളതാണ്. സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല കാര്യങ്ങളിന്മേലും കേവലമായ അധികാരം നമ്മുടെ കർത്താവിനു തന്നെയാണ് എന്ന വിശ്വാസം നമുക്കു





ബോധ്യപ്പെട്ടിട്ടില്ലെങ്കിൽ നാം ശിഷ്യരെയുണ്ടാക്കുവാൻ പോകുന്നതു പാടില്ല. എവിടെയെങ്കിലും ഒരു ആവശ്യമുണ്ടെന്നതിനാലോ ആരുടെയെങ്കിലും പ്രേരണയാലോ അല്ല നാം ശിഷ്യരെയുണ്ടാക്കുവാൻ പോകേണ്ടത്. മറിച്ച് സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും മുഴുവൻ അധികാരവുമുള്ള യേശു നമ്മോടു പോകുവാൻ കല്പിച്ചിരിക്കുന്നതിനാലാണ്.

സകല രാഷ്ട്രങ്ങളിലും എന്താണ് പോയി ചെയ്യേണ്ടത്? ശിഷ്യന്മാരെ ഉണ്ടാക്കുകയാണ്- പരിവർത്തിതരെയല്ല. അവരുടെ ഹൃദയത്തിൽ യേശുവിനെ സ്വീകരിക്കുന്ന ഒരു പ്രവൃത്തിയല്ല നാം ചെയ്യേണ്ടത്. യേശുവിനെ അനുഗമിക്കുവാനും യേശുവിൽ നിന്നു പഠിക്കുവാനും താത്പര്യമുള്ള ശിഷ്യരെ കണ്ടെത്തുകയാണ്. അങ്ങനെയുള്ള ശിഷ്യരെ മാത്രമേ നാം സ്നാനപ്പെടുത്തുവാൻ പാടുള്ളു.

ത്രിത്വ നാമത്തിലുള്ള സ്നാനം ഐച്ഛികമല്ല. അതു നിർബന്ധമാണ്. "ഞങ്ങളുടെ ഐക്യത്തെ ബാധിക്കുമെന്നതിനാൽ ഞാൻ സ്നാനത്തെക്കുറിച്ചു പഠിപ്പിക്കാറില്ല" എന്നു പറയുന്ന സാമുദായികസംഘടനകളെപ്പോലെ നമുക്കു പറയുവാൻ പാടില്ല. നമ്മുടെ കർത്താവു ആജ്ഞാപിച്ചതെല്ലാം നാം ഉപദേശിക്കണം. അതിനുശേഷം ആ ശിഷ്യരെ നാം സഭയിൽ ചേർത്തു പണിയണം. അവിടെയാണ് യേശു കല്പിച്ചതൊക്കെയും അനുസരിക്കുവാൻ നാം അവരെ പ്രാപ്തരാക്കുന്നത്.

ഒന്നാമത് പോകുക, പിന്നെ ശിഷ്യന്മാരെയുണ്ടാക്കുക തുടർന്നു സ്നാനപ്പെടുത്തുക എന്ന ക്രമം മഹാനിയോഗത്തിൽ തികച്ചും വ്യക്തമാണ്. അതിനുശേഷം എല്ലാ കല്പനകളും അനുസരിക്കുവാൻ അവരെ പഠിപ്പിക്കുക. ഈ മഹാനിയോഗത്തിന്റെ പ്രാധാന്യം തികച്ചും വ്യക്തമാണ്. അതിനുശേഷം

**ത്രിത്വ നാമത്തിലുള്ള സ്നാനം ഐച്ഛികമല്ല. അതു നിർബന്ധമാണ്. "ഞങ്ങളുടെ ഐക്യത്തെ ബാധിക്കുമെന്നതിനാൽ ഞാൻ സ്നാനത്തെ കുറിച്ചു പഠിപ്പിക്കാറില്ല" എന്നു പറയുന്ന സാമുദായികസംഘടനകളെപ്പോലെ നമുക്കു പറയുവാൻ പാടില്ല. നമ്മുടെ കർത്താവു ആജ്ഞാപിച്ചതെല്ലാം നാം ഉപദേശിക്കണം. അതിനുശേഷം ആ ശിഷ്യരെ നാം സഭയിൽ ചേർത്തു പണിയണം. അവിടെയാണ് യേശു കല്പിച്ചതൊക്കെയും അനുസരിക്കുവാൻ നാം അവരെ പ്രാപ്തരാക്കുന്നത്.**

എല്ലാ കല്പനകളും അനുസരിക്കുവാൻ അവരെ പഠിപ്പിക്കുക. ഈ മഹാനിയോഗത്തിന്റെ മുന്നും പിന്നും ഒരു പ്രഖ്യാപനവും ഒരു വാഗ്ദാനവും കൊണ്ടു മുദ്രയിട്ടിരിക്കുന്നു. തുടക്കത്തിൽ " സകല അധികാരവും .യേശുവിൽ നിക്ഷിപ്തമായിരിക്കുന്നു ഒടുക്കം. "ലോകാവസാനത്തോളം എല്ലാ നാളും ഞാൻ നിങ്ങളോടു കൂടെയുണ്ട്."

"എല്ലാനാളും ഞാൻ നിങ്ങളോടു കൂടെയുണ്ട്" എന്ന വാഗ്ദാനം അവകാശപ്പെടാൻ അധികം പേർക്കും താൽപര്യമാണ് എന്നാൽ അതു ആർക്കാണ് നൽകപ്പെട്ടിരിക്കുന്നത്? അതു ശിഷ്യരെയുണ്ടാക്കാൻ ലോകമെങ്ങും പോകുന്നവർക്കുള്ളതാണ്. സമ്പത്തുണ്ടാക്കാൻ ഇവിടെയും അവിടെയും പോകുന്ന വിശ്വാസികൾക്കുള്ളതല്ല. (അത്തരത്തിലുള്ളവർ അതിന് അവകാശം പറയാൻ പാടുള്ളതല്ല)നിങ്ങൾ ശിഷ്യരെയുണ്ടാക്കാൻ എവിടെയും പോകുന്നവരെങ്കിൽ തീർച്ചയായും നിങ്ങൾക്കത് അവകാശപ്പെടുവാൻ കഴിയും. അതു നിങ്ങൾക്കുള്ളതാണ്.

**മൊഴിമാറ്റം: ബോബി ചെറിയാൻ**

ധ്യാനം

# ക്രിസ്തുവിന്റെ സ്നേഹം

**താൻ** ക്രൂശിലേയ്ക്ക് പോകും മുമ്പ് തന്റെ ശിഷ്യൻമാർക്ക് ഒരു പുതിയ കൽപ്പന നൽകി. താൻ അവരെ സ്നേഹിച്ചതു പോലെ അവർ തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്നതായിരുന്നു അത്. (യോഹ.13:34) യേശുവിന്റെ കൽപ്പന ദൈവകൃപ കൂടാതെ നിവർത്തിക്കുവാൻ സാധിക്കാതെയാക്കിയത് ഈ വചനമാണ്.

ക്രിസ്തുസ്നേഹത്തിന്റെ എടുത്ത് പറയാവുന്ന പ്രത്യേകത എന്താണ്? തീർച്ചയായും അത് അവിടുന്നു മരിച്ച ക്രൂശ് തന്നെയാണ്. അവിടുന്നെന്നോട് താൻ സ്നേഹിച്ചതു പോലെ മറ്റുള്ളവരെ സ്നേഹിക്കുവിൻ എന്നു പറയുമ്പോൾ തന്നെ ഒരു മാതൃകയാക്കി സഹോദരനോടുള്ള ബന്ധത്തിൽ സ്വയത്തെ മരിപ്പിക്കുവാനാണ് ആവശ്യപ്പെടുന്നത്. ക്രിസ്തുവിന്റെ ശരീരമാവുന്ന സഭയിലെ മറ്റ് അംഗങ്ങളോടുള്ള എന്റെ ബന്ധത്തിന്റെ പ്രത്യേകതയാണ് സ്വയത്തെ വെടിയുക എന്നത്. ഇതും ഇതിനേക്കാൾ ഒട്ടും കുറയാത്തതുമാണ് ക്രിസ്തീയസ്നേഹം. നാമും സഹോദരൻമാർക്കു വേണ്ടി ജീവനെ അർപ്പിക്കേണ്ടതാണ്. (1യോഹ.3:16) എന്ന് നമ്മളോട് പറയുമ്പോൾ അത് കേവലം ഭൗതികമരണത്തെ കുറിച്ചല്ല സൂചിപ്പിക്കുന്നത്; അതിനേക്കാൾ ബുദ്ധിമുട്ടുള്ള ചിലതിനെയാണ്. സഹവിശ്വാസികളോടുള്ള ബന്ധത്തിൽ ഒരു ദിവസം പല തവണ സ്വന്തജീവനെ വെച്ചു കൊടുക്കുന്നതിനാണ് യേശു നമ്മെ വിളിക്കുന്നത്. ഇതിനേക്കാൾ എളുപ്പമാണ് ഒരു തവണ രക്തസാക്ഷിയായി മരിക്കുന്നത്.

ഇത്തരത്തിൽ ത്യാഗപൂർണമായ സ്നേഹമാണ് ക്രിസ്തുവിന്റെ ശരീരത്തിലെ അടിസ്ഥാന പ്രമാണം. നാൾതോറും ക്രൂശെടുത്ത് സ്വന്തജീവനെ

**മറ്റുള്ളവരോടുള്ള ബന്ധത്തിന്റെ അടിസ്ഥാന പ്രമാണമായി ക്രൂശിലെ സ്നേഹത്തെ കാണുന്നില്ലെങ്കിൽ നാം ഒരിക്കലും വിശ്വാസികളുടെ ഇടയിൽ ക്രിസ്തീയ കൂട്ടായ്മ അനുഭവിക്കയില്ല. അത്തരത്തിൽ ഒരു സ്നേഹമില്ലാത്ത, കൂട്ടായ്മ എന്ന പേരിൽ നടക്കുന്ന, എല്ലാം ഒരു സാമൂഹിക സ്നേഹബന്ധം മാത്രമാണ്; അല്ലാതെ ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയല്ല. ഇത്തരം സ്നേഹബന്ധങ്ങൾ ലോകത്തിലെ പല ക്ലബുകളിലും ഉണ്ട്. ദു:ഖകരമെന്നു പറയട്ടെ ഇന്നുള്ള പല ക്രിസ്തീയ സഭകളും കൂട്ടങ്ങളും ഇത്തരം ക്ലബുകളേക്കാൾ ഒട്ടും മെച്ചമല്ല.**

വെടിയാത്തവന് ക്രിസ്തുവിന്റെ ശരീരത്തിലെ വേല തികയ്ക്കുവാൻ കഴിയുകയില്ല.

എന്തു കൊണ്ടാണ് നമുക്ക് മറ്റു ക്രിസ്ത്യാനികളോട് ദേഷ്യവും അസ്വസ്ഥതയും തോന്നുന്നത്. തീർച്ചയായും അതിനു കാരണം നമ്മുടെ സ്വയം, ജീവതത്തിന്റെ സിംഹാസനത്തിൽ തന്നെ ഇരിക്കുന്നു എന്നുള്ളതാണ്. നാം വളരെ പ്രധാനപ്പെട്ടവരാണെന്ന് സ്വയം കരുതുന്നു. മറ്റുള്ളവർ നമ്മെ ബഹുമാനിക്കുകയും നമ്മോടാലോചന ചോദിക്കുകയും വേണമെന്നാണ് നമ്മുടെ വിചാരം. നാം ആഗ്രഹിക്കുന്നതു പോലെ മറ്റുളവർ പെരുമാറണമെന്ന് ചിന്തിക്കുന്നു. മറ്റുള്ളവർ





നമ്മോട് വളരെ ദയയും കരുതലും ഉള്ളവരാകണമെന്നും അവർ നമ്മെ പ്രശംസിക്കണമെന്നും നാം ആഗ്രഹിക്കുന്നു. ക്രൂശിനെ അൽപ്പം പോലും അനുഭവിച്ചറിഞ്ഞിട്ടില്ല എന്നതിന്റെ വ്യക്തമായ തെളിവാണ് ഇത്തരം തോന്നലുകളും ആഗ്രഹങ്ങളും. നമ്മുടെ ജീവിതം ഇപ്പോഴും സ്വാർത്ഥത നിറഞ്ഞതും സ്വയത്തിലും അതിന്റെ താൽപ്പര്യങ്ങളിലും കേന്ദ്രീകരിച്ചിരിക്കുന്നതുമാണ്.

മറ്റുള്ളവരോടുള്ള ബന്ധത്തിന്റെ അടിസ്ഥാന പ്രമാണമായി ക്രൂശിലെ സ്നേഹത്തെ കാണുന്നില്ലെങ്കിൽ നാം ഒരിക്കലും വിശ്വാസികളുടെ ഇടയിൽ ക്രിസ്തീയ കൂട്ടായ്മ അനുഭവിക്കയില്ല. അത്തരത്തിൽ ഒരു സ്നേഹമില്ലാത്ത, കൂട്ടായ്മ എന്ന പേരിൽ നടക്കുന്ന, എല്ലാം ഒരു സാമൂഹിക സ്നേഹബന്ധം മാത്രമാണ്; അല്ലാതെ ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയല്ല. ഇത്തരം സ്നേഹബന്ധങ്ങൾ ലോകത്തിലെ പല ക്ലബുകളിലും ഉണ്ട്. ദു:ഖകരമെന്നു പറയട്ടെ ഇന്നുള്ള പല ക്രിസ്തീയ സഭകളും കൂട്ടങ്ങളും ഇത്തരം ക്ലബുകളേക്കാൾ ഒട്ടും മെച്ചമല്ല.

ഒരു ക്രിസ്തീയ കൂട്ടായ്മയിലെ അംഗങ്ങൾ തമ്മിൽ വളരെ ഇഴുകി ചേർന്നിരിക്കണം. കൂട്ടി യോജിപ്പിക്കുവാൻ പറ്റാത്ത അവയവങ്ങൾ പോലെ നമ്മെ കൂട്ടിയിട്ടിരിക്കുകയല്ല, മറിച്ച് മറ്റുള്ളവരുമായി യോജിച്ച് മനുഷ്യശരീരം പോലെ ജീവിക്കുന്ന ഒന്നാകണം. ഇത് യഥാർത്ഥമായി നടക്കുന്നതിന് ഒരു വില കൊടുക്കേണ്ടി വരും. ഓരോരുത്തരും മറ്റുള്ളവർക്കുവേണ്ടി സ്വന്തജീവനെ ത്യജിക്കുക എന്ന വിലയാണ് കൊടുക്കേണ്ടത്. ഈ പ്രമാണമനുസരിച്ച് ജീവിക്കുവാൻ തയ്യാറുള്ള ക്രിസ്തീയകൂട്ടങ്ങൾ മാത്രമാണ് അനുഗ്രഹിക്കപ്പെടുന്നത്.

**മൊഴിമാറ്റം: സാജു ജോസഫ്**

www.jeevamozhikal.org

## എഡിറ്റോറിയൽ *തുടർച്ച*

എല്ലാറ്റിനും ഉപരിയായി 'ക്രൂശ്' എന്ന വാക്ക് ആ അനുഭവം നമുക്കു സ്വാഭാവികമായി ഇഷ്ടപ്പെടാൻ കഴിയാത്ത ഒരു കഷ്തയാണെന്നു വ്യക്തമാക്കുന്നു. ഈ കാര്യങ്ങളെല്ലാം ചേർത്തു ചിന്തിക്കുമ്പോൾ, നമ്മുടെ സ്വാഭാവികമനസ്സിനു അംഗീകരിക്കാൻ കഴിയാത്ത ഒരു പ്രകോപനത്തെ, താഴ്മയോടെ സ്വീകരിക്കുമ്പോൾ നമ്മുടെ ജഡത്തിൽ അനുഭവിക്കേണ്ടി വരുന്ന കഷ്ടതയാണു ക്രൂശെന്നു കാണാൻ കഴിയും. ഈ ക്രൂശ് നമ്മുടെ സ്വയജീവനെ പകയ്ക്കാൻ നമ്മെ സഹായിക്കും. ക്രൂശ് എപ്പോഴും യേശുവിന്റെ നമ്മോടുള്ള സ്നേഹത്തിന്റെ ഓർമ്മയുണർത്തുന്നു. നാം നമ്മുടെ ക്രൂശ് എടുക്കേണ്ടതും യേശുവിന്റെ സ്നേഹത്തോടുള്ള നമ്മുടെ പ്രതിസ്പന്ദനം എന്ന നിലയിലാണ്.

ശരാശരി വിശ്വാസിയുടെ അരിഷ്ടത നിറഞ്ഞ ജീവിതം എപ്പോഴും ഭാരമുള്ളതാണ്. മറിച്ച് ശിഷ്യത്വത്തിന്റെ വഴി സന്തോഷത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പാതയാണ്. അതുകൊണ്ട് യേശുവിന്റെ ആഹ്വാനം ഇന്നു വിശ്വാസികൾക്കും പ്രസക്തമാണ്: "അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരെ.. എന്റെ അടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും...എന്റെ നുകം മൃദുവും എന്റെ ചുമട് ലഘുവും ആകുന്നു'. ഉവ്വ്, മുന്നോട്ടുപോകുമ്പോൾ ശിഷ്യത്വത്തിന്റെ വ്യവസ്ഥകൾ നമുക്കു കൂടുതൽ കൂടുതൽ മൃദുവും ലഘുവുമായി അനുഭവപ്പെട്ടുകൊണ്ടിരിക്കും.

# വിശ്വസിക്കുക മാത്രം മതിയോ?

*പേജ് 10 ൽനിന്നു തുടർച്ച*

അനുതപിക്കുകയോ തങ്ങളുടെ പാപങ്ങളെക്കുറിച്ച് യഥാർത്ഥമായി ഖേദിക്കുകയോ ചെയ്യാതെ പോകുന്നു. വാസ്തവത്തിൽ ഉള്ള വിശ്വാസവും അവർക്ക് അന്യമാണ്. നിർഭാഗ്യമെന്നു പറയട്ടെ, യേശു പോലും വാഗ്ദാനം ചെയ്തിട്ടില്ലാത്ത ഒന്നാണ് നാം ഇവർക്ക് നൽകുവാൻ തുനിയുന്നത്-അനുതാപം ഇല്ലാത്ത രക്ഷ.

സമർപ്പണത്തിന് പിന്നിലെ വൈകാരികതപോലും ഇന്ന് സഭ ചോർത്തിക്കളഞ്ഞിരിക്കുന്നു. അല്ലെങ്കിൽ ഓർത്തു നോക്കൂ, വീണ്ടും ജനനത്തിലേക്ക് വരുന്നവരുടെ കവിളിൽ കണ്ണീരിന്റെ തിളക്കം നിങ്ങൾ ഈയിടെ കാണാറുണ്ടോ? കണ്ണീർ ആരെയും രക്ഷിക്കുകയില്ലെന്ന് എനിക്കറിയാം. പക്ഷേ ദൈവം നമ്മെയൊക്കെ പച്ചയായ വികാരങ്ങളുള്ള യഥാർത്ഥ മനുഷ്യജീവികളായിട്ടാണല്ലോ സൃഷ്ടിച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെ നരകത്തിലേക്ക് പലായനം ചെയതുകൊണ്ടിരിക്കുന്ന ഒരു പാപി പരിശുദ്ധാത്മാവിനാൽ പിടിക്കപ്പെടുമ്പോൾ പൂർവകാലത്ത് കർത്താവിനെ ദുഖിപ്പിച്ചതോർത്ത് ആഴമായ അനുതാപം അവൻ അനുഭവിക്കാതിരിക്കുമോ?

യേശുവിനെ തള്ളിപ്പറഞ്ഞപ്പോൾ പത്രോസ് ഇമ്മട്ടിലുള്ള ദൈവികദു.ഖം അനുഭവിച്ചു. യേശു തന്നോട് പറഞ്ഞത് പൊടുന്നനെ അവനോർത്തു. "കോഴി രണ്ടുവട്ടം കൂവും മുമ്പേ നീ മൂന്നുവട്ടം എന്നെ തള്ളിപ്പറയും എന്ന് യേശു തന്നോട് പറഞ്ഞ വാക്ക് പത്രോസ് ഓർത്ത് അതിനെക്കുറിച്ച് വിചാരിച്ച് കരഞ്ഞു." (മർക്കോ. 14:72).

പത്രോസ് യേശുവിന്റെ വാക്കുകൾ സ്മരിച്ചപ്പോൾതന്നെ വികാരതരളിതനായി. "ഞാൻ എന്റെ കർത്താവിനെ തള്ളിപ്പറഞ്ഞു" എന്നു വിലപിച്ചുകൊണ്ട് യെരുശലേം നഗരവീഥികളിലൂടെ അവനോടുകയാണുണ്ടായത്.

പ്രിയമുള്ളവരേ, ഇത്തരം അനുതാപം നമുക്ക് സ്വയം നമ്മുടെ ജഡത്തിൽ ഉളവാക്കാൻ കഴിയുകയില്ല. നാം പത്രോസിനെപ്പോലെ നമ്മുടെ നാഥനെ എത്രത്തോളം മുറിപ്പെടുത്തിയെന്ന സത്യം പരിശുദ്ധാത്മാവിനു മാത്രമേ നമുക്കു വെളിപ്പെടുത്തിത്തരുവാൻ കഴിയുകയുള്ളു. ആ വെളിപ്പാട് ആഴമായ ദു.ഖത്തിലേക്ക് നമ്മെ നയിക്കുകയും വേണം.

അവരുടെ ഉപദേശങ്ങളോടെല്ലാം ഞാൻ യോജിക്കുന്നില്ലെങ്കിലും പ്യൂരിട്ടൻ എഴുത്തുകാർ വിശുദ്ധിക്ക് നൽകിയിരിക്കുന്ന ഊന്നൽ എനിക്കിഷ്ടമാണ്. തങ്ങളുടെ സന്ദേശങ്ങളെ 'ആഴത്തിലുള്ള ഉഴുതുമറിക്കൽ' എന്നാണവർ വിളിച്ചിരിക്കുന്നത്. കേഴ്‌വിക്കാരുടെ ഹൃദയങ്ങളെ ആഴത്തിലുഴുതാൽ മാത്രമേ വിശ്വാസത്തിന്റെ യാഥാർത്ഥ വിത്തുകൾ വിതയ്ക്കാനാവൂ എന്നവർ വിശ്വസിക്കുന്നു.

പക്ഷേ ഇന്ന് മിക്ക പ്രസംഗങ്ങളും വെട്ടും കിളയും ഇല്ലാത്ത വിത്തുവിതയ്ക്കൽ മാത്രമാണ്. ആഴത്തിൽ കിളയ്ക്കുന്ന പ്രസംഗങ്ങൾ ഇന്നു വളരെ ചുരുക്കമായേ കേൾക്കാൻ കഴിയുന്നുള്ളു. ഇന്നത്തെ പല പ്രസംഗങ്ങളും രോഗത്തെ അവഗണിച്ച് പ്രതിവിധിയിലാണ് ശ്രദ്ധിക്കുന്നത്. ശസ്ത്രക്രിയ നടത്താതെ ഒരു മരുന്നുകുറിപ്പടി നൽകിവിടാനാണത് ശ്രമിക്കുന്നത്.

തങ്ങൾ രോഗികളാണെന്ന് ബോധ്യമില്ലാത്തവരെ അവരുടെ പാപരോഗം സൗഖ്യമായെന്ന് വിശ്വസിപ്പിക്കാനാണ് നാം ശ്രമിക്കുന്നത്. നഗ്നരാണെന്ന് ധാരണയില്ലാത്തവരെ നീതിയുടെ അങ്കി





## ജീവമൊഴി അർദ്ധദിന സമ്മേളനം

## കണ്ണൂരിൽ ഡിസംബർ 11 ന്

**ക്രിസ്തീയജീവിതത്തിലെ യാഥാർത്ഥ്യങ്ങളെക്കുറിച്ചുള്ള അന്വേഷണത്തിലാണോ നിങ്ങൾ? എങ്കിൽ ഈ സമ്മേളനത്തിലേക്കു സ്വാഗതം! പ്രവേശനം സൗജന്യം.**

**സ്ഥലം:**

**ജവഹർലാൽ നെഹ്റു പബ്ലിക് ലൈബ്രറി & റിസേർച്ച് സെന്റർ**
(ഒന്നാം നിലയിലെ ഓഡിറ്റോറിയം)
മുനിസിപ്പൽ ബസ്സ്റ്റാൻഡിനു സമീപം
യോഗശാല റോഡ്, കണ്ണൂർ

**സമയം:**

**2010 ഡിസംബർ 11 ശനിയാഴ്ച**
രാവിലെ പത്തു മുതൽ ഒരുമണി വരെ

**ചിന്താവിഷയം:**

'ക്രിസ്തീയമതത്തിനപ്പുറം ആത്മീയതയിലേക്ക്'

കൂടുതൽ വിവരങ്ങൾക്ക് : 9495575692, 9745568090

ജീവമൊഴിയുടെ ആഭിമുഖ്യത്തിലുള്ള ഈ സമ്മേളനം നിങ്ങളുടെ വിശ്വാസ ജീവിതത്തിന് പുതിയൊരു ദിശാബോധം നൽകും. പ്രാർത്ഥനാപൂർവം വരിക.

നാം ധരിപ്പിക്കുന്നു. വിശ്വസിക്കുക എന്നത് ഒരാവശ്യമായി ബോധ്യപ്പെട്ടിട്ടില്ലാത്തവരെ ക്രിസ്തുവിൽ വിശ്വസിക്കുവാൻ പ്രേരിപ്പിക്കുന്നു. "യേശുവിനെക്കൂടി ജീവിതത്തിൽ കൂട്ടിച്ചേർത്തതുകൊണ്ട് കുഴപ്പമൊന്നുമില്ലല്ലോ." എന്ന ചിന്തയോടെ അവർ അതിനു സമ്മതിക്കുന്നു- സി.എച്ച്. സ്പർജൻ എന്ന പ്രശസ്ത ക്രിസ്തീയ പ്രവർത്തകൻ ഇതേപ്പറ്റി പറഞ്ഞിട്ടുള്ളത് ഇപ്രകാരമാണ് " ഇന്ന് ആളുകൾ അനുതാപം കൂടാതെ വിശ്വാസത്തിലേക്ക് എടുത്തുചാടുകയാണ്. എന്റെ പഴയ സുഹൃത്ത്, അനുതാപം, മരിച്ചുപോയിട്ടില്ലെന്ന് ഞാൻ കരുതുന്നു. ഞാൻ അനുതാപവുമായി ആഴമേറിയ സ്നേഹബന്ധത്തിലാണ്. സത്യത്തിൽ വിശ്വാസത്തിന്റെ ഇരട്ടസഹോദരിയാണ് അനുതാപം".

അനുതാപം, ഒരിക്കൽ മാത്രം വേണ്ട ഒരനുഭവമല്ല. പാപത്തെക്കുറിച്ചുള്ള ദു.ഖം നിരന്തരം നമ്മുടെ അദ്ധ്യാപകനായിരിക്കണം. സ്പർജൻ സാക്ഷിക്കുന്നത് ഇപ്രകാരമാണ്: "മുപ്പതു വർഷം മുമ്പ് രക്ഷകനിലേക്കു വരുമ്പോൾ ഉണ്ടായിരുന്നതിനേക്കാൾ പതിന്മടങ്ങ് ദു.ഖം ഇന്ന് പാപത്തെക്കുറിച്ച് എനിക്കുണ്ട്. അന്നത്തേക്കാൾ എത്രയോ ഇരട്ടി ഇന്നു ഞാൻ പാപത്തെ വെറു

**(ശേഷം പേജ് 35 ൽ)**

ചരിത്രകഥ



# മരണത്തെ പേടിയില്ലാത്തവർ

കഥ ഇതുവരെ

*റോമാ നഗരം. ആദ്യനൂറ്റാണ്ടിൽ റോമൻചക്രവർത്തിമാരുടെ പീഡനത്തെ ഭയന്ന് ക്രിസ്ത്യാനികൾ രഹസ്യതാവളത്തിൽ കഴിയുന്ന കാലം. റോമിലെ അരീനയിൽ ക്രിസ്തീയവിശ്വാസികൾ മൃഗങ്ങളോട് ഏറ്റുമുട്ടി രക്തസാക്ഷി മരണം വരിക്കുന്നത് റോമൻ പട്ടാളഉദ്യോഗസ്ഥനായ മാർസില്ലസ് തന്റെ സഹപ്രവർത്തകനായ ലൂക്യുല്ലസിനോടൊപ്പം കാണാൻ ഇടയായി. മാർസില്ലസിന് ക്രിസ്ത്യാനികളോട് സഹതാപം തോന്നി. ഇതിനിടെ ക്രിസ്ത്യാനികളെ പിടികൂടി നിയമത്തിനു മുൻപിൽ കൊണ്ടുവരിക എന്ന ദൗത്യം ചക്രവർത്തി മാർസില്ലസിനെ ഏൽപ്പിച്ചു. മാർസില്ലസ് ഒരു കുട്ടിയെ പിന്തുർന്ന് ക്രിസ്ത്യാനികളുടെ ഭൂഗർഭ താവളത്തിൽ എത്തിച്ചേർന്നു...തുടർന്നു വായിക്കുക.*

## അദ്ധ്യായം 3
## നിഗൂഢ ശക്തി

തന്റെ പേരു കേട്ട മാത്രയിൽത്തന്നെ വയോധികനായ ഹൊണോറിയസ് ഞെട്ടി പിന്നോക്കം വീണതിൽ മാർസില്ലസ് അത്ഭുതപ്പെട്ടു.

“എന്തിനാണ് താങ്കളിങ്ങനെ ഭയപ്പെടുന്നത്? എന്നെയാണോ? ” ആയാൾ ചോദിച്ചു

“അയ്യോ കഷ്ടം!” ഹൊറോണിയസ് പ്രതിവചിച്ചു. “ഞങ്ങൾ ഈ ഭൂഗർഭത്തിൽ ജീവിക്കുന്നവരെങ്കിലും നഗരത്തിലെ കാര്യങ്ങൾ ഞങ്ങൾ അറിഞ്ഞുകൊണ്ടാണിരിക്കുന്നത്. ഞങ്ങളെ അതികഠിനമായി പീഡിപ്പിക്കുവാൻ ചക്രവർത്തി തീരുമാനമെടുത്തിരിക്കുന്നു എന്നും അതിനുവേണ്ടി പ്രിട്ടോറിയൻ സേനയിലെ ക്യാപ്റ്റനായ മാർസില്ലസിനെ അന്വേഷണത്തിനായി നിയോഗിച്ചിട്ടുണ്ടെന്നും ഞങ്ങൾക്കറിവു കിട്ടിയിട്ടുണ്ട്. അങ്ങനെ ഞങ്ങളുടെ മുഖ്യശത്രുവായ മാർസില്ലസ് തന്നെ ഞങ്ങളുടെ സമീപേ എത്തിയിരിക്കുമ്പോൾ ഭയപ്പെടുന്നത് അത്ഭുതമോ? താങ്കൾ എന്തിനാണ് ഞങ്ങളെ തേടിപ്പിടിച്ചിരിക്കുന്നത്?”

“നിങ്ങളൊരിക്കലും എന്നെ ഭയപ്പെടേണ്ടതില്ല.” മാർസില്ലസ് നിലവിളിച്ചു പറഞ്ഞു. “ഞാൻ നിങ്ങളുടെ പ്രധാന ശത്രുവെങ്കിലും ഞാൻ നിങ്ങളുടെ കയ്യിൽത്തന്നെയല്ലേ? ഞാൻ നിസ്സഹായനല്ലേ?”

“സത്യം തന്നെ” ഹൊണോറിയസ് ആശ്വാസത്തോടെ പറഞ്ഞു. “ഞങ്ങളുടെ സഹായം കൂടാതെ നിങ്ങൾക്കു രക്ഷപ്പെടാൻ കഴിയുകയില്ല. താങ്കൾ പറഞ്ഞതു ശരിതന്നെ.”

“ശരി, ഇനി എന്നെ ശ്രദ്ധിക്കുക. ഞാൻ എല്ലാം പറയാം. ഞാനൊരു റോമൻ പട്ടാളക്കാരനാണ്. സ്പെയിനിൽ ജനിച്ചു. സ്വഭാവശുദ്ധിയോടും ധാർമ്മികശിക്ഷണത്തോടും കൂടി വളർത്തപ്പെട്ടു. ദേവന്മാരെ ഭയപ്പെടുവാനും കർത്തവ്യനിരതനായിരിപ്പാനും പ്രബോധനം ലഭിച്ചു. റോമ,യവനായ തത്ത്വചിന്തകന്മാരുടെ മുഴുവൻ കൃതികളും പഠിക്കുവാൻ താത്പര്യപ്പെട്ടു. അതുമൂലം ദേവീദേവന്മാരോടുള്ള എന്റെ ആദരവും ആരാധനയും നഷ്ടപ്പെട്ടു. അവർ എന്നെക്കാൾ ഹീനരാണെന്നു ഞാൻ മനസ്സിലാക്കി. അത്യുന്നതനായ ഒരു ദൈവമുണ്ടെന്നും അവിടുത്തെ അനുസരിക്കുന്നതാണ് എന്റെ കർത്തവ്യമെന്നും പ്ലേറ്റോ, സിസെറോ മുതലായ മഹാന്മാരിൽ നിന്നും ഞാൻ മനസ്സിലാക്കി. പക്ഷേ എങ്ങനെയാണ് ആ ദൈവത്തെ അറിയാനും അനുസരിക്കാനും കഴിയുക? ഞാൻ അമർത്യതയുള്ളവനാണെന്നും മരിക്കുമ്പോൾ ഒരാത്മാവായി മാറുമെന്നും ഞാൻ ഗ്രഹിച്ചിട്ടുണ്ട്. എന്നാൽ ഞാൻ സന്തുഷ്ടനായിരിക്കുമോ അരിഷ്ടനായിരിക്കുമോ? മരണാനന്തര ജീവിതത്തിൽ എനിക്കെങ്ങനെ സന്തുഷ്ടനായിരിക്കുവാൻ കഴിയും? പുരോഹിതന്മാർക്ക് ഇക്കാര്യങ്ങളെക്കുറിച്ച് ഒന്നുമറിയില്ല. അവർ തങ്ങൾക്കു തന്നെ വിശ്വാസം നഷ്ടപ്പെട്ട പാരമ്പര്യങ്ങളോടും ആചാരങ്ങളോടും ബന്ധിക്കപ്പെട്ടു കിടക്കുന്നു. പഴയ ആ മതം മരണമടഞ്ഞു. ആളുകൾക്കതിനോടു താത്പര്യമില്ല.

പല നാടുകളിലും ഞാൻ ക്രിസ്ത്യാനികളെക്കുറിച്ചു കേട്ടിട്ടുണ്ട്. എല്ലാം അവരുടെ സദാചാരമില്ലായ്മയെക്കുറിച്ചും നിഗൂഢമായ ദുഷ്ടതയെക്കുറിച്ചും രാജ്യദ്രോഹപരമായ ഉപദേശങ്ങളെക്കുറിച്ചുമൊക്കെ മാത്രമാണ്. അടുത്ത സമയം വരെ എല്ലാം ഞാനും വിശ്വസിച്ചുപോന്നു.

ചില ദിവസങ്ങൾക്ക് മുമ്പ് ഞാൻ പോർക്കളത്തിൽ പോകുവാനിടയായി. അവിടെ ഞാനാദ്യമായി ക്രിസ്ത്യാനികളെക്കുറിച്ചു നേരിട്ടു ചില കാര്യങ്ങൾ പഠിക്കുവാനിടയായി. അവിടെ ഭയമെന്തെന്നറിഞ്ഞുകൂടാത്ത മേസർ എന്ന പോരാളിയെ ഞാൻ കണ്ടു, തെറ്റെന്നു താൻ വിശ്വസിക്കുന്ന ഒരു കാര്യം ചെയ്യുന്നതിനെക്കാൾ മരണം തന്നെ ശാന്തമായി അയാൾ തിരഞ്ഞെടുത്തു. പ്രശാന്തമായ പുഞ്ചിരിയോടെ ഒരു വയോധികൻ മരണത്തെ അഭിമുഖീകരിക്കുന്നതു ഞാൻ കണ്ടു. അതിലെല്ലാമുപരി ചുണ്ടിൽ ജയത്തിന്റെ പാട്ടോടെ ദുഷ്ടമൃഗങ്ങൾക്കു മുമ്പിലേക്കു നടന്നുചെന്നു ഒരു സംഘം പെൺകുട്ടികൾ.

“ഞങ്ങളെ സ്നേഹിച്ചവന്

ഞങ്ങളുടെ പാപം പോക്കിയവന്”:

ഇതായിരുന്നു അവരുടെ പാട്ട്. പാട്ടു പാടി മരണത്തെ കീഴടക്കുന്ന ആ കാഴ്ച എന്റെ ജീവിതത്തിലാദ്യമായിരുന്നു. യുദ്ധത്തിൽ ഞങ്ങളൊക്കെ മരണത്തെ നിർഭയം നേരിടാറുണ്ട്. അതു ഞങ്ങളുടെ തൊഴിലിന്റെ ഭാഗമാണ്. എന്നാലിവർ മരണത്തിലും സന്തോഷിച്ചു. അവർ പട്ടാളക്കാരായിരുന്നില്ല. ചെറിയപെൺകുട്ടികൾ! അവർ പോലും അത്ഭുതകരമായ ആ ഭാവം തങ്ങളുടെ ഹൃദയത്തിൽ പേറിയിരുന്നു. അപ്പോൾ മുതൽ ഞാൻ മറ്റൊന്നും ചിന്തിച്ചില്ല. ആരാണ് അവരെ സ്നേഹിച്ചവൻ? ആരാണ് അവരുടെ പാപങ്ങളെ കഴുകിയവൻ? നിങ്ങൾ ഇപ്പോൾ പ്രാർത്ഥിച്ചുകൊണ്ടിരുന്നത് ആരോടാണ്?”

“നിങ്ങളുടെ വാക്കുകൾ സത്യവും പരമാർത്ഥവുമാണ്.” ഹൊണോറിയസ് പറഞ്ഞു. “നിങ്ങൾ ഒരു ചാരനോ ശത്രുവോ അല്ല എന്ന് ഇപ്പോൾ എനിക്ക് മനസ്സിലായി. നിങ്ങൾ ഒരു അന്വേഷകനാണ്. ദീർഘനാളായി നിങ്ങൾ അന്വേഷിക്കുന്ന കാര്യങ്ങൾക്ക് ഉത്തരം ലഭിക്കുവാൻ ദൈവത്തിന്റെ

ആത്മാവ് നിങ്ങളെ ഇവിടേക്കയച്ചിരിക്കുന്നു. ക്രിസ്തുവിങ്കലേക്കു വരുന്നവൻ ഒരുനാളും ഉപേക്ഷിക്കപ്പെടുകയില്ല.

"ഇതൊക്കെ സാദ്ധ്യമാക്കിത്തരുന്ന ഒരു മഹച്ഛക്തിയുണ്ടെന്നു നിങ്ങൾ ചിന്തിക്കുന്നതു ശരിയാണ് മാർസില്ലസ്. അതു വെറുമൊരു മതഭ്രാന്തോ സ്വയവഞ്ചനയോ അനുഭൂതിയോ ഒന്നുമല്ല. അതു സത്യപരിജ്ഞാനവും ജീവനുള്ള ദൈവത്തോടുള്ള സ്നേഹവുമാണ്.

"നീ പരമമായ സത്യത്തെ അറിയാനാഗ്രഹിച്ചു. നമ്മുടെ വിശ്വാസം അവിടുത്തെ വെളിപ്പാടാണ്. അതിലൂടെയാണ് അവിടുന്ന് തന്നെത്തന്നെ നമ്മെ അറിയുമാറാക്കുന്നത്. അവിടുന്ന് അനന്തമായ മഹത്വത്തിന്റെയും ശക്തിയുടെയും ഉറവാണ്- അതുപോലെ തന്നെ അനന്തമായ സ്നേഹത്തിന്റെയും കരുണയുടെയും. ഈ വിശ്വാസമാണ് നമ്മെ അവിടുത്തോടുള്ള ഒരു ഉറ്റ ബന്ധത്തിലേക്ക് അടുപ്പിക്കുന്നത്. അവിടുന്ന് നമ്മുടെ പ്രത്യാശയും നമ്മുടെ സ്രഷ്ടാവും വീണ്ടെടുപ്പുകാരനും ഇപ്പോഴത്തെ രക്ഷകനും ഒടുവിലത്തെ രക്ഷകനും നമ്മുടെ എല്ലാം അവിടുന്നാകുന്നു.

"നീ നിത്യജീവനെ അറിയാനാഗ്രഹിച്ചു. തിരുവെഴുത്തുകൾ അതിനെക്കുറിച്ചു പറയുന്നു. ദൈവത്തിന്റെ പുത്രനായ യേശുക്രിസ്തുവിൽ വിശ്വസിക്കുകയും ദൈവത്തെ ഈ ഭൂമിയിൽ സ്നേഹിക്കയും സേവിക്കുകയും ചെയ്താൽ നാം സ്വർഗ്ഗത്തിൽ ദൈവത്തോടൊപ്പം നിത്യമായി വാഴുമെന്ന് അവ നമ്മെ കാണിക്കുന്നു.

"ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ച് മനുഷ്യന്റെ ശത്രുവായ മരണം ഒരു ശാപമല്ല അനുഗ്രഹമാണെന്ന് തിരുവെഴുത്തുകൾ നമ്മെ പഠിപ്പിക്കുന്നു. കാരണം അതിലൂടെയാണ് നാം നമ്മെ സ്നേഹിച്ച, നമുക്കുവേണ്ടി ഏല്പിച്ചുതന്നവന്റെ സന്നിധിയിലേക്കു പോകുന്നത്. ഇപ്രകാരം ഈ ഭൂമിയിൽ നിന്നും വിട്ടുപിരിയാൻ നമ്മെ പ്രാപ്തരാക്കുന്ന മരണം നമുക്കൊരു അനുഗ്രഹമാണ്." ഹൊണോറിയസ് ദീർഘമായ തന്റെ സംഭാഷണത്തിനു കടിഞ്ഞാണിട്ടു.

"അങ്ങനെയെങ്കിൽ മുഴുവൻ സത്യവും എന്നെ ഗ്രഹിപ്പിച്ചാലും" മാർസില്ലസ് ഉദ്വേഗത്തോടെ പറഞ്ഞു "ഇതാ, രാത്രി മുഴുവൻ നമ്മുടെ മുമ്പിലുണ്ട്. എന്നെ പറഞ്ഞയക്കാതെ മുഴുവൻ സത്യവും ഉടൻതന്നെ എന്നെ അറിയിക്കണമേ. ഹോ! ദൈവം എല്ലാ കാര്യങ്ങളും ഇപ്രകാരം അറിയിച്ചിരിക്കയും ഞാനതിനെക്കുറിച്ച് അജ്ഞനായിരിക്കയും ചെയ്തല്ലോ!"

ഹൊണോറിയസ് നിശ്ശബ്ദനായി പ്രാർത്ഥിക്കയും നന്ദി പറയുകയും ചെയ്തു. തുടർന്ന് ഒരു കയ്യെഴുത്തു ചുരുൾ എടുത്തുകൊണ്ടു വരികയും ശ്രദ്ധയോടെ അതു കൈകാര്യം ചെയ്കയും ചെയ്തു. അതിൽനിന്നും ഹൊണോറിയസ് യേശുവിനെക്കുറിച്ചു പറയുവാൻ തുടങ്ങി... സാത്താന്റെ തലയെ തകർക്കുന്ന ഒരുവനെക്കുറിച്ച് ഏദനിൽ വച്ചു വാഗ്ദാനം ലഭിച്ചതും അവന്റെ വരവിനെക്കുറിച്ചറിയിച്ച പ്രവാചകന്മാരുടെ നീണ്ടനിരയെക്കുറിച്ചും ദൈവം തന്റെ തിരഞ്ഞെടുക്കപ്പെട്ടവരിലൂടെ ദൈവത്തിന്റെ ഈ മഹത് സത്യങ്ങളെ തലമുറകളോളം നൂറ്റാണ്ടുകളായി സംരക്ഷിച്ചു കൈമാറിയതും അവർ സാക്ഷ്യം വഹിച്ച അത്ഭുത കാര്യങ്ങളും ഒക്കെ വിവരിച്ചു. തുടർന്നു കന്യകയിലൂടെ ദൈവപുത്രൻ ഭൂജാതനാകുന്നതിനെക്കുറിച്ചുള്ള പ്രഖ്യാപനവും അവന്റെ ജനനം, ബാല്യം, പരസ്യശുശ്രൂഷയിലേക്കുള്ള പ്രവേശനം, അത്ഭുതങ്ങൾ, ഉപദേശങ്ങൾ മുതലായവയും തന്റെ ചുരുങ്ങിയ വ്യാഖ്യാന





ത്തിന്റെ അകമ്പടിയോടെ തിരുവെഴുത്തുകളിൽ നിന്നു വായിച്ചു കേൾപ്പിച്ചു. അവൻ സഹിച്ച ആക്ഷേപം, പീഡനം, തിരസ്ക്കാരം, ഒറ്റിക്കൊടുക്കൽ, തള്ളിപ്പറയൽ, ശിക്ഷാവിധി-കാൽവറിയിലെ മരണം എന്നിവ വിവരിച്ചു വായിച്ചു കേൾപ്പിച്ചു.

ഇതൊക്കെ മാർസില്ലസിൽ ഒരു അത്ഭുതകരമായ പ്രവൃത്തി ചെയ്തു. വെളിച്ചം അവന്റെയുള്ളിൽ പ്രകാശിച്ചു. മനുഷ്യന്റെ പാപത്തെ വെറുക്കുന്ന ദൈവത്തിന്റെ വിശുദ്ധി, ശിക്ഷവിധിക്കുന്ന അവിടുത്തെ നീതി, ഏകപുത്രനെത്തന്നെ ഏല്പിച്ചു തരുന്ന അത്ഭുത സ്നേഹം, അവരുടെ രക്ഷയ്ക്കു വേണ്ടി സ്വയം ഇറങ്ങിവന്നു യാഗമാക്കിയ നിസ്തുലസ്നേഹം എല്ലാം മാർസില്ലസിന് വ്യക്തമായി. ഒടുവിൽ കാൽവറിയിലെ ദാരുണമായ സംഭവത്തിന്റെ അന്ത്യത്തിൽ "എന്റെ ദൈവമേ, എന്റെ ദൈവമേ നീ എന്നെ കൈവിട്ടതെന്ത്? എന്ന നിലവിളിയും അതിനു ശേഷം "നിവൃത്തിയായി" എന്ന വിജയകരമായ ഘോഷവും ഹൊണോറിയസ് വായിച്ചപ്പോൾ മാർസില്ലസിന് ഉള്ളിൽ പൊന്തിവന്ന തേങ്ങൽ അടക്കാനായില്ല.

"മതി. ഇപ്പോൾ മതി. അല്പസമയം ഞാനവനെക്കുറിച്ചു ധ്യാനിക്കട്ടെ.

നമ്മെ സ്നേഹിച്ചവൻ

നമ്മുടെ പാപം പോക്കിയവൻ

തന്റെ രക്തത്താൽ....."

മാർസില്ലസ് മുഖം തന്റെ കൈകളിലമർത്തി. അല്പസമയത്തിനുശേഷം മുഖമുയർത്തി ഇങ്ങനെ പറഞ്ഞു: "പരിശുദ്ധനായവന്റെ മരണത്തിൽ എനിക്കും ഒരു പങ്കുണ്ടെന്ന് എനിക്കിപ്പോൾ തോന്നുന്നു. വായിക്കുക. ആ ജീവന്റെ വചനം വായിക്കുക. എന്റെ സ്വന്തം ജീവനെ ഞാൻ അതിൽ കണ്ടെത്തുന്നു."

വീണ്ടും ഹൊണോറിയസ് യേശുവിന്റെ ക്രൂശീകരണം, മരണം, അടക്കം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം എന്നീ വിവരണങ്ങൾ വായിച്ചു കേൾപ്പിച്ചു. തുടർന്ന് പെന്തക്കോസ്തു നാളിൽ പരിശുദ്ധാത്മാവ് ഇറങ്ങിവന്ന് സകല വിശ്വാസികളെയും ഒരു ശരീരമാക്കിത്തീർക്കുന്ന സ്നാനം നൽകുന്നതും വിശ്വാസികളിലെ അവിടുത്തെ സ്ഥിരവാസവും അവരുടെ ശരീരങ്ങളെ തന്റെ മന്ദിരമാക്കി മാറ്റുന്നതും മാനസാന്തരപ്പെടുന്ന പാപികൾക്ക് ക്രിസ്തുവിനെ വെളിപ്പെടുത്തിക്കൊണ്ട് അവിടുത്തെ മഹത്വപ്പെടുത്തുന്ന അത്ഭുതകരമായ ശുശ്രൂഷയും ഒക്കെ വായിച്ചു കേൾപ്പിച്ചു.

"ഇതുതന്നെ ദൈവത്തിന്റെ വചനം" മാർസില്ലസ് നിലവിളിച്ചു.

"ഇതു സ്വർഗ്ഗത്തിൽനിന്നുള്ള ശബ്ദംതന്നെ. എന്റെ ഹൃദയം അതിനോടു പ്രതികരിക്കുന്നു. ഇതു നിത്യമായി സത്യം തന്നെ ആയിരിക്കണം. പക്ഷേ എങ്ങനെയാണ് ഈ രക്ഷ ലഭ്യമാകുന്നത്? എനിക്ക് എന്നെത്തന്നെ അറിയാൻ കഴിഞ്ഞു. ഞാൻ വിചാരിച്ചിരുന്നത് ഞാൻ ന്യായവും നീതിയുമൊക്കെയുള്ള ഒരു വ്യക്തിയാണെന്നാണ്. എനിക്കെങ്ങനെ രക്ഷപ്രാപിക്കാൻ കഴിയും?"

"യേശു ക്രിസ്തു ലോകത്തിലേക്കു വന്നത് നഷ്ടപ്പെട്ടതിനെ കണ്ടെത്താനും രക്ഷിക്കാനുമാണ്."

"എനിക്കെങ്ങനെ അവിടുത്തെ സ്വീകരിപ്പാൻ കഴിയും?"

"രക്ഷ എന്നത് ക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവർക്കും ലഭ്യമാകുവാൻ തക്കവണ്ണം വളരെ അടുത്താണെന്നാണ് ഞങ്ങൾ പ്രസംഗിക്കുന്നത്. അതു നമ്മുടെ ഹൃദയത്തോടും വായോടും വളരെ അടുത്തിരിക്കുന്നു. യേശു ക്രിസ്തു കർത്താവെന്ന് മറ്റുള്ളവരുടെ

മുമ്പാകെ സ്വന്തം വായ്കൊണ്ട് ഏറ്റു പറയുകയും ദൈവം അവനെ മരിച്ചവരുടെ ഇടയിൽനിന്നും ഉയിർപ്പിച്ചു എന്നു നിന്റെ സ്വന്തം ഹൃദയത്തിൽ വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും."

"ഞാൻ ഒന്നും ചെയ്യേണ്ടതില്ലേ?"

"രക്ഷ എന്നത് നാം ചെയ്യുന്ന പ്രവൃത്തികൾക്കുള്ള പ്രതിഫലമല്ല. നമ്മിലാർക്കും അതിൽ അവകാശമുന്നയിക്കാൻ ഒന്നുമില്ല. പാപത്തിന്റെ ശമ്പളം മരണമത്രേ. നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെ നമുക്കു ലഭിക്കുന്ന നിത്യജീവനാണ് ദൈവത്തിന്റെ സൗജന്യമായ ദാനം."

"ഞാൻ യാഗമൊന്നും അർപ്പിക്കേണ്ടതില്ലേ?"

"ക്രിസ്തു നമ്മുടെ മുഴുവൻ പാപങ്ങൾക്കും പരിഹാരമായ ഏകയാഗമായി അർപ്പിക്കയും ദൈവത്തിന്റെ വലത്തുഭാഗത്ത് ഏറ്റവും ഉന്നതമായ പീഠത്തിലിരിക്കുകയും ചെയ്തു. താൻ മുഖാന്തരമായി ദൈവത്തോടടുക്കുന്നവർക്കുവേണ്ടി മദ്ധ്യസ്ഥത ചെയ്‌വാനും അവിടുന്നു സദാ ജീവിക്കുന്നതിനാൽ അവരെ പൂർണ്ണമായി രക്ഷിപ്പാനും അവിടുന്നു പ്രാപ്തനാണ്."

"ഓ! എങ്കിൽ ഞാൻ അടുക്കുവാൻ ധൈര്യപ്പെടട്ടെ! എന്നെ അങ്ങോട്ടു നയിക്കുക! എനിക്കു വാക്കുകൾ നൽകുക. എന്നെ പഠിപ്പിക്കുക. എന്നെ യേശുവിനോടു ചേർക്കുക."

വിശാലമായ ആ മുറിയിലെ അരണ്ട വെളിച്ചത്തിൽ കനത്ത നിശ്ശബ്ദതയിൽ ഹൊണോറിയസ് മുട്ടുകുത്തി. മാർസില്ലസും സമീപത്ത് മുട്ടുകുത്തുകയും തലകുനിക്കയും ചെയ്തു. പ്രാർത്ഥിക്കുവാൻ ആഗ്രഹിച്ചു. സങ്കോചത്തോടെ, വിറയലോടെ, വിശ്വാസത്തിനായി ആത്മാവ് ഉള്ളിൽ കേണു. അത് യഥാർത്ഥആശ്രയമായിരുന്നു. അവന്റെ ആത്മാവ് ബലപ്പെട്ടു. ഒടുവിൽ ഹൊണോറിയസ് അവസാനിപ്പിക്കുമ്പോൾ അവന്റെ നാവിന്റെ ബന്ധനമഴിഞ്ഞു. തന്റെ ഹൃദയത്തിന്റെ നിലവിളി പുറത്തേക്കു വന്നു.

"കർത്താവേ, ഞാൻ വിശ്വസിക്കുന്നു. എന്റെ അവിശ്വാസത്തിൽ സഹായിക്കണമേ."

മണിക്കൂറുകൾ കടന്നുപോയി. മരണത്തിൽ നിന്നും ജീവനിലേക്കു കടക്കുന്ന ഒരു ആത്മാവിന്റെ പ്രയാണത്തിന്റെ പുരോഗതി കൃത്യമായി വിവരിക്കാൻ ആർക്കു കഴിയും?. മുകളിലേക്കുള്ള ലോകത്തിൽ ഒരു പ്രഭാതം പൊട്ടി വിടരുമ്പോൾ ഇങ്ങുതാഴെ മാർസില്ലസിന്റെ പ്രാണനിലും ആത്മാവിലും ഒരു പുതിയ പ്രഭാതത്തിന്റെ വെളിച്ചം ഉദിച്ചു പരന്നിരുന്നു. അവന്റെ ദാഹം ശമിച്ചു കഴിഞ്ഞു. അവന്റെ പാപത്തിന്റെ ഭാരം നീങ്ങിപ്പോയി. യേശുക്രിസ്തുവിലൂടെ ദിവ്യസമാധാനം അവന്റെ ഉള്ളത്തിൽ നിറഞ്ഞു.

ക്രിസ്ത്യാനികളെക്കുറിച്ചു വളരെ കാര്യങ്ങൾ പുതിയ വിശ്വാസി ഗ്രഹിച്ചു. ഹ്രസ്വമായ ഒരു ഉറക്കത്തിനു ശേഷം അവൻ എഴുന്നേറ്റു ഹൊണോറിയസിനു സമീപം വന്നു. തങ്ങൾ താമസിക്കുന്ന ആ സ്ഥലത്തെക്കുറിച്ചുള്ള ഏകദേശ രൂപം നൽകാമെന്നു ഹൊണോറിയസ് ഏറ്റു.

രാത്രിയോഗത്തിൽ കണ്ടവർ ഭൂഗർഭതാവളത്തിലെ ജനവാസത്തിന്റെ വളരെ ചെറിയൊരംശം മാത്രമായിരുന്നു. യഥാർത്ഥ ജനസംഖ്യ ആയിരക്കണക്കിനായിരുന്നു.

താൻ കണ്ടുമുട്ടിയ ജനങ്ങളുടെ എണ്ണം അയാളെ അത്ഭുതപ്പെടുത്തി. ക്രിസ്ത്യാനികൾ ധാരാളമുണ്ടെന്നു കരുതിയെങ്കിലും ഭൂഗർഭ താവളത്തിലെ വാസത്തിന് ഇത്രയധികം പേർ ധൈര്യപ്പെടുമെന്ന് കരുതിയില്ല.





# വിശ്വസിക്കുക മാത്രം മതിയോ?

*പേജ് 29 ൽനിന്നു തുടർച്ച*

ക്കുന്നു. അന്നുഞാൻ പാപമായി തിരിച്ചറിയാതിരുന്ന ഒട്ടേറെ കാര്യങ്ങളെ ഇന്നു ഞാൻ തിരിച്ചറിയുന്നു." പാപത്തെക്കുറിച്ചുള്ള അനുതാപം നിരന്തരം പെയ്യുന്ന മഴപോലെയാണ്. യഥാർത്ഥത്തിൽ രക്ഷിക്കപ്പെട്ട ഒരുവന്റെ ജീവിതത്തിൽ ഉടനീളം അതുണ്ടായിരിക്കും.

വെളിപ്പാട് 2-ൽ എഫെസോസിലെ സഭയോട് മാനസാന്തരപ്പെടുവാൻ കർത്താവ് പറഞ്ഞത് നിങ്ങൾ ഓർക്കുന്നുണ്ടായിരിക്കും. എഫെസോസിലെ സഭ ത്യാഗം സഹിക്കുകയും പാപത്തെ വെറുക്കുകയും സാത്താനോട് എതിർത്തു നിൽക്കുകയും വ്യാജ ഉപദേശങ്ങൾ സ്വീകരിക്കാതിരിക്കുകയും ചെയ്ത സഭയാണ്. കർത്താവ് ഈ സഭയെ ഏറെ സ്നേഹിച്ചതിനാൽ അതിന്റെ നിലവിളക്ക് ക്രമേണ കെട്ടുപോകുന്നത് വെറുതെ കണ്ടിരിക്കുവാൻ കർത്താവിനു കഴിയുമായിരുന്നില്ല. അതുകൊണ്ട് അവിടുന്ന് തുറന്നുപറയുന്നു "നിന്റെ ആദ്യ സ്നേഹം വിട്ടുകളഞ്ഞു എന്നൊരു കുറ്റം നിന്നെക്കുറിച്ച് പറയുവാനുണ്ട്" (വെളി. 2:4).

കർത്താവ് പറഞ്ഞതിന്റെ സാരം ഇതാണ്: "നിന്നിലുള്ള തീ ക്രമേണ കെട്ടുപോവുകയാണ്. എന്നോടുള്ള സ്നേഹം വറ്റിത്തുടങ്ങി. ഒരിക്കൽ നീ എന്റെ ഭാരങ്ങൾ പങ്കുവെച്ചിരുന്നു. പക്ഷേ ഇന്നു വെറുതേ പ്രസംഗങ്ങൾ കേട്ടിരിക്കുന്നതുകൊണ്ട് നീ തൃപ്തിപ്പെടുന്നു. ഞായറാഴ്ചത്തെ ഒരു മണിക്കൂർ തന്നെ അധികമായി നിനക്കു തോന്നുന്നു."

പ്രിയരേ, യേശുവിനോടുള്ള സ്നേഹത്തിന്റെ തീ ഇപ്പോഴും അണയാതെ നിങ്ങളിലുണ്ടോ? രക്ഷിക്കപ്പെട്ട കാലത്തെ അതേ സ്നേഹം ഇപ്പോഴുമുണ്ടോ? ഇല്ലെങ്കിൽ നിന്റെ ആദ്യസ്നേഹം വിട്ടു കളഞ്ഞിരിക്കുന്നു എന്നൊരു കുറ്റം നിന്നെക്കുറിച്ച് പറയുവാനുണ്ട്.

ഇതിനു പ്രതിവിധിയായി ഈ ഘട്ട

---

മാർസില്ലസ് ദൈവത്തിന്റെ ഉപദേശങ്ങളിലെ പുതിയ അറിവുകളും ജനങ്ങളുടെ അനുഭവങ്ങളും ഒക്കെ സ്വീകരിച്ചുകൊണ്ട് ഹൊണേറിയസിനൊപ്പം ഭൂഗർഭതാവളത്തിലൂടെ ചുറ്റിക്കറങ്ങി നടന്നു. അവരുടെ സ്നേഹം, വിശുദ്ധി, ധൈര്യം, വിശ്വാസം മുതലായവ നേരിൽക്കണ്ടു ബോധ്യപ്പെടുകയും അതു തന്റെ ആത്മാവിലേക്കിറങ്ങുകയും ചെയ്തു.

തനിക്കുണ്ടായ ഈ അനുഭവങ്ങൾ മങ്ങിപ്പോകുന്നതായിരുന്നില്ല. പുതിയ ഓരോ കാഴ്ചയും ദൈവജനത്തിന്റെ വിശ്വാസത്തോടും ഭാഗധേയത്തോടും ഐക്യദാർഢ്യം പ്രാപിക്കാനുള്ള വാഞ്ഛയെ ശക്തിപ്പെടുത്തി. മാർസില്ലസ് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയു നാമത്തിൽ സ്നാനമേറ്റു.

അടുത്ത ഞായറാഴ്ച മറ്റു വിശ്വാസികളോടൊപ്പം കർതൃമേശയിൽ പങ്കാളിയാകുവാനിടയായി. കർത്താവിന്റെ വരവിനായി കാക്കുകയും തങ്ങൾക്കുവേണ്ടിയുള്ള തന്റെ മരണത്തെ ഓർമ്മിക്കുകയും ചെയ്യുന്ന മനോഹരവും ലളിതവുമായ ഒരു വിരുന്നു കൂട്ടായ്മയുടെ അനുഭവം. തിരുവത്താഴത്തിനായി ഹൊണോറിയസ് സ്തോത്രം ചെയ്തു പ്രാർത്ഥിച്ചു. അപ്പ വീഞ്ഞുകളിലെ മാർസില്ലസിന്റെ ആദ്യാനുഭവം!

അതിനുശേഷം അവർ ഒരു പാട്ടു പാടി പിരിഞ്ഞുപോയി. *(തുടരും..)*

**പാപത്തിനെതിരെയുള്ള വ്യക്തമായ ബോധ്യങ്ങളിൽ നാം വെള്ളം ചേർത്തിട്ടുണ്ടോ? യഥാർത്ഥമായി അനുതപിച്ചിട്ടില്ലാത്ത, തങ്ങളുടെ അതിക്രമങ്ങളെക്കുറിച്ച് ദുഃഖിച്ചിട്ടില്ലാത്ത, തങ്ങളുടെ പാപങ്ങളുടെ കഠോരത കണ്ടിട്ടില്ലാത്ത, ആളുകൾക്കെല്ലാം നമ്മൾ ചാടിക്കയറി രക്ഷ വാഗ്ദാനം ചെയ്തുപോയോ? അവരിൽ പലരും സത്യത്തിൽ വിശ്വാസത്തെ അന്വേഷിച്ചത് അതിനുപിന്നിൽ തങ്ങളുടെ മോഹങ്ങളെ സമർത്ഥമായി ഒളിപ്പിച്ചുവയ്ക്കാം എന്നുള്ളതുകൊണ്ടല്ലേ?**

ത്തിൽ യേശു പറയുന്നത് ശ്രദ്ധിക്കുക“ മാനസാന്തരപ്പെട്ട് ആദ്യത്തെ പ്രവൃത്തി ചെയ്യുക” അവിടുന്ന് പറയുന്നത് ഇതാണ് “ വർദ്ധിച്ചുവരുന്ന ഉദാസീനതയെ ഓർത്ത് ഹൃദയനുറുക്കത്തോടെ കരയുക. ഇത് ഗൗരവമായി എടുക്കുക. നിങ്ങളുടെ ദു.ഖം, എന്നെ ആദ്യം സ്നേഹിച്ചിടത്തേക്ക് നിങ്ങളെ മടക്കി കൊണ്ടുവരട്ടെ”

അല്ലെങ്കിൽ, അങ്ങനെ ചെയ്തില്ലെങ്കിൽ, എന്തു സംഭവിക്കുമെന്ന് അവിടുന്നു തന്നെ പറയുന്നു.“ നിന്റെ നിലവിളക്ക് അതിന്റെ നിലയിൽനിന്ന് നീക്കും”. പല സഭകൾക്കും ഇത് സംഭവിച്ചു കഴിഞ്ഞു. ഒരു കാലത്ത് തീക്ഷ്ണതയുള്ള വിശ്വാസികളാൽ നിറഞ്ഞിരുന്ന പല സഭകളിലും ഇന്ന് അത്തരക്കാർ പേരിനുമാത്രമേ ആളുള്ളു. താമസിയാതെ അവരും ഇല്ലാതാകും. സഭയുടെ വാതിൽ എന്നെന്നേക്കുമായി അടയും. വാതിലിനുമുകളിൽ ദൈവം എഴുതും.-ഈഖാബോദ്. അർത്ഥം “കർത്താവിന്റെ ആത്മാവ് പൊയ്പ്പോയിരിക്കുന്നു”-

സഭകളോടു മാത്രമല്ല വ്യക്തികളോടും ഉള്ള സന്ദേശം ഇതാണ് “അനുതപിക്കാൻ നീ തയാറായില്ലെങ്കിൽ, നിർവികാരതയിൽ തുടർന്നാൽ, ഞാൻ നിന്റെ നിലവിളക്ക് അതിന്റെ നിലയിൽനിന്ന് നീക്കിക്കളയും.”

ഈ വരികൾ വായിക്കുന്ന നിങ്ങൾ ഭയപ്പെടേണ്ട. കർത്താവ് തന്റെ വാക്കുകൾ അവസാനിപ്പിക്കുന്നത് താഴെപ്പറയുന്ന വിധത്തിലാണ് “ ജയിക്കുന്നവന് ഞാൻ ദൈവത്തിന്റെ പറുദീസയിലുള്ള ഫലം തിന്മാൻ കൊടുക്കും” (വെളി. 2:7).

പ്രിയരേ, ഈ വൃക്ഷം യേശു തന്നെയാണ്. അവിടുന്നു പറയുന്നു“ നിങ്ങൾ അനുതപിച്ചാൽ ഞാൻ എന്നിൽ നിന്ന് നിരന്തരം ജീവൻ നൽകും. നീ എന്നെ സ്നേഹിക്കുന്നിടത്തോളം ഞാൻ പ്രകൃത്യതീതമായ ജീവൻ നിന്നിലേക്ക് പകരും. നിന്റെ വിവേചനം ആളുകളോടുള്ള സ്നേഹം, എന്റെ രാജ്യത്തിനായുള്ള നല്ല പ്രവൃത്തികൾ എന്നിവയായി ആ ജീവൻ നിന്നിൽ തെളിഞ്ഞു കാണും.

നിന്റെ ദൈവികമായ ദു.ഖം, അനുതാപമുള്ള ഹൃദയം, ആദ്യസ്നേഹത്തിന്റെ പുതുക്കം എന്നിവ നിന്നെ ജീവനിലേക്ക് നയിക്കും. അതുകൊണ്ടിപ്പോൾതന്നെ പ്രാർത്ഥിക്കുക “ കർത്താവേ, യഥാർത്ഥമായും, അനുതാപമുള്ള ഒരു ഹൃദയം എനിക്കു തരിക. ആദ്യസ്നേഹം മടക്കി നൽകുക. ഇപ്രാവശ്യം കൂടുതൽ മുന്നോട്ട്, കൂടുതൽ ആഴത്തിലേക്ക് അങ്ങയിലേക്ക് ,കൂടുതൽ ആഗാധമായി എന്നെ നയിക്കുക.”

അനുതപിക്കുമ്പോൾ ക്രിസ്തുവിന്റെ മഹത്വത്തെക്കുറിച്ച് പുതിയ വെളിപ്പാട് പരിശുദ്ധാത്മാവ് നിങ്ങൾക്ക് നൽകും. അതു നിങ്ങളുടെ ചുറ്റുപാടും ഉള്ളവർക്ക് മറവായിരിക്കുകയുമില്ല.

**കടപ്പാട്: വേൾഡ് ചലഞ്ച്**





**Youth Section**




# PORNOGRAPHY AND SEXUAL TEMPTATIONS

**Sandeep Poonen**

## Question

Right from the day I have given my life to Jesus, my Christian life has been ups and downs. But the biggest problem for me is that I indulge in pornography from time to time. I live victorious for a while, but then start to fall down and stay down for a while before getting up. I have been living this cycle for a while now.

When I get up, I know I repent of my sins sincerely and God gives me the strength to get up every time I fall down. I strongly believe God had started a good work in me, but I am filled with so much guilt that I struggle to approach God because of this sin. I am often filled with grief but I simply cannot overcome. Please help me and counsel me. I am so desperate to get victory over that sin.

## Answer

I am very sorry to hear about your struggle. Thank you for feeling comfortable to share this with me. I know how difficult it must be to have done that – but I am glad you did that. We do not have to live this life by ourselves. This does not mean we tell everybody about our struggles, but at the same time, we do not have to try to do everything on our own.

I know that many men may appear holy or all fine in church on Sunday or when you talk to them. They can seem so full of love for God, but that might be just on the surface. I have found that it is a battle for all men, and that many more Christians are defeated in this area than I first would have thought.

So there is no need to think that we have an exceptional sex drive, or that we are unusually weak and defeated, etc.

And from my experience, I have not found any quick-fix solution that can be applied to this. I do not think that there is one verse that I can point you to, or one truth that I hope will be revealed to you, that will magically solve this problem. I simply do not know of any such thing. So what I would like to do is share some lessons that I have learned through my own battle with sexual lust – and share my current thoughts on this.

### 1. God is completely holy and hates all sin

There is no sin that God winks at and ignores. There are no sins that God excuses more than others. So we must take this sin very seriously.

Additionally, there is an added weight that God places on immorality (1 Corinthians 6:15-20). So we must not take sexual lust and pornography lightly. They are the precursors to more serious sexual sins.

## 2. There is no need to give in to the guilt and shame associated with this sin

There is definitely guilt and ugliness associated with every sin – because that is not what we were created for, and because it cost the Son of God His life to pay for our sins. But with that said, there seems to be an inordinate (excessive) amount of guilt and shame for men as they deal with the sin of sexual lust and pornography.

As a deceiver, the devil paralyzes many Christians simply by the shame and guilt of sin. So as soldiers in God's army, it is critical that we recognize this crafty trick of the enemy. It is imperative to realize that shame and guilt are two virtues that accompany the devil, and are not found at all in God's presence.

Knowing that the deceiver loves to bind us with shame and guilt (if he can't bind us by the sin itself), we must then fight hard against this shame and guilt. Now we do not fight against the guilt and shame of sin by some trick of the brain that simplistically believes that an all-loving God just ignores our sin and forgives it without a cost. No, sin is always and has always been a terrible affront to God. But we approach God with great confidence because of the sacrifice of Jesus on the cross, and the covering that He provides for us.

So we do not fall off one edge of the cliff by thinking that there is no guilt and shame in sin. But we also stay off the other edge of the cliff, by realizing that the immensely great sacrifice of Jesus gives us confidence to enter God's presence.

## 3. Our biggest fight is against an incomplete view of God

Behind every lingering sin is an inaccurate and incomplete view of God. So as we become more and more aware of the crafty deceptions of the devil, we must fight most against the hardest battle – which is the lies that the devil wants us to believe about God.

In this case, I find that the guilt and shame of this sin makes us stay away from God. So we who believe that we are forgiven by God because of the blood of Jesus, nonetheless stay away from God because we somehow think that the blood of Jesus has limitations on its use.

To believe that Jesus only died to forgive us of our sins, but not ***also*** to ***always*** give us full access to the Father in heaven – is to believe in only part of the gospel. If we believe one and not the other, we are then guilty of reducing the truth to a half-truth.

For me, this is where the most radical fight is fought. I find that the fight to *always* go to God (no matter what I've just done) is ***even greater*** than the fight against lust and pornography itself. And I fully mean what I





just wrote. I must radically and violently stand against EVERY THOUGHT that tells me that I do not have full access to the Father through Jesus. I find that this is the biggest fight that I must wage.

Some helpful verses in this regard are:
Hebrews 4:14-16, Romans 8:1, Romans 8:15.

Please take the time to look up these verses and meditate on them. And ask God to open your heart to the truth of what is written there.

## 4. The temptation to sin with sexual lust is constant and relentless

The reason we must learn to always approach God confidently, is that the temptation to sexual lust is perpetual. And we live in cultures and in a time where the temptation is getting harder and harder. The fashions and thinking of this world drive women to reveal even more of their bodies, and to capitalize on the fantasies of the man's mind to induce us to lust. And there's nothing we can do to avoid this completely, unless we decide to live in a monastery. But that is not the solution taught in the Bible. Jesus does not ask to take us out of this world, but to be undefiled by this world.

## 5. A good track record of staying faithful in this area helps but is not everything

The more we stay pure in this fight and say "no" to sexual sin, the easier it becomes to keep saying no. The attacks will never cease, but it is obviously easier to maintain an existing habit of saying "no" to lust, than to have to change our habits from saying "yes" to lust to now saying "no" to lust.

However, a good track record is not everything. I've known of strong Christian men who had been faithful in marriage for decades and then fallen into adultery. I've known of Christian ministers who have stayed pure for years, but then gotten addicted to the habit of pornography.

So, on the one hand we understand the added power of staying faithful in this area. Yet, we do not place any confidence on our track record – no matter how long we've stayed pure.

## 6. God wants us to constantly depend on Him for help

God HAS created a pathway out of sin. I think most Christians would readily believe this. However, most Christians do not want to accept the pathway He has created. They want the pathway out of sin to be a magic pill they swallow, or a supernatural experience they have – and that permanently solves the problem with their sin.

But this is not the pathway that was ever prescribed by God – it is simply our human laziness that assumes that. God's pathway away from sin is by a CONSTANT DEPENDENCE on God for His grace. So it is not a one-time fix, but an all-life-long choice to constantly choosing to reach for His helping hand of grace.

7. **We sin because we do not have grace. We don't have grace because of pride**

Grace is the power of God to overcome sin. Romans 6:14 teaches us this.

And we do not have grace is because we are not humble. 1 Peter 5:5 teaches us this.

These two truths are so simple, but this is all we need to know why we still fall. Now we may think that we are helpless dependent on God, but pride can be so deeply encrusted in our hearts even in areas where we do not realize.

But what do we do – when we sincerely go to God to depend on Him, but there are still layers of pride that keep us from receiving the grace we need to overcome sin?

8. **We do not give up!**

This point also ties in with my point #3 above (about always returning to God). James 1:2-4 tells me that every trial is a testing of my faith (the testing of my dependence on God). And all such tests are so that I grow in endurance and perseverance first of all. Of course, we look forward to victory over sin and even perfection (end of James 1:4). But even as we look forward to that, we must recognize that ***endurance*** and ***perseverance*** is what God is trying to build in us first. Paul taught the same principle in Romans 5:1-5.

This is why I say that we must never give up. We must *keep* getting up even if we are knocked down. And not only do we get up, we relentlessly choose to always return to God. Even if we only feel worthy to be an inferior slave (and not a son), even then we return to God. The story of the Lost Son in Luke 15 underscores this spirit.

9. **The Holy Spirit will faithfully chip away at our pride with His power**

We need not be distressed over the enormous layers of pride that exists within us. To be sure, I don't think any of us have a proper understanding of how proud we really are. I think we all believe we are more humble than we really are. And it is God's mercy that He doesn't completely devastate us with the level of pride we all have.

But we do not need to lose heart. If we keep coming to God, He is faithful to give us His Holy Spirit. And the Holy Spirit works within our hearts to chip away at our pride. Of course it will hurt at times as the pride is pried away, chipped away, or blasted away. But the Holy Spirit is doing the work we want as well – He wants all the encrusted pride to be removed from our hearts. Then He can give us the sufficient grace to help us overcome our sin. And the Holy Spirit is powerful enough to deal with every last bit of our pride.

10. **The Holy Spirit comes not only with power, but also with a





love for Jesus**

We generally think of the Holy Spirit as being full of power and supernatural strength. And that He is. As I've mentioned in the point 9 above, He comes with great power to remove every last bit of pride within us. But that takes time and patience and endurance.

But the Holy Spirit is interested in more than just victory over sin. He wants us to be filled with an all-consuming love for Jesus.

In 1 Timothy 1:7, Paul tells us very clearly that the Holy Spirit is more than just a Spirit of power. He is also the Spirit of love.

*For God has not given us a spirit of timidity, but of power and love and discipline.*

Jesus also tells us in John 16:14 that the Holy Spirit will glorify Jesus.

*He will glorify Me, for He will take of Mine and will disclose it to you.*

The Holy Spirit desires to make Jesus bigger and bigger in our eyes. So the love of the Holy Spirit is a growing love of adoration for Jesus.

Every time, I sin but choose to return to God, the Holy Spirit desires to remind me again and again, about the sacrifice of Jesus that even allows me to enter God's presence. If it were not for the great sacrifice of Jesus, we would not be able to even look at God. So yes, we are deeply sorry for sinning when we return to God, but the Holy Spirit wants to replace that heart of sorrow with a heart of gratefulness and adoration to Jesus.

11. **The Holy Spirit also comes to help us with personal discipline**

Especially with sins that seem to constantly trip us up, I believe that we must embrace this particular asset that the Holy Spirit also brings – as we see in 2 Timothy 1:7.

The discipline of the Holy Spirit is the personal choices that I must make to stay away from sin.

- He asks me to turn off the computer or close the Internet, and I must listen
- He asks me to look away from looking with lust, and I must discipline myself
- He asks me to back away from a friendship that is unhealthy, and I must obey
- He asks me to even pay attention to my eating and sleeping habits, and to change these too

We must recognize that the greatest problem within us, namely our pride, is simply perpetuated and left unmitigated when we choose ***not*** to listen to the Holy Spirit of discipline. We do this by choosing to live our lives our way, look at whatever we want to look, dabble in lust and pornography and think it's no big deal, or even sinning and thinking

that we must stay away from God for a while.

The Holy Spirit comes to build discipline in us – an increasing discipline to stay away from sin, and the relentless discipline to keep returning to God even when we sin.

## 12. God will complete His work in us

This may be hard to believe, but at the end of the day, a life of holiness is not a work that ***we*** must complete, but a work that ***He*** will complete.

The Bible tells me that we are not our own craftsmanship, but ***His*** craftsmanship (Ephesians 2:10). So we are ***HIS*** masterpiece that He is designing and most desires to complete. This is why it is most important that we stick with Him and His work in us.

Also, ***we*** are not asked to complete the work that He began. No, ***He*** will complete the work that He began (Philippians 1:6).

The devil would like us to believe in another kind of God. He'd like us to believe that God has given us a seemingly impossible task, and leaves it to us to somehow make ourselves holy. But this again is the deception of the devil that we fight against.

Finally, as you might know, there is a famous program called "The 12-Step Program" that many addicts follow when they are trying to break their addiction to chemical substances. I know that these steps have helped thousands of people break from their addiction to various kinds of harmful chemical substances (alcohol, nicotine, narcotics, etc), and I am deeply thankful for this program.

Well, I too have written 12 points above, but they are not from that program. However, I look at them as my own personal Bible-centric 12 points (steps) that I see from Scripture.

Also please know that while some Christians may struggle with sins that are considered shameful in today's culture (like pornography, smoking, narcotics, etc), all of us are probably still addicts to ways of thinking or behaving that are un-Christ-like. There could be ways of thinking, speaking or acting that we have adopted from our culture, our family, or our past influences – but that we *know* do not bring honor to Jesus. These could be sins such as a way of speaking, a lack of forgiveness, a critical spirit, etc – things that have been with us for many years, or maybe even decades. If so, these 12 steps above can be leveraged to fight such "addictions" as well. And my desire is to give you my current balanced understanding of God and His heart for us in such struggles that seem to have a deep control over us.

I am a fellow pilgrim like you, trying to discover God's hand and His will for me in the valleys and the mountain tops, and in the dark times and the times of open heaven.

May God help you – and reveal His great love for us in an increasing way.

(please mail your genuine doubts to: **sandeep@poonen.org**)

# ജീവമൊഴികൾ

നാഥാ... നിത്യജീവന്റെ മൊഴികൾ
നിന്റെ പക്കലുണ്ടല്ലോ *(യോഹ 6: 68)*

വാല്യം 8 നവംബർ 2010 ലക്കം 11



**എഡിറ്റോറിയൽ ബോർഡ്**

**ജോജി ടി. സാമുവൽ** (കോട്ടയം)
**ജോസ് മാത്യു** (തിരുവനന്തപുരം)
**മാത്യു ജോർജ്** (തിരുവല്ല)
**ബോബി ചെറിയാൻ** (റാന്നി)
**സാജു ജോസഫ്** (ആലപ്പുഴ)
**മാനേജർ**
**ജേക്കബ് മാത്യു** (കായംകുളം)



**വാർഷിക സംഭാവന**

| | |
|---|---|
| ഇന്ത്യയിൽ | Rs.80/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.500/- |

എം. ഒ./ ഡി. ഡി.
അയയ്ക്കേണ്ട വിലാസം :



**ജീവമൊഴികൾ**
കുമാരനല്ലൂർ പി. ഒ., കോട്ടയം,
കേരള– 686016,
ഫോൺ:0481 – 2392753,
9495234087,9249516234
e-mail : jeevamozhikal@gmail.com
www.jeevamozhikal.org

**വിദേശപ്രതിനിധികൾ**

**U.S.A - Binoy James**
Phone: 512990-2808(R) 512826-5028(O)
Email: benoyjames@hotmail.com
**DUBAI - Shabu Kuruvilla**
Phone: 050-7970839
E-mail: skuruvi@gmail.com


മൊഴിമുത്ത്

## നിങ്ങൾ കടത്തിലാണോ?



എന്റെ സ്വർഗീയ പിതാവിനു ഞാനെന്റെ ശരീരം മുഴുവൻ നൽകാൻ കടപ്പെട്ടിരിക്കുന്നു: എന്റെ നാവ്, എന്റെ കൈകൾ, കാലുകൾ എല്ലാം എല്ലാം. ചില ക്രിസ്ത്യാനികൾ തങ്ങളുടെ നാവിനെ ദൈവത്തിനു നൽകുന്ന കാര്യം പഠിച്ചിട്ടില്ല. കർത്താവിനായി സമർപ്പിക്കപ്പെട്ടിട്ടില്ലാത്ത നാവിനാൽ ദൈവത്തിന്റെ സഭയിൽ ചിലർ ചെയ്യുന്നത് മറ്റുള്ളവരെക്കുറിച്ചു അപവാദം പറയാനാണ്. ദൈവത്തിന് അവകാശപ്പെട്ട നാവിനെ നിങ്ങളുടെ സഹോദരന്റെയും സഹോദരിയുടെയും സ്വഭാവത്തെയും സ്ഥാനത്തെയും ഇടിച്ചു താഴ്ത്തുവാൻ എത്രവട്ടം ഉപയോഗിച്ചു! പ്രിയ സഹോദരാ, നിങ്ങൾ ഇന്നു കടത്തിലാണ്! നിങ്ങൾ അവിടുത്തേക്ക് നിങ്ങളുടെ ശരീരത്തെ മുഴുവനായി നൽകാൻ കടപ്പെട്ടിരിക്കെ അങ്ങനെ ചെയ്തിട്ടില്ലെങ്കിൽ നിങ്ങൾ വലിയ കടത്തിലാണ്.

അലൻ റെഡ്പാത്ത്

## വാസസ്ഥലങ്ങൾ

A **Joyful 'toon** by Mike Waters




എന്റെ പിതാവിന്റെ ഭവനത്തിൽ അനേക വാസസ്ഥലങ്ങൾ ഉണ്ട്....പിന്നേയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും. *(യോഹ. 14:2 –3)*

## The suffering of the Disciple

"Let those who suffer according to the will of God entrust their souls to a faithful Creator in doing what is right" (1 Pet. 4:19)

There is a vast difference between choosing suffering by itself and choosing God's will, even if that involves suffering. No disciple of Jesus ever chooses suffering for its own sake. He chooses God's will as Jesus did, whether that involves suffering or not.

A true disciple will seek to make others strong in God. When people feel sorry for the suffering that we are going through and sympathise with us, they are not helping us, for human sympathy weakens us. If we accept the sympathy of others, we will gradually begin fo feel that God is dealing with us in a hard way. This was why Jesus said that self-pity was of the Devil (Math 16:23). Jesus refused sympathy from men, because He realised that no-one on earth could understand what He was seeking after.

In God's eyes it is not usefulness that is primary. God does not put us in places merely so that we can be useful to Him. And we by ourselves, can never determine which that place should be. God alone knows the best place and the best way for that. So let us leave the choice in all matters to Him.

-**Oswald Chambers**

## *Just a minute*

*ഉറക്കത്തിൽ നിന്ന്*
*ഉണരുവാൻ നാഴിക*
*വന്നിരിക്കുന്നു...*
*രാത്രി കഴിവാറായി*
*പകൽ അടുത്തിരിക്കുന്നു*
*(റോമർ 13:11,12)*



***Pheba Cleetus***